# കവിസഭാരഞ്ജനം

(നാടകം)

ചങ്ങനാശ്ശേരി
രവിവർമ്മ കോയിത്തമ്പുരാൻ

ESTD. 1888

മലയാള മനോരമ

# കവിസഭാരഞ്ജനം

(നാടകം)

ചങ്ങനാശ്ശേരി
രവിവർമ്മ കോയിത്തമ്പുരാൻ

[illegible]
[illegible] ബുക്ക് സ്റ്റാൾ
[illegible]

പ്രസാധകർ

മലയാള മനോരമ, കോട്ടയം

4

രവിവർമ്മ, കോയിത്തമ്പുരാൻ

(Malayalam)

KAVI SABHA RANJANAM

Changanacherry Ravivarma Koyithampuran

First Published: 1893

Reprinted: May 1990

Printed at: C. M. S. Press, Kottayam

Price: Rs. 10/-

Publishers: Malayala Manorama, Kottayam

# മുഖവുര

കഴിഞ്ഞ തലമുറയിലെ പേരെടുത്ത ഒരു പണ്ഡിതനും കവിയുമാണ് ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ (1862–1900). മലയാളത്തിലും സംസ്കൃതത്തിലും ഒന്നുപോലെ കാവ്യരചന നടത്താൻ അസാമാന്യമായ സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇരുഭാഷകളിലുമായി ഇരുപതോളം കാവ്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മഹാകവി ഉള്ളൂരിന്റെ ഗുരുനാഥൻ കൂടിയാണ് തമ്പുരാൻ. മലയാളമനോരമയിലെ കവിതാപംക്തിയിൽ വിഹരിച്ച കവികളിൽ പ്രമുഖനുമാണ്.

തമ്പുരാന്റെ ഭാഷാകൃതികളിൽ അത്യപൂർവ്വമായ ഒന്നാണ് കവിസഭാരഞ്ജനം നാടകം. 1891 നവംബർ 25, 26 തീയതികളിൽ മനോരമയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടന്ന കവിസമാജത്തെ വിഷയീകരിച്ചു വിരചിച്ചതാണിത്. ഈ കൃതിയുടെ സവിശേഷതകളെപ്പററി മഹാകവി ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

''ഒന്നാമത് ആ നാടകം ഇതിഹാസപുരാണങ്ങളെ ആശ്രയിക്കുന്നില്ല. രണ്ടാമത് നാടകീയമായ പ്രതിപാദനത്തിനു വഴങ്ങിക്കൊടുക്കാത്ത ഒരു സാധാരണ സംഭവത്തെ വിഷയീകരിക്കുന്നു. മൂന്നാമത് പദ്യത്തിലും ഗദ്യത്തിലുമുള്ള സംഭാഷണം കഴിവുള്ളിടത്തോളം അതാതു പാത്രങ്ങളുടെ കവിതാരീതിയിൽത്തന്നെ രചിക്കുന്നു. നാലാമത് കവിയും ആ കൂട്ടത്തിൽപ്പെട്ട ഒരു പാത്രമാണ്. അത്തരത്തിലൊരു നാടകം മലയാളത്തിലല്ലാതെ മറെറാരു ഭാഷയിലും ഉണ്ടെന്നു തോന്നുന്നില്ല.''

അത്യന്തം രസാത്മകമായ ഈ വിശിഷ്ട കൃതിയുടെ പ്രഥമ പതിപ്പ് 1893-ൽ മനോരമയിൽനിന്നുതന്നെയാണു പ്രസിദ്ധപ്പെടുത്തിയത്. അതിൻെറ പ്രതികരം ഒന്നുംതന്നെ ഇന്നു ലഭ്യമല്ല. ഈ പരിതഃസ്ഥിതിയിൽ ഇതിനൊരു പുതിയ പതിപ്പുണ്ടാകുന്നത് ഉചിതമായിരിക്കുമെന്നു ഞങ്ങരംക്കു തോന്നി. അങ്ങനെ പ്രസിദ്ധപ്പെടുത്തുന്നതാണ് ഈ രണ്ടാം പതിപ്പ്. ''കവിസഭാരഞ്ജന ഭാഷ്യം'' എന്ന പേരിൽ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഈ നാടകത്തെപ്പററി ഭാഷാപോഷിണി മാസികയിൽ എഴുതിയ ശ്രദ്ധേയമായ പഠനംകൂടി ഇതിൽ ഉദ്ധരിച്ചിട്ടുണ്ട്.

സാഹിത്യകുതുകികരംക്കു പൊതുവിലും മലയാള നാടകസാഹിത്യത്തെപ്പററി ഗവേഷണപഠനങ്ങരം നടത്തുന്നവർക്കു വിശേഷിച്ചും ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്നു ഞങ്ങരം പ്രത്യാശിക്കുന്നു.

കെ. എം. മാത്യു,
ചീഫ് എഡിററർ,
മലയാള മനോരമ.

# കവിസഭാരഞ്ജന ഭാഷ്യം

നാടകങ്ങൾക്കു സുഭിക്ഷമായുള്ള ഇക്കാലത്ത് 'കവിസഭാരഞ്ജനം' മാത്രമേ ഒരു പുതിയ രീതിയിൽ പുറപ്പെട്ടിട്ടുള്ളൂ. ഇതിലെ പ്രതിപാദ്യവസ്തു കഴിഞ്ഞയാണ്ടിൽ കോട്ടയത്തുവച്ചു കവിസമാജം നടത്തിയ സംഗതിയാകുന്നു. ഇങ്ങനെ തൽക്കാലം നടക്കുന്ന സംഗതിയെപ്പററി ഇതുവരെ സംസ്കൃതത്തിലും മലയാളത്തിലും നാടകങ്ങൾ ഉണ്ടാക്കിയതായി കണ്ടിട്ടില്ല. എന്നാൽ ഇംഗ്ലീഷിൽ ഈ മാതിരി നാടകങ്ങൾ ധാരാളമുണ്ട്. Shakespear's Henry VIII കവിയുടെ ജീവിതകാലത്തിനു വളരെ അടുത്തുണ്ടായ ഇംഗ്ലാണ്ട്ചരിത്രത്തിലെ ഒരു കഥയാകുന്നു. കവി നാടകനിർമ്മാണം ചെയ്ത കാലത്തു നാടകത്തിലെ സംഗതികൾ പ്രത്യക്ഷമായി കണ്ട ആളുകൾതന്നെ ജീവിച്ചിരുന്നിരിക്കാം. Milton's Comus-ലെ പാത്രങ്ങൾ ഒക്കെയും തൽക്കാലം ജീവിച്ചിരുന്നവരായിരുന്നു. എന്നാൽ കവി അവരുടെ പേരുകളെ മാററി ഒരു അന്യാപദേശ മാതിരിയാക്കിയാണു തന്റെ നാടകത്തെ ചമച്ചത്. കവിസഭാരഞ്ജനത്തിലെ പാത്രങ്ങളും പ്രേക്ഷകന്മാരും ഒന്നുതന്നെയാകുന്നു. ഇതു കഥയുടെ രസപുഷ്ടിക്ക് ഒരുവിധേന ശൈഥില്യത്തിനു കാരണമായി തീരുന്നു. നാടകത്തിന്റെ ഉദ്ദേശ്യം രംഗസ്ഥന്മാരെ രസിപ്പിക്കയാകുന്നു. അവനവനെ പ്രത്യക്ഷമായി സ്തുതിക്കയോ നിന്ദിക്കയോ ചെയ്യുന്നതു ജനങ്ങൾക്കു ലജ്ജയ്ക്കോ വിരോധത്തിനോ കാരണമായി തീരുന്നു. അതിനാൽ ഈ മാതിരി അവസരങ്ങളിൽ കവിക്കു തന്റെ പാത്രങ്ങളെ സ്തുതിക്കയേ നിർവാഹമുള്ളൂ. അതിനാൽ സ്തുതി മാത്രമായി പറയണമെന്നു നിർബന്ധം വരുമ്പോൾ കവിക്കു സ്വാതന്ത്ര്യമില്ലാതെ വരികയും കഥയ്ക്ക് ഐകരൂപ്യം നിമിത്തം സ്വാരസ്യക്കുറവു സംഭവിക്കയും ചെയ്യുന്നു.

എന്നാൽ മററൊരു വിധേന ഈ സമ്പ്രദായം രസപുഷ്ടിക്കായിട്ടും തീരുന്നു. നാം നടത്തിയ സംഗതികളെ നടൻ നമ്മുടെ മുമ്പിൽത്തന്നെ അഭിനയിച്ചു കാണുമ്പോഠം കിളി മുതലായ തിര്യക്കുകഠം മനുഷ്യഭാഷയെ സംസാരിച്ചുകേഠക്കുമ്പോഠം ഉണ്ടാകുന്നതുപോലെ എന്തോ ഒരു ചമൽക്കാരവിശേഷം നമ്മുടെ മനസ്സിന് ഉണ്ടാകുന്നു. ആകപ്പാടെ അനുഭവപുനർജ്ജീവിനിയായ കഥാഗതിയും സരസഹൃദയംഗമമായ സന്ദർഭവും ഗാംഭീര്യഗർഭിതമായ ലാളിത്യവും എല്ലാം ആലോചിച്ചുനോക്കുമ്പോഠം ഉത്തരരാമചരിത പ്രസന്നരാഘവാദിമഹാകവിനാടകങ്ങളിലെ അന്തർന്നാടകങ്ങളുടെ ഒരു ഛായ സ്വയമേവ നമ്മുടെ സ്മൃതിമാർഗത്തിൽ വന്നിറങ്ങുന്നു.

ഇതിലേ നായകസ്ഥാനത്തു കല്പിക്കേണ്ടതു സ്ഥലത്തുണ്ടായിരുന്ന (Managing Committee) നിർവാഹകസഭയെ മുഴുവനുംകൂടെയാണെങ്കിലും ആദ്യവസാനവേഷങ്ങളായി ഗണിക്കേണ്ടതു സമാജപ്രവർത്തകൻമാരായ നമ്പൂരിപ്പാടിനെയും പത്രാധിപരെയും ആകുന്നു. പ്രധാന നായകന്മാരുടെയും മററു പാത്രങ്ങളുടെയും സ്വഭാവത്തെ പ്രതിപാദിക്കുന്നതിൽ സഹജീവികളെപ്പററിയുള്ള അഭിപ്രായം എത്രത്തോളവും വെളിപ്പെടുത്തിയാൽ കുററകരമാവുകയില്ലയോ അത്രത്തോളവും പ്രകാശിപ്പിച്ചിട്ടുണ്ട്.

''ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ
വരുന്നതെല്ലാമവനെന്നു തോന്നും.''

അതിനാലാണ് നംപൂരിപ്പാട്,

''നന്നായ് വൈകല്യമേകീട്ടുലകിലഴകെഴും
പക്ഷപാതത്തിനോടേ
നന്ദിച്ചീ രാജഹംസോത്തമരുടനുടനി
ന്നത്ര വന്നെത്തിടുന്നു.''

എന്നു സൂത്രധാരൻെറ ശരദ്വർണ്ണനം കേട്ടു ഭ്രമിച്ചു പരിഭ്രമിച്ച്,

''എന്നാൽ മാനിച്ചു വേണ്ടുംവിധമവരവരേ
സ്സൽക്കരിക്കാൻ സഭക്കാ—
രൊന്നിച്ചുന്നിദ്രകൌതൂഹലമവിടവിടെ
ച്ചെന്നുടൻ നിന്നിടേണം.''

എന്ന് അണിയറയിൽ നിന്നു പൂരിപ്പിക്കുന്നത്. കഥയുടെ എടുപ്പ് ഈ മാതിരിയിൽ ചമച്ചതു മാതൃകയായ മുദ്രാരാക്ഷസത്തെക്കാളും വളരെ ഭംഗിയായിരിക്കുന്നു. നിർവാഹകന്മാർ നാലരും സഭ കൂടി മഹാകാര്യങ്ങളെപ്പററി ആലോചനചെയ്യുന്ന മദ്ധ്യേ അങ്ങുമിങ്ങും നമ്പ്യാർ പ്രയോഗിക്കുന്ന (തൻെറ വയസ്സിനും ജാതിക്കും അനുരൂപമായ ''വിശ്രമം'', ''മാലാബന്ധം'' മുതലായ) പൊടിക്കൈകൾക്കു വിലമതിപ്പാൻ ആരാലും പ്രയാസംതന്നെ. സാധാരണക്കാർ എഴുതിയ ചിത്രത്തിൽ ചിത്രമെഴുത്തു കോയിത്തമ്പുരാൻ വല്ല മുക്കിനും മൂലയ്ക്കും തൻെറ തൂലിക കൊണ്ടു തൊട്ടാൽ ആയതിനു പ്രാണപ്രതിഷ്ഠ ചെയ്ത ഫലം വരുന്നതുപോലെ ഇയാളുടെ ജരാപ്രലപിതമാത്രങ്ങളായ മുറിവാചകങ്ങൾ പ്രഥമാങ്കത്തിനു മുഴുവനും ഒരു അസാധാരണ ചമൽക്കാരരൂപമായ ചൈതന്യം കൊടുക്കുന്നു. ഈ വിദൂഷകൻ മിണ്ടാതിരുന്നെങ്കിൽ രംഗസ്ഥന്മാർ ഇടയ്ക്കിടെ ഉറക്കംതൂക്കുമായിരുന്നു. ഒടുവിൽ ദീർഘദർശിയായ മൂസ്സിൻെറ അഭിപ്രായം പ്രമാണിച്ചു വ്യവസായവിദഗ്ദ്ധനായ നമ്പൂരിപ്പാട് കാര്യസിദ്ധിക്കായി തിരുവനന്തപുരത്തേക്കു പുറപ്പെടുന്നതു ധർമ്മപുത്രരുടെ നിശ്ചയപ്രകാരം അർജ്ജുനൻ പാശുപതാസ്ത്രം സാധിക്കാനായി ഹിമാദ്രിയിലേക്കു പോയതുപോലെ അത്യന്തം ഉചിതമായിരിക്കുന്നു.

രണ്ടാമങ്കത്തിൻെറ ആരംഭത്തിൽ കവി നമ്മെ ആപ്പീസുസംബന്ധമായ ജോലി ചെയ്തിയങ്ങുന്ന

പത്രാധിപരുടെ മുൻപിൽ കൊണ്ടുവിടുന്നു. ശങ്കുണ്ണിക്കു ''നേരം പോരാതായ്‌വരുന്ന ഒരോ കവികൾക്കുള വാമോരോവിധമാം മനോധർമ്മം'' ഒന്നും പ്രകൃതാരംഭവിഘ്നശങ്കിയായ അയാളുടെ മനസ്സിനെ വിനോദിപ്പിക്കുന്നില്ല. നാട്ടുവർത്തമാനം അന്വേഷിക്കാൻ അയച്ചിരുന്ന ചരൻ വന്നു 'ശങ്കിതമേവോപനതം' എന്ന മാതിരിയിൽ റിപ്പോർട്ട്‌ചെയ്യുന്ന സമയം 'ഉത്തമഗുണൻ' എങ്കിലും പത്രാധിപൻ ക്ഷണനേരം ഒന്ന് അമ്പരന്നു പോകുന്നു. ഇന്ദ്രജിത്ത് ചെയ്ത മായാസീതാശിരച്ഛേദത്താൽ നിർവിണ്ണനായ ശ്രീരാമചന്ദ്രനെ വിഭീഷണൻ വന്ന് ഉൽബോധനം ചെയ്തതുപോലെ കിംവദന്തിയിൽ വിശ്വസിച്ച വിക്ലബനായ പത്രാധിപരെ ഇന്നീന്നിമൂത്തതു സമയത്തു പ്രവേശിച്ച് ആശ്വസിപ്പിക്കുന്നു.

''കൊച്ചുണ്ണിഭൂപൻ മടിക്കില്ലേ-
യെന്നൊരു ശങ്കയെൻെറ വരവും പിന്നീടമാന്തത്തിലാം''

ഇത്യാദി എഴുത്തിലെ വാചകങ്ങൾ യഥാതഥമായി റിക്കാർട്ടിൽനിന്നും ചേർത്തവയോ എന്നു സന്ദേഹം ജനിപ്പിക്കുന്നു. ആപ്പീസുജോലിയും തീർന്നു സൂക്ഷ്മവർത്തമാനങ്ങളും അറിഞ്ഞു 'മനസ്സിൻെറ വ്യാകുലത' ഒക്കെയും നീങ്ങിയപ്പോൾ അവർ അവിടെവച്ചുതന്നെ ഒരു മുറുക്കിനു വട്ടംകൂട്ടുന്നതു നമ്മുടെ ഇടയിൽ ഉള്ള ലൗകികത്തിനു വളരെ സഹജമാകുന്നു. ജോലികളൊക്കെയും തീർന്നിട്ടു മുറുക്കി വെടിയും പറഞ്ഞിരിക്കുന്ന സ്നേഹിതന്മാർ മണി കേട്ടല്ലാതെ നേരം പോയത് അറിയുന്നില്ല. പത്രാധിപർ വെളിയിൽ നോക്കിയപ്പോഴാണ്,

''തൂകുന്നു കാലകാലൻ തിരുവടി നിടിലക്കണ്ണിലേന്തുന്ന ചെന്തീപ്പാകത്തിൽ ഘോരഘോരാതപമവിരളമായർക്കനത്യുഗ്രഭാവാൽ പോകുന്നു പാന്ഥരെല്ലാം പഥി ചടുലപദന്യാസമോടേ നികാമം കൂകുന്നു പ്രാവുപൂങ്കോഴികളിവ വെെൽകൊണ്ടേന്തിടും ക്ലാന്തിയോടെ''

'തൃകുന്നു' എന്ന ക്രിയകൊണ്ടുള്ള എടുപ്പും സ്വഭാവോക്ത്യലങ്കാരവും സ്രഗ്ദ്ധരാവൃത്തവും മദ്ധ്യമാരഭടീവൃത്തിയും പക്ഷേ മദ്ധ്യമാവതിരാഗവും എല്ലാംകൂടി യോജിച്ചിട്ടുള്ള ഠരം ശ്ലോകം കേട്ടുകൂടുമ്പോരം രംഗസ്ഥന്മാർ തന്നെത്താനറിയാതെ മദ്ധ്യാഹ്നഭ്രമേത്താൽ ചുററും നോക്കിപ്പോകും.

തിരുവനന്തപുരത്താണു പിറേറദ്ദിവസം നേരം വെളുക്കുന്നത്. രംഗസ്ഥന്മാർ കണി കാണുന്നതു 'സിദ്ധാർത്ഥനായ' നംപൂരിപ്പാടിൻെറ പ്രസന്നമായ മുഖവുമാണ്. തിരുവനന്തപുരത്തുനിന്നും സാധാരണ വള്ളങ്ങരം വടക്കോട്ടു പോകുന്നതു രാത്രിയായിരിക്കെ കവി നംപൂരിയെ രാവിലേ പുറപ്പെടുവിച്ചത് അദ്ദേഹത്തിൻെറ യാത്ര അടിയന്തിരത്തിലാണെന്നു സ്പഷ്ടമാക്കുന്നു. എന്നാൽ ഇപ്പൂർവാംഗത്തിൽ പ്രധാനപാത്രമായ നംപൂരിയെ പ്രവേശിപ്പിച്ചതു ശരിയായില്ല. പ്രവേശവിഷ്കംഭാദികളിലേ പാത്രങ്ങരം മദ്ധ്യന്മാരോ നീചന്മാരോ രണ്ടും കലർന്നോ ഇരിക്കണം. അല്ലെങ്കിൽ അംഗത്വത്തിനു ഹാനി വരുന്നു. കല്പാലക്കടവിനെ രംഗമാക്കി വള്ളം ശട്ടംകെട്ടാനയച്ച നംപൂരിയുടെ ശേവക്കാരനേയും രണ്ടോ മൂന്നോ കേവുകാരേയും പ്രവേശിപ്പിക്കുകയായിരുന്നു ഇവിടെ ഉചിതമെന്നു തോന്നുന്നു. രാവിലേ പുറപ്പെട്ട നംപൂരി പിറേറന്നാരം ഉച്ചയ്ക്കു കോട്ടയത്തെത്തി മൂസ്സിനോടു വർത്തമാനമെല്ലാം പറഞ്ഞിട്ടു പകലേ അഞ്ചുമണിക്ക് ഇൻസ്പെക്ടർ, താസീൽദാർ മുതലായവർ ശാല വന്നു കണ്ടു രസിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണു പത്രാധിപരെ കണ്ടെത്തുന്നത്. അവിടെ ചെയ്യാനുള്ള കൃത്യശേഷമെല്ലാം നിവൃത്തിച്ചിട്ടു വടക്കൻകവികളെ പെന്നെതിരേൽക്കാനോ എന്നു തോന്നുമാറ് മുൻസിപ്പുമൊരുമിച്ചു വൈക്കത്തേക്കു പോകുന്നു. പത്രാധിപരും ''വന്ദ്യരാം വസുമതീപാലെർക്കെഴുന്നള്ളുവാൻ തഞ്ചത്തിൽ പലവണ്ടി മഞ്ചലുകളും മററും വരുത്തീടുവാൻ'' ആയി ശ്രമിക്കുന്നു.

ഇതിൻെറശേഷം രണ്ടോ മൂന്നോ ദിവസങ്ങളിലെ നടപടികളെ ഒന്നും കവി നമ്മോടു പറയുന്നില്ല. തിരയെടുക്കുമ്പോ൦ നാം കാണുന്നത് വയക്കര മനെക്കൽ ഊണും ഉറക്കവും കഴിഞ്ഞു മറിയപ്പള്ളിത്തമ്പുരാനുമായി സംസാരിച്ചുകൊണ്ടിരിക്കുന്ന വടക്കൻകവികളെയും മററും ആകുന്നു. പൂർവാംഗത്തിൽ ശങ്കുണ്ണിയും കൃഷ്ണവാര്യരും തമ്മിലുള്ള സംസാരത്തിൽനിന്നും നാം ഊഹിച്ചിരുന്നതുപോലെ ഇവരെല്ലാവരുംകൂടി വണ്ടിയിൽ കയറി നഗരം ചുററിക്കാൺമാൻ പുറപ്പെടുന്നു. ഒടുവിൽ സമാജശാലയും ചെന്നു നോക്കി ആനന്ദിച്ച് ആസന്നമായ സമാജമഹോൽസവത്തെ അനുഭവിക്കുന്നതിനു ത്വരിതഹൃദയന്മാരായി യഥായഥം പിരികയും ചെയ്യുന്നു. വയക്കരവച്ചും സഞ്ചാരിമദ്ധ്യത്തിലും ഇവർക്കുള്ള സല്ലാപങ്ങ൦ എത്രയും അനുഭാവകങ്ങളായിരിക്കുന്നു എന്ന് ഒരുവൻ ജിജ്ഞാസപ്പെടുമെങ്കിൽ അവനോട് ഈ അങ്കം ഒരാവൃത്തി വായിച്ചു നോക്കാൻ ഉപദേശിക്കുകയല്ലാതെ വേറെ ഒരു മാർഗവും കാണിച്ചുകൊടുക്കുന്നതിനു നിർവാഹമില്ല. ഒ൦ സന്ദർഭത്തിൽ കവി തൻെറ കവിതാചാതുരിയെ നന്നായി പ്രദർശിപ്പിച്ചിട്ടുണ്ട്. ശ്ലോകങ്ങളുടെ ഔചിത്യവും രസപുഷ്ടിയും വാങ്മാധുര്യവും അതിശയനീയം തന്നെ. ഇതിനും വിലമതിക്കാൻ ആരാൽ കഴിയും?

''നന്നായുള്ള വഴിക്കു തൻ പ്രജകളേ നിത്യം നടത്തേണ്ട
താ–
ണിന്നാവശ്യകമായ കൃത്യമവനീപാലന്നു മാലെന്നിയേ
എന്നോർത്തിട്ടിഹ മൂലവഞ്ചിനൃവരൻ വെട്ടിച്ചു
പുഷ്ടാദരം
ധന്യശ്രീകലരുന്ന റോട്ടു പലതും ചേണാർന്നു
കാണുന്നിതാ.''

''അളവററ മോദഭരം വളരാതെയിരിക്കുമോ നമുക്കി–
പ്പോ൦
വലിയൊരു പദവിയിലല്ലേ നലമൊടു നാം
വാണിടുന്നതിന്നേരം.''

ഓരോന്ന് ഓരോ കവികളെക്കൊണ്ടു വർണ്ണിപ്പിക്കുക എന്നുള്ള വ്യാജേന അവരവരുടെ കവിതയേക്കുറിച്ചു തനിക്കുള്ള അഭിപ്രായത്തെ പ്രകടനം ചെയ്യുന്നു എന്നുള്ളതു സഹൃദയന്മാരായ വായനക്കാർ എല്ലാവരും അറിയാതെയിരിക്കില്ല. വ്യക്തമായി അതിനെ വിളിച്ചുപറയാതെ വ്യംഗ്യമായി സൂചിപ്പിച്ചത് ഏററവും ഭംഗിയായി എന്നു മാത്രമല്ല കവിയുടെ രസികത്വത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഓരോരുത്തരുടെ ശ്ലോകങ്ങരം അവരവർ ഉണ്ടാക്കി ചൊല്ലുന്നോ എന്നു ശ്രോതാക്കരംക്കു സംശയം ജനിപ്പിക്കുന്നു. അനുകരണം മനുഷ്യന് ഒരു സഹജവാസനയാണ്. യഥാർത്ഥമായി ഒരു സംഗതി നടന്നുകാണുകയും അതിനേത്തന്നെ അനുകരിച്ചു കാണുകയുമായാൽ ആദിയിലത്തേതിലേക്കാരം രണ്ടാമത്തേതിലാണ് ജനങ്ങരം സാധാരണ രസിക്കാറുള്ളതെന്നു നാം നിയമേന കാണുന്നതാകകൊണ്ട് വിസ്തരമാവശ്യമില്ല. പ്രത്യക്ഷത്തിൽ ഒരു കാഴ്ചയെ കാണുന്നതിനെതന്നെ ചിത്രത്തിൽ എഴുതിക്കാണുമ്പോരം അതു കുറേക്കൂടെ ആനന്ദകരമായിരിക്കുന്നില്ലയോ എന്ന് ആലോചിച്ചുനോക്കിയാൽതന്നെ ഒരം സംഗതി സ്പഷ്ടമാകും. ഒരം അനുകരണത്തിന് എത്രയും പരിപൂർത്തി വരുന്നോ അത്രയും അതു രസജനകവും ഹൃദയംഗമവുമായിരിക്കുന്നു. കവി ഒരം സിദ്ധാന്തത്തിൻെറ തത്വം ഗ്രഹിച്ചുകൊണ്ട് അവിടെ കൂടിയിരിക്കുന്ന കവികളുടെ കവിതയെ തൻെറ കവിതയിൽ ഏററവും ശരിയായി അനുകരിച്ചിരിക്കുന്നു.

കുഞ്ഞി

''ഇരുപുറവുമിണങ്ങിത്തിങ്ങിനിൽക്കുന്നൊരോരോ
തരുനിര തണൽ നന്നായിട്ടു നരംകുന്നമൂലം
അരിയൊരു വെയിൽ കൊണ്ടിട്ടുള്ള താപങ്ങരം നീങ്ങി-
പ്പെരിയൊരു പരിതോഷം വന്നുദിക്കുന്നു മേന്മേൽ.''

വെൺമണി

''പാരം പ്രീതികലർന്നിടും പ്രിയസഖന്മാരൊത്തു
സന്നദ്ധരായ്

നേരംപോക്കുകളും പറഞ്ഞു പുതുതായോരോന്നു
കണ്ടങ്ങനെ
സൈ്വരം നല്ല സഞ്ചാരിച്ചെയ്യുമളവിൽ ചേരുന്നൊരാ
നന്ദമി-
പ്പാരിങ്കൽ പരമൊന്നിലും വരികയില്ലെന്നാണി
തെന്നാശയം.''

എന്നാൽ ഒരുത്തനേ അനുകരിക്കുന്നത് അവൻ തന്നെ കാണുന്നതായാൽ അത് അവനു സരസമായിരിക്കയില്ലെന്നുള്ളതു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അങ്ങനെ ഒരു ദോഷം വരരുതെന്നുള്ള കരുതലോടെ കവി തന്നെക്കൂടെയും അവരുടെകൂടെ ചേർത്തു. ഇങ്ങനെ കവിതന്നേ രംഗത്തിൽ പ്രവേശിക്കുന്നതു നാടകസമ്പ്രദായത്തിനു വിരുദ്ധമാണെന്നും ഈ നാട്ടിലുള്ള ആട്ടക്കഥകൾക്ക് ഇതാണ് ഒരു കുററമെന്നുമാണ് എന്റെ സിദ്ധാന്തം. എന്നാൽ പ്രസക്തമായ സ്ഥലത്തു സ്വല്പഭേദമുണ്ട്. കവി തടസ്ഥനായിട്ടല്ല രംഗത്തിൽ പ്രവേശിച്ചിരിക്കുന്നത്. നടന്മാരിൽ ഒരാളായിട്ടാണ്. ഷേക്സ്പിയർ അയാളുടെ നാടകങ്ങളിൽ ചില വൃദ്ധവേഷങ്ങൾ കെട്ടീട്ടുണ്ടെന്നു ചരിത്രങ്ങളിൽ കണ്ടിട്ടുണ്ട്. ഇതു സദസ്യന്മാർക്ക് അതിയായ കൗതുകത്തെ ജനിപ്പിക്കുമെന്നുള്ളതിന് ആക്ഷേപമില്ല. ഇപ്പോൾ കാളിദാസർതന്നെ ശാകുന്തളത്തിൽ ദുഷ്ഷന്തനായി പ്രവേശിക്കുന്നപക്ഷം ആരുതന്നെ അതിനെ കാൺമാൻ കൊതിക്കയില്ല.

ഈ അങ്കത്തിൽ പട്ടണം കാണുക മാത്രമേ കാര്യമുള്ളൂ. കവി ഇത്രയും സരസമായി പറയാതിരുന്നാൽ ഇതു ഭവഭൂതിയുടെ മാലതീമാധവം 9-ാം അങ്കത്തിൽ മാധവന്റെ വിരഹാവസ്ഥയെ വർണിച്ചിരിക്കുന്നതു വായനക്കാരെ എങ്ങനെ മുഷിപ്പിക്കുന്നോ അതുപോലെ സദസ്യന്മാർ ഈ ഭാഗം കാണുമ്പോൾ ഉറക്കം ആകുമായിരുന്നു. ഇപ്പോൾ അവർ കാതും കണ്ണും തുടച്ച് ജാഗരൂകന്മാരായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

അഞ്ചാമങ്കം ആരംഭിക്കുന്നതിനുമുൻപു രണ്ടു ദിവസത്തെ സമാജം നടന്നിരിക്കുന്നു.

''ചേലാർന്ന സൽകവിതകാംതൻ കളവാങ്ങ്മധൂളി-
ലീലാരസത്തൊടു നുകർന്നു നുകർന്നിദാനീം
വേലാതിഗപ്രമദമാർന്ന നമുക്കു രണ്ടു
നാളായി നേരമറിയാതെ കഴിഞ്ഞിടുന്നു.''

എന്നാണ് എരുമത്തൂർനംപൂരി മുതലായ ഭാഷാഭിമാനികാംക്കുള്ള അഭിപ്രായം. എന്നാൽ അടുത്ത ദിവസം സമാജക്കാർക്ക് ഒരു വിരുന്നുകഴിക്കണമെന്നും പേഷ്ക്കാരവർകാം നിശ്ചയിച്ച് ആയതിലേക്കു വട്ടംകൂട്ടുന്നതിനു ചുമതലപ്പെടുത്തിയിരുന്ന രാമൻപിള്ള കൂട്ടാളികാംക്കു സമാജത്തിൽ വന്നു കണ്ടു സന്തോഷിക്കുന്നതിനു ശരിപ്പെട്ടില്ല എങ്കിലും എരുമത്തൂർനംപൂരിയുടെ വർണ്ണന കേട്ടുകൂടുമ്പോാം നേരേ പോയിക്കണ്ട ഫലം തന്നേ വരുന്നുണ്ട്. കവിക്കും ദുർല്ലഘമായും സ്വാച്ഛന്ദ്യപ്രതിബന്ധകമായും ഉള്ള എന്തോ ഒരുപദ്രവം നിമിത്തം സമാജസമാഗമനത്തിനിടയാകാതെ രാമൻപിള്ളയെപ്പോലെതന്നെ ''പരായത്തഃ പ്രീതേഃ കഥമിവ സുഖം വേത്തി പുരുഷഃ'' എന്നും മററും പശ്ചാത്തപിക്കേണ്ടിവന്നത് അന്ത്യന്തം ശോചനീയംതന്നെ. നംപൂരിയും പിള്ളയുംകൂടി നേരേ സമാജശാലയ്ക്കുതന്നെ പോകുന്നു. ഇവർ അവിടെ എത്തുമ്പോഴേക്കു സാമാജികന്മാർ മദ്ധ്യാഹ്നവിശ്രമം കഴിഞ്ഞു രണ്ടാമതും സഭ കൂടുന്നതിനുള്ള അവസരമായിരിക്കുന്നു. ആദ്യാവസാനക്കാററായ പത്രാധിപരും നംപൂരിപ്പാടും സഭ്യന്മാരെ ക്ഷണിച്ചു ശാലയ്ക്കുള്ളിൽ ഇരുത്തുമ്പോാം ഇവരും ശ്രോതാക്കളുടെ കൂട്ടത്തിൽ പോയിരിക്കുന്നു. സഭയുടെ നാളതുസായന്തനകൃത്യങ്ങാം കഴിഞ്ഞു സഭ പിരിയുന്നതോടുകൂടി നാടകവും അവസാനിക്കുന്നു.

ഈ നാടകത്തിൽ അംഗിയായതു വീരരസമാകുന്നു. ദാനവീരം, ദയാവീരം ഇത്യാദി വീരരസത്തിന്

അനേകം ഭേദങ്ങളുള്ളതിൽ ഇതിലേ വീരത്തിന് ആരംഭ വീരമെന്നോ കാര്യവീരമെന്നോ പേർ പറയാം. സമാജം നടത്തുന്ന വിഷയത്തിലുള്ള സ്ഥായി ആയ ഉൽസാഹ മാകുന്നു വീരരസമായി തീരുന്നത്. പത്രാധിപരാകുന്ന ധീരനായകനിൽ വർത്തിക്കുന്നതും സമാജനിർവഹണത്തെ ആലംബിക്കുന്നതും ആയ ഉൽസാഹസ്ഥായീഭാവം മഹാരാജസാഹായ്യാദിവിഭാവങ്ങളാൽ ഉദ്ദീപിതവും ''എരിതീയിലാശു ചാടാം'' ഇത്യാദി വീരവാദങ്ങളാകുന്ന അനുഭവങ്ങളാൽ അവഗാഢീകൃതവും സഭ കൂടി ആലോചന, ''ബെഞ്ചും മേശകളും കസാലകളുമിങ്ങന്യൂന'' ഇത്യാദി സാധനസാമഗ്രി സംപാദിക്കുന്നതിലുള്ള വൈയഗ്ര്യം, ''വിത്തിട്ടന്നു തുടങ്ങി വിഞ്ഞിവളരും'' ഇത്യാദി വിഘ്നങ്ങളിൽനിന്നുള്ള ശങ്ക, ''അററം കൂടാതെ യത്നം പലതും'' ഇത്യാദി ചിന്ത, ''ഇതൊന്നുകൊണ്ടും മററും ശാല അലംകൃതമായി എന്നടിയൻ വിചാരിക്കുന്നില്ല.'' ഇത്യാദി ഔൽസുക്യം ഇങ്ങനെ ഉള്ള വ്യഭിചാരികളാൽ പരിപോഷിതവുമായിട്ടു നമ്പ്യാരുടെ ഫലിതങ്ങളാൽ ഉത്ഥാപിതമായ ഹാസ്യരസം, ആപണശാലാദ്യാലംബിതമായ അദ്ഭുതരസം ഇങ്ങനെ ഉള്ള അംഗങ്ങളാൽ പരിപൂർണതയെ പ്രാപിച്ചു നിഖിലനിബന്ധവ്യാപിയായി തീർന്നു വ്യാഖ്യാതൃശ്രോതൃക്കളുടെ ഹൃദയത്തിൽ ബ്രഹ്മാനന്ദനിർവിശേഷമായ ഒരു നിർവൃതിവിശേഷത്തെ ജനിപ്പിക്കുന്നു. എന്നു ശുഭം.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. എ.

(ഭാഷാപോഷിണി 1068 ധനു. പു: 1. ല: 3).

# പ്രസ്താവന

ഈ നാടകം ഗ്രന്ഥകർത്താവിനാൽ സഭയുടെ പരിശോധനയ്ക്കായി അയച്ചുതരപ്പെട്ടതും പത്രികവക ഉപസംഘക്കാർ പരിശോധിച്ച് ഇരുപത്തഞ്ചു രൂപ സമ്മാനം കൊടുക്കയും സഭവകയായി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് അനുസരിച്ചു സഭവക മൂന്നാംലക്കം പത്രികയുടെ ഒരു ഭാഗമായി പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

കോട്ടയം
68 മകരം

കെ. ഐ. വറുഗീസുമാപ്പിള
ഭാ. പോ. സ. സിക്രട്ടറി

# KAVI-SABHA-RANJANAM

## കവിസഭാരഞ്ജനം

നാടകം

ചങ്ങനാശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ

**രവിവർമ്മകോയിത്തമ്പുരാൻ**

ഉണ്ടാക്കിയത്.

[ഭാഷാപോഷിണീസഭ വക]

**KOTTAYAM.**

PRINTED AT THE "MALAYALA MANORAMA" PRESS

**1893.**

(*Copy Right Reserved*).

# കവിസഭാരഞ്ജനം
## നാടകം

ചൊല്ലേറും വിബുധാളിചേർന്നൊരു സഭാമദ്ധ്യത്തി-
ലിദ്ധാദരം
കല്യശ്രീമണിപീഠസീമനി തെളിഞ്ഞമ്പോടണഞ്ഞങ്ങനേ
ഉല്ലാസത്തൊടു സാരവാക്യമുപദേശിക്കുന്ന സർവ്വജ്ഞനാം
കല്യാണാകൃതി രാജമൌലി കുശലം നിങ്ങൾക്കു
നൾകീടണം 1

നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.

സൂത്രധാരൻ

നന്നല്ലീബ്ഭാഷയേതും നലമൊടു വിബുധന്മാരു
വാഴ്ത്തുംവിധത്തിൽ
കുന്നിക്കും ഭംഗിതേടും പലപുതിയ പരിഷ്കാരവും
ചേർത്തിടേണം
എന്നെല്ലാമോതി നന്നായ് സഖികളുടനലങ്കാരമോരോന്നു
ചേർക്കും
കുന്നിൻപെൺപൈതലാംതന്നുടെ കുളുർപുതുമൈ
പേർത്തുമിന്നോർത്തിടേണം 2

തൊഴുതുപിടിച്ചുകൊണ്ട്

ഓമൽസൽക്കീർത്തിയാകും നറുമലർനികരംതൂകി
ലോകത്തിനെല്ലാ
മാമോദം നൾകി മാൾകാതഭിമതഫലവും ചേർത്തു
പാർത്തട്ടിലെന്നും
ഈ മൂലക്ഷ്മാപകല്പക്ഷിതിരുഹമപരിക്ഷീണയാം
ശാഖയോടും
കാമം വർദ്ധിച്ചുനില്പാൻ തിരുവുളമനിശം ചേർക്കണേ
പദ്മനാഭാ 3

മുൻവശത്തു നോക്കി സന്തോഷത്തോടുകൂടി

കുന്നിച്ച കൌതുകമൊടിക്കവിവീരരെല്ലാ
മൊന്നിച്ചുചേർന്നിവിടെ വന്നതുകാരണത്താൽ
ഇന്നച്ചുകൂടി കുടിയേറെ വിളങ്ങിടുന്നു
നന്നിച്ഛപോലെ മമ കാമമുടൻ നടത്താം 4

സഭാവാസികളെ നല്ലവണ്ണം നോക്കീട്ട്

മഹാനുഭാവന്മാരായ ഈ സദസ്യന്മാരുടെ മുൻപിൽ വല്ലതും പ്രയോഗിച്ചാൽ കൊള്ളാമെന്നു എനിക്ക് ആഗ്രഹമുണ്ട്. എങ്കിലും എന്റെ മനസ്സിനു ധൈര്യം തോന്നുന്നില്ല. എന്നാലും ഈ വേഷം കെട്ടിയിരിക്കുന്ന സ്ഥിതിക്കു ഇനി മടിച്ചാലാകയില്ലല്ലൊ.

അണിയറയ്ക്കുനേരേ നോക്കിക്കൊണ്ട്

ആര്യേ ഇങ്ങോട്ടുവരിക.

നടി പ്രവേശിച്ചിട്ട്

എന്താണ് ഞാൻ ചെയ്യേണ്ടത്.

സൂത്രധാരൻ

മറെറന്താണിവിടെ ചെയ്വാനുള്ളത്. ഈ കവിസമാജത്തെ കണ്ടില്ലയൊ.

വമ്പേറും കോടിലിംഗേശ്വരകുലമണിയാം കുഞ്ഞുകുട്ട—
ക്ഷിതീശൻ
മുമ്പായിടുന്നൊരോരോ കവികളിവിടെ വന്നെത്തിടു—
ന്നത്തലെന്യേ
കമ്പംകൈവിട്ടു നന്നായഭിനയമിനി നാമൊന്നു
കാട്ടീട്ടിവർക്കി
ന്നമ്പിൽ സമ്പ്രീതി ചേർപ്പാനഴകിനൊടു തുടങ്ങേണ—
മിങ്ങേണനേത്രേ 5

നടി

ഈ സമാജത്തിലുള്ളവർ സകലശാസ്ത്രജ്ഞന്മാരും മഹാകവികളുമാണല്ലൊ. ഇവർക്കു രസിക്കത്തക്കവണ്ണമുള്ള നാട്യപ്രയോഗത്തെ എങ്ങനെ നിർവഹിക്കുന്നു എന്നാണെനിക്കു ശങ്ക.

സൂത്രധാരൻ

അതിനെക്കുറിച്ചു ശങ്കിക്കേണ്ട.

മെത്തും വിനീതിയൊടു ചെയ്വതശേഷമിങ്ങു
വിദ്വജ്ജനത്തിനു പരം പരിതോഷമേകും
ഉത്തുംഗഗർവ്വമൊടു ചെയ്വതു ചാരുഗാത്രീ
സത്തെങ്കിലും സദസി നിന്ദ്യമതായ്—
ഭവിക്കും 6

അതുകൊണ്ടു വിനയപുരസ്സരമായി നാം തുടങ്ങുന്ന ഈ പ്രയോഗം ഇവർക്കു സന്തോഷകരമായിത്തന്നെ തീരും.

നടി

ശരിതന്നെ. എന്നാൽ ഇവിടെ അഭിനയിക്കുന്നതിനുചിതമായിട്ടുള്ളത് ഏതു നാടകമാണ്.

സൂത്രധാരൻ വിചാരം

കഥാചാതുര്യവും കവിതാമാധുര്യവും മററും ഇല്ലെങ്കിലും പ്രകൃതത്തിനു ചേർന്നതാകകൊണ്ട് ഇതുതന്നെ ആകട്ടെ.

പ്രകാശം

കവിസഭാരഞ്ജനം എന്നു പേരായ ഒരു പുതിയ നാടകം ഇന്നു നമ്മുടെ കൈവശം കിട്ടീട്ടുണ്ടല്ലൊ. അത് ആടുന്നതാണ് ഇവിടെ യോഗ്യമെന്നു തോന്നുന്നു.

നടി

ഓ ശരി തന്നെ, അതു കൊള്ളാം. ഈ നാടകം ഇതിനു മുമ്പു കണ്ടിട്ടില്ലാത്തതും ഈ സമാജത്തെക്കുറിച്ചു വർണ്ണിക്കുന്നതും ആകകൊണ്ട് സഭാനായകന്മാർക്കു രസിക്കാതിരിക്കയില്ല. എന്നാൽ ഏതൃതുവിനെ വർണ്ണിച്ചാണ് പാടേണ്ടത്.

സൂത്രധാരൻ

ഈ ശരദൃതുവിനെത്തന്നെ വർണ്ണിക്കണമെന്നല്ലേ ഇപ്പോൾ ഇവർ നിയോഗിച്ചിരിക്കുന്നത്. അതുകൊണ്ട്,

പാലൂററും പുതുപൂനിലാവുമിളതാം കാററും
മണംചേർന്ന നൽ
പാലപ്പൂംകുലയും മദിച്ച കളഹംസത്തിൻകളിക്കൊഞ്ചലും
മാലററുള്ളു തെളിഞ്ഞിടുന്ന ജലവും ചേരുന്നതാമീശ്ശരൽ
കാലത്തേക്കമെലായതാക്ഷി സരസം വർണ്ണിച്ചു പാടീടുക 7

നടി

അങ്ങനെതന്നെ.

എന്നു പാടുന്നു

നന്നായ് വൈമല്യമേകീട്ടുലകിലഴകെഴും പക്ഷപാത-
ത്തിനോടേ
നന്ദിച്ചീ രാജഹംസോത്തമരുടനുടനിന്നത്ര വന്നെത്തിടുന്നു
അണിയറയിൽ പരിഭ്രമത്തോടുകൂടി

എന്നാൽ മാനിച്ചു വേണ്ടുംവിധമപരരെസ്സൽക്കരിക്കാൻ സഭക്കാ–
രൊന്നിച്ചുന്നിദ്രകൌതൂഹലമവിടവിടെച്ചെന്നുടൻ നിന്നിടേണം 8

സൂത്രധാരൻ — കേട്ടിട്ട്

ഓ ഈ പാട്ടു കേട്ട് കവിസഭക്കായി രാജാക്കന്മാരു വരുന്നു എന്നു ശങ്കിച്ച് കുമാരമംഗലത്തു നീലകണ്ഠൻനംപൂരിപ്പാട് സഭക്കാരോടു പറയുന്നതാണു കേൾക്കുന്നത്. നമുക്കും ഇനി വേണ്ട കാര്യം നടത്താൻപോകതന്നെ.

എന്ന് രണ്ടാളും പോയി

## പ്രസ്താവന

അനന്തരം അധികമായ ഉത്സാഹത്തോടും സന്തോഷത്തോടും പരിഭ്രമത്തോടുംകൂടി നീലകണ്ഠൻ നംപൂരിപ്പാട് പ്രവേശിക്കുന്നു

നംപൂരി

ഇന്നെല്ലാക്കവിവീരരും കനിവിനോടിക്കോട്ടയത്തെത്തിടും
നന്നുല്ലാസമൊടേ സഭക്കുചിതമായൊക്കെ പ്രസംഗിച്ചിടും
പിന്നെല്ലാവിധവും പരിഷ്കൃതികളാലിബ്ഭാഷയും ഭാഷയാ–
മെന്നെല്ലാം നിരുപിച്ചുകൊണ്ടു കുതുകാൽ തുള്ളുന്നിതുള്ളിന്നു മേ 9

രാജാക്കന്മാരു വന്നുതുടങ്ങിയെന്നു തോന്നുന്നു. അവരെ സൽക്കരിക്കാൻ പത്രാധിപരും മററും സന്നദ്ധരായിരിക്കാൻ പറകതന്നെ.

എന്നു ചുററിനടക്കുന്നു

അനന്തരം പത്രാധിപരും വിലപട്ടത്തു രാഘവൻനമ്പ്യാരും പ്രവേശിക്കുന്നു

പത്രാധിപർ

ഒട്ടേറെദ്ദിനമായി ഞാൻ പലവിധം ചെയ്തുള്ളൊരീയത്നവും
പുഷ്ടാമോദമൊടിസ്സഭാധിപതികൾക്കുണ്ടായൊരുത്സാഹവും
ചട്ടററീടിന ഭംഗിയോടെയിവിടെക്കെട്ടീടുമിശ്ശാലയും
കഷ്ടംകഷ്ടമിതൊക്കെയും വിഫലമായ്വന്നീടുമോ ദൈവമേ 10

നമ്പ്യാർ

നല്ല വിഷയത്തിലുള്ള ഉദ്യമം ഒരിക്കലും ഫലിക്കാതിരിക്കയില്ല. 'യാന്തി ന്യായപ്രവൃത്തസ്യ തിര്യഞ്ചോപി സഹായതാം' എന്നുണ്ടല്ലൊ. അതുകൊണ്ടു സജ്ജനങ്ങൾ കഴിയുന്നതും സഹായിക്കും.

പത്രാധിപർ

ആശാൻ പറയുന്നതു ശരിയാണ്. എന്നാൽ എന്റെ മനസ്സിന് ഇതുകൊണ്ടു മാത്രം സമാധാനമുണ്ടാകുന്നില്ല. ഈ വിവരം നമ്മുടെ നംപൂരിപ്പാട്ടിലെ അടുക്കൽകൂടി അറിയിച്ച് അവിടുന്നു നിശ്ചയിക്കുന്നതുപോലെ ചെയ്യുന്നതല്ലേ നല്ലത്.

നമ്പ്യാർ — നോക്കീട്ട്

ഇതാ നംപൂരിപ്പാട് ഇങ്ങോട്ടുതന്നെ വരുന്നു.

എല്ലാവരും തങ്ങളിൽ കണ്ടതായി നടിച്ചിട്ട് ആചാരോപചാരങ്ങൾ ചെയ്യുന്നു.

പത്രാധിപർ

ഈ സമയം ഇവിടെ എഴുന്നള്ളിയതു വളരെ സന്തോഷമായി.

നമ്പ്യാർ

ഞങ്ങൾ വിചാരിച്ചപ്പോഴേക്കും ഇവിടെ എഴുന്നള്ളിയതു നോക്കുമ്പോൾ അവിടുത്തേക്കു ദിവ്യദൃഷ്ടി ഉണ്ടെന്നു തോന്നുന്നു.

നംപൂരി

മനസ്സിന്റെ ഐകമത്യമാണ് ഇതിനു കാരണം.

പത്രാധിപർ

കുറച്ചുനേരം ഈ കസാലയിൽ എഴുന്നള്ളിയിരുന്ന് വിശ്രമിക്കയെല്ലെ.

എല്ലാവരും ഇരിക്കുന്നു.

നംപൂരി

നമ്മൾ ഇങ്ങനെ വിശ്രമിച്ചുകൊണ്ടിരുന്നാൽ മതിയോ. കൊടുങ്ങല്ലൂർ രാജാക്കന്മാരും മററും വന്നുതുടങ്ങി എന്നല്ലെ കേട്ടത്.

പത്രാധിപർ

അഷ്ടമി കഴിഞ്ഞു വരാമെന്നാണല്ലൊ എല്ലാവരും എഴുതി അയച്ചിട്ടുള്ളത്. അതിനു ഏഴെട്ടു ദിവസത്തെ താമസവും ഉണ്ട്. പിന്നെ എന്താണിങ്ങനെ കല്പിക്കുന്നത്.

നംപൂരി

ഓ ഈ ശരദൃതുവർണ്ണന കേട്ട് ഞാൻ അർത്ഥം മാറി ധരിച്ചുപോയതാണ്. ശരി തന്നെ. വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഭാഷാപരിഷ്കാരപ്രവർത്തനത്തിനു ഇപ്പോഠം സംഗതിയാകുമെന്നുള്ള സന്തോഷാതിശയംകൊണ്ടും കേരളവാസികളായ എല്ലാ കവികളേയും ഒരുമിച്ചു സംഭാവനം ചെയ്‌വാനുള്ള ഔത്സുക്യം കൊണ്ടും മനസ്സിനാകപ്പാടെ ഒരു പരിഭ്രമമാണ്. ഇനി ചെയ്യേണ്ട ഏർപ്പാടുകഠം എന്തെല്ലാമാണെന്ന് സാവധാനത്തിൽ ഇരുന്ന് ആലോചിക്കാം.

നമ്പ്യാർ

ചെയ്തെടത്തോളമുള്ള ഏർപ്പാടുകളെ വേണ്ടേന്നു വെയ്ക്കാനുള്ള വഴിയാണ് ഇനി വേഗത്തിൽ ആലോചിക്കേണ്ടത്.

നംപൂരി

ശങ്കയോടുകൂടി പത്രാധിപരുടെ നേരെ നോക്കി മുഖവൈവർണ്ണ്യത്തെ കണ്ടിട്ട്.

തിങ്ങും മുദാ തെളിവുപൂണ്ട ഭവന്മുഖാബ്ജം
മങ്ങുന്നതിന്നു ബത കാരണമെന്തിദാനീം
ഭംഗംവരാതിവിടെ നമ്മുടെ നൽസമാജം
ഭംഗ്യാ നടത്തുവതിനുള്ളൊരു ശങ്കകൊണ്ടോ 11

അങ്ങനെ ശങ്കിക്കേണ്ട. നല്ലവണ്ണം ഉത്സാഹിച്ചു പ്രവർത്തിച്ചാൽ ഒന്നും ദുസ്സാധമായി വരികയില്ലെന്നാണ് എൻെറ വിശ്വാസം. മഹാമനസ്കന്മാരായ സഭ്യന്മാർ സ്വല്പമായ നമ്മുടെ ഉപചാരത്തെയും നിശ്ചയമായി കൊണ്ടാടും. അതുകൊണ്ടു കർത്തവ്യവിഷയത്തിൽ ഒട്ടും ഉദാസീനത വന്നുപോകരുത്.

പത്രാധിപർ

തിരുമനസ്സിലേയും മററും സാമർത്ഥ്യവിശേഷം കൊണ്ട് സാമാജികന്മാരെ ആദരിക്കുന്നതിലും ഉപചരിക്കുന്നതിലും യാതൊരു ന്യൂനതയും ഉണ്ടാകയില്ലെന്നു അടിയനു നല്ല ഉറപ്പുണ്ട്. അതിനെക്കുറിച്ചല്ല വിചാരം. ഈ വരുന്ന സാമാജികന്മാർക്കും ഇതിൻെറ പ്രവർത്തകന്മാരായ നമ്മഠക്കും വളരെ ഉത്സാഹഭംഗത്തെ ജനിപ്പിക്കുന്ന ഒരു സംഗതി ഉണ്ടായിരിക്കുന്നു.

നംപൂരി

അതെന്തായിരിക്കാം. ചോദിക്കതന്നെ.

വിചാരം

പ്രകാശം

ചട്ടററീടുന്ന വഞ്ചിക്ഷിതിപതി കരുണാശീലനാം
മൂലഭൂപൻ
പുഷ്ടപ്രീത്യാ വിശേഷാൽ പലതുമിതിനു
സാഹായ്യമേകുന്നമൂലം
ഒട്ടുക്കിക്കേരളത്തിൽ പുകഠംപെരുകിയൊരീ
നൽസദസ്സിന്നിദാനീം
കഷ്ടം ചെററിഷ്ടഭംഗം വരുവതിനു പുനർ
ബന്ധമെന്തായിരിക്കും! 12

നമ്പ്യാർ

ഇവിടെ മാലാബന്ധമെന്നേ പറയാനുള്ളു.

നംപൂരി

ആശാനു എല്ലാത്തിനും വികടമായിട്ടുള്ള ഉത്തരം തോന്നിക്കൊള്ളും.

പത്രാധിപർ

അറിയിക്കാം. ഈ സഭയുടെ നേതാവും സകലകവിസാർവഭൌമനും സർവവിദ്യാവിചക്ഷണനും വിശ്വവിശ്രുതനുമായ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു മുൻ നിശ്ചയിച്ചപ്രകാരം അഗ്രാസനാധിപത്യം വഹിക്കുന്നതിനു തൽക്കാലം സൌകര്യമില്ലെന്നും മററും തിരുവെഴുത്തു വന്നിരിക്കുന്നു. ഈ വർത്തമാനം അറിഞ്ഞാൽ കൊച്ചുണ്ണിത്തമ്പുരാൻ മുതലായ മഹാകവികഠംക്ക് ഉദാസീനത ജനിക്കുമെന്നു മാത്രമല്ല അവർ വരുന്നതിനുകൂടി മടിക്കും. ഇങ്ങനെ ആയാൽ ആരംഭകാലം മുതൽ ഇതേവരെയും സർവപ്രകാരേണ യഥോചിതമായ ഉപചയത്തെ പ്രാപിച്ചിരുന്ന ഈ സഭയും ക്ഷീണസ്ഥിതിയെ അവലംബിക്കുമല്ലൊ. ഇതാണ് വൈക്ളബ്യകാരണം.

നംപൂരി കുറച്ചു നേരം വിചാരിച്ചു
കൊണ്ടിരുന്നിട്ട്.

കഷ്ടം. വിചാരിക്കാതെ ഓരോ കാര്യങ്ങഠംക്ക് എന്തെല്ലാം പ്രതിബന്ധങ്ങഠം വന്നുകൂടുന്നു.

വിത്തിട്ടന്നുതുടങ്ങി വിങ്ങിവളരും നാട്ടാർ രസത്തോടു ചേർ
ന്നോർത്തിട്ടുള്ള കവീന്ദ്രർതൻതിരുവളം നന്നായി
മേളിക്കയാൽ
പത്രത്തിൽ പുതുഭംഗി തിങ്ങിവിലസീടുന്നീ
സ്സഭാവല്ലിയും
സത്താമിപ്ഫലകാലമായസമയത്തീ മട്ടിലായ് തീർന്നിതോ 13

അവിടുന്നു വരാത്ത പക്ഷം പിന്നെ എന്തു സഭയാണ്.

പാരാവാരത്തിനൊക്കുമ്പടി നിരുപമഗാംഭീര്യമസ്സർവവിദ്യാ
സാരാസാരം ഗ്രഹിച്ചീടിന വിപുലമതിപ്രൌഢി നൽ
സാധുശീലം
പാരാകെത്തിങ്ങിവിങ്ങുംപുകളിവ കലരും വഞ്ചിരാജ്ഞീ
മണാളൻ
ചേരാതുള്ളീസ്സമാജത്തിനുചെറുതുമുദിച്ചീടുമോ
ചാരിതാർത്ഥ്യം 14

എത്രമാത്രം പ്രയത്നപ്പെട്ടും അവിടുത്തെ വരുത്തുന്നതിനുതന്നെ ശ്രമിച്ചുനോക്കണം.

പത്രാധിപർ

കഴിയുന്നതും ശ്രമിക്കണമെന്നുതന്നെയാണ് അടിയൻെറയും ആഗ്രഹം.

നമ്പ്യാർ

പത്രാധിപരുതന്നെയല്ലെ ഇപ്പോഠം നംപൂരിപ്പാട്ടിലെ അടുക്കൽ വിശ്രമിക്കണമെന്നു പറഞ്ഞത്. ഉടനെതന്നെ ശ്രമിക്കണമെന്നു പറയാമൊ.

പത്രാധിപർ

ആശാൻെറ ഈ വക നേരംപോക്കുകളാണ് അടിയനുണ്ടാകുന്ന വ്യസനത്തിൻെറ ശക്തിയെ ഒരുവിധം നിരാകരിച്ചുകൊണ്ടിരിക്കുന്നത്.

നംപൂരി

ആട്ടെ. ഇനി എന്താണു വേണ്ടത്.

പത്രാധിപർ

ഉപായനിധിയായിടും കവിസമാജമാനേജരാം
നൃപാലകർക്കുലാവതംസമണിയോടു ചേർന്നിന്നു നാം
അപാരഗുണമാർന്നിടും മഹിതവഞ്ചിരാജ്ഞിപ്രിയൻ
കൃപാകണികയേകുവാൻ വഴിയതൊന്നു ചിന്തിക്കണം 15

നംപൂരി

അങ്ങനെ തന്നെ.

പത്രാധിപർ

ആരാണവിടെ.

ഒരു ശേവക്കാരൻ പ്രവേശിച്ച്

സത്തനായ് നിധിയിരിക്കൽ വാണിടും
കത്തനാരവർകൾ വന്നിടുന്നിതാ

പത്രാധിപർ പരിഭ്രമത്തോടെ എഴുന്നേററിട്ട്

ഓ എന്നാൽ,

ഉത്തമാദരമൊടൊത്തു വേണ്ടപോ
ലത്രയെത്തിയെതിരേററിടാമഹം 16

താൻ പോയി മറിയപ്പള്ളിത്തമ്പുരാൻ ഒരാലോചനെക്കായി സഭയിലേക്കു എഴുന്നള്ളിയാൽ കൊള്ളാമെന്നു അറിയിക്കു.

ശേവക്കാരനെ പറഞ്ഞയച്ചിട്ട് വെളിയിൽ ചെന്ന് കത്തനാരെ എതിരേററു മുമ്പിൽ നടത്തിക്കൊണ്ടു പ്രവേശിച്ച് യഥായോഗ്യം എല്ലാവരും ഇരിക്കുന്നു.

നംപൂരി

ഞങ്ങൾ ഇവിടെ ഒരു വലിയ ആലോചനയിൽ ഇരിക്കയാണ്. ഇപ്പോൾ നിങ്ങൾ കൂടി വന്നതു വളരെ നന്നായി.

കത്തനാർ

ആലോചനാവിഷയം മനസ്സിലായി. ഇനി ഇതിൻെറ നിവൃത്തിക്കുള്ള വഴിയാണു നമുക്കു നോക്കേണ്ടത്.

പത്രാധിപർ

മറിയപ്പള്ളിത്തമ്പുരാൻ കൂടെ എഴുന്നള്ളട്ടെ. അവിടുത്തെ അടുക്കൽ ഒരാളയച്ചിട്ടുണ്ട്.

കത്തനാർ

അവിടുന്നു ഈ കാര്യത്തിൽ വളരെ ഉത്സാഹമുള്ള ആളാണ്.

പത്രാധിപർ

ഇപ്പോൾ ഈ സമാജത്തിലേക്കു സർക്കാരിൽനിന്നുകൂടി സഹായം ചെയ്യണമെന്നു കല്പനയുണ്ടായിട്ടുള്ളതുകൊണ്ടും മററും അവിടുന്നു നന്നെ സന്തോഷിച്ചിരിക്കയാണ്. ഈ വർത്തമാനം കേട്ടാൽ കഠിനമായി വ്യസനിക്കും.

കത്തനാർ

ആശാൻ ഈ ദിക്കിലുള്ള ഭാഷാകവികൾക്കു ഒരു മാർഗ്ഗദർശിയാകകൊണ്ടു ഇതിനെ ശരിയായി നിർവഹിക്കേണ്ട ചുമതല ആശാനു തന്നെയാണ്.

നമ്പ്യാർ

മാർഗ്ഗദർശിക്കു വഴി കാണിക്കേണ്ട ചുമതലയേ ഉള്ളല്ലൊ. കവികളെ വരുത്താനുള്ള വഴി ഈ തെക്കുവടക്കുള്ള റോട്ടുതന്നെ.

നംപൂരി

വണ്ടിയുടെ ശബ്ദം കേൾക്കുന്നുണ്ട്. അവിടുത്തെ വരവാണെന്നു തോന്നുന്നു.

അനന്തരം മറിയപ്പള്ളിൽ വലിയതമ്പുരാൻ പ്രവേശിക്കുന്നു.

തമ്പുരാൻ ഉത്സാഹത്തോടുകൂടി

മാഹാഭാഗ്യവിലാസമന്ദിരമതാം ശ്രീമൂലഭൂപാലകൻ
സാഹായ്യം കനിവോടു വേണ്ടവിധമായ്ചെയ്യുന്നകൊ
ണ്ടെത്രയും
മാഹാത്മ്യം പെരുകീടുമിസ്സഭ കൊഴുത്തീടും ദൃഢം
നന്ദിയോ
ടാഹാ നന്നിനി വേണ്ടതിന്നു ഗിരിജാകാരുണ്യമൊ
ന്നാണു മേ 17

സർവേശ്വരിയുടെ കാരുണ്യവും ഉണ്ടാകാതിരിക്കയില്ല. എന്തെന്നാൽ ശബ്ദബ്രഹ്മരൂപിണിയായ ആ ദേവിക്കു ഇതും ഒരു മാതിരി ആരാധന തന്നെ ആണല്ലൊ.

വിചാരം

സഭെക്കു വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. ഇനി എന്തൊന്നാണ് ആലോചിപ്പാനുള്ളത്. നീലകണ്ഠൻനംപൂരിയും വന്നിട്ടുണ്ടെന്നാണല്ലൊ കേട്ടത്. തക്കതായ കാര്യമുണ്ടായിരിക്കണം. ചെല്ലുകതന്നെ.

വണ്ടിയിൽനിന്നിറങ്ങിച്ചെല്ലുന്നു.

എല്ലാവരും തങ്ങളിൽ കണ്ട് യഥോചിതം സൽക്കരിച്ച്
ആസനങ്ങളിൽ ഇരിക്കുന്നു.

നംപൂരി

ഈ വർത്തമാനം കേട്ടില്ലേ. വലിയകോയിത്തമ്പുരാനു സഭെക്കു വരുന്നതിനു തരമില്ലെന്നും മററും എഴുത്തു കിട്ടിയിരിക്കുന്നു.

തമ്പുരാൻ ഉത്സാഹഭംഗം നടിക്കുന്നു.

പത്രാധിപർ

അവിടുത്തെ ഈ സമാജത്തിൽ എഴുന്നള്ളിക്കുന്നതിനു വല്ല ഉപായവും ആലോചിച്ചു കല്പിക്കണം.

തമ്പുരാൻ

നിങ്ങരം എല്ലാവരും ഇരിക്കുമ്പോരം ഞാൻ എന്താണ് അഭി
പ്രായം പറയേണ്ടത്.

പലപല വിഷയത്തിൽ ജ്ഞാനമാലോചനെക്കായ്
ബലമുടയൊരു ബുദ്ധിപ്രൗഢിയെന്നുള്ളതെല്ലാം
നലമൊടു വിലസുന്നിക്കത്തനാരിങ്ങിരിക്കു
ന്നളവിലപരനാരാണിന്നഭിപ്രായമോതാൻ 18

അതുകൊണ്ടു കത്തനാരുതന്നെ അഭിപ്രായം പറയട്ടെ. പോരെങ്കിൽ ആശാനുമുണ്ടല്ലൊ.

കത്തനാർ ആലോചിച്ചിട്ട്

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു പത്രാധിപരിങ്ങനെയൊരു കമ്പിയയയ്ക്കുന്നതു കൊള്ളാം.

ഇന്നിക്കേരളവാസികരംക്കധികമായ്സന്താപമുണ്ടായിടും
പിന്നെപ്പേർത്തടിയത്തിനും ബഹുവിധംമാനത്തിനൂനംവരും
എന്നെല്ലാം പല ദോഷമുണ്ടിവിടെഴുന്നെള്ളാതിരുന്നീടിലെ
ന്നൊന്നല്പം കൃപവെച്ചുകൊണ്ടു സഭയെക്കല്പിച്ചു
രക്ഷിക്കണം 19

കരുണാനിധിയായ അവിടുന്ന് ഇതിനെ അംഗീകരിക്കാതെ ഇരിക്കുകയില്ല. അതല്ലേ നല്ലത്.

നംപൂരി

ഇതുതന്നെയാണ് കൊള്ളാവുന്നത്.

നമ്പ്യാർ

കമ്പിപോലെ ഇത്ര എളുപ്പം വേറെ ഒന്നിനുമില്ലല്ലൊ.

പത്രാധിപർ

ഒരം സഭയുടെ ഭാരവാഹിയും ബുദ്ധിമാന്മാരിലദ്വിതീയനുമായ വയക്കരത്തിരുമനസ്സിലെ അഭിപ്രായംകൂടി അറിഞ്ഞു ചെയ്യുന്നതാണ് നല്ലത്. അവിടുന്ന് ആലോചിച്ചു ചെയ്യുന്ന കാര്യത്തിൽ ഒരിക്കലും തെററു വരികയില്ല.

കത്തനാർ

അതുതന്നെ നല്ലത്.

നംപൂരി

അദ്ദേഹം സുഖക്കേടു നിമിത്തം ഇന്നു സഭയ്ക്കു വരികയില്ലെന്നല്ലെ കേട്ടത്.

പത്രാധിപർ

അടിയൻ വിവരം കാണിച്ച് ഒരു എഴുത്തയച്ചു മറുപടി വരുത്താം.

എന്നു പറഞ്ഞ് അകത്തേക്കു പോയി.

തമ്പുരാൻ

ഇദ്ദേഹം ഭാരവാഹിയായിത്തീർന്നത് ഠരം സഭയുടെ ഭാഗ്യം തന്നെ. ഇങ്ങനെ ഒരു ആളെ കാണുകയില്ല.

ഉന്നിച്ചീടുന്ന ഗംഭീരിമ കിപമി നിനച്ചീടിലംഭോധി
തോലക്കും
കുന്നൊക്കെപ്പോയൊളിക്കും ചെറുതുമിഹ കുലുക്കം
ഭവിക്കാത്തതോർത്താൽ
മന്ദിക്കും ഗീഷ്പതിക്കും മതി മതി വിഭവം പാർത്തു
കാണുന്നനേര
ത്തിന്നിദ്ദോഷജ്ഞഭൂഷാമണിയൊടു സമനായ് പാരിലി
ങ്ങാരുമില്ല 20

നംപൂരി

ഇങ്ങനെയുള്ള മഹാന്മാരുടെ സഹായംകൊണ്ട് സഭ ശുഭോദർക്കയായിത്തന്നെ തീരും.

കത്തനാർ

പത്രാധിപരുടെ എഴുത്തിനു മറുപടി വന്നില്ലല്ലൊ. വയക്കര ഇല്ലം ഇവിടെ അടുക്കലായ സ്ഥിതിക്ക് ഇത്ര താമസിക്കാനുള്ള കാരണം എന്തോ.

നമ്പ്യാർ

അവിടുന്നു നിദാനം ആലോചിച്ചല്ലാതെ പറയുക പതിവില്ലല്ലൊ. പിന്നെ ഇങ്ങനെ ഒരു ദിവസം ചെന്നു വല്ലതും ആലോചിച്ചാൽ മറുപടി പറയുമോ.

നംപൂരി

നല്ലവണ്ണം ആലോചിച്ച് മറുപടി പറയേണ്ട വിഷയമല്ലെ. അതുകൊണ്ടായിരിക്കാം താമസം.

അനന്തരം എഴുത്തോടുകൂടി പത്രാധിപരു പ്രവേശിച്ച് ഇതാണ് അവിടുത്തെ മറുപടി.

എന്ന് എഴുത്തു കൊടുക്കുന്നു.

നംപൂരി വാങ്ങി വായിക്കുന്നു.

ആശംസിക്കുന്നു ഞാനും കുശലമധികമായിസ്സമാജത്തെ
നിത്യം
ക്ലേശംകൂടാതെ പാലിച്ചിടുമഖിലജഗന്നാഥനാം ഭൂതനാഥൻ
ലേശംപോലും ഭവാന്മാർക്കിതിലൊരു വിമുഖീഭാവ
മുണ്ടായ്വരാഞ്ഞാൽ
മോശംവന്നീടുകില്ലിങ്ങുലകിലഖിലമുത്സാഹവത് സാ
ദ്ധ്യമല്ലോ
ഇന്നീ വാർത്തയിനിക്കുമാർത്തി ഹൃദയേ നാംകുന്നു
മാറകാതെക
ണ്ടിന്നീം ഞാനുമിനിക്കു തോന്നിയൊരഭിപ്രായത്തിനെ
ച്ചൊല്ലിടാം
സന്നാഹിച്ചു കുമാരമംഗലമഹീദേവൻ തുനിഞ്ഞെങ്കിലോ
നന്നായിട്ടിതു സാദ്ധ്യമായ്വരുമതിന്നില്ലിങ്ങു കില്ലൊട്ടുമേ 22

ശ്രീമൽ കേരളവർമ്മസൂരിമകുടീമുക്താമണിക്കെത്രയും
പ്രേമംതേറിയൊരിദ്വിജേന്ദ്രനവിടെച്ചെന്നാശു
ചേർന്നാകിലോ
സാമോദം സമയത്തെനോക്കി വിവരിച്ചെല്ലാമുണർത്തിച്ചിടാം
കാമം നമ്മുടെകാമവും സുകരമായ് പിന്നീടു സാധിച്ചിടാം 23

ഇന്നാകവേവിരവിനോടുനിനച്ചിടുമ്പോഠം
നന്നായമാർഗമിതുപോലിനി വേറെയില്ല
എന്നാശയം നിയതമീവിധമാണു ചൊല്ലാ
മെന്നാലിനീമിവിടെ നിങ്ങളുതാൻ പ്രമാണം 24

എല്ലാവരും അഭിനന്ദിക്കുന്നു

തമ്പുരാൻ

ഇതു ശരിയാണ്. നംപൂരി ഉത്സാഹിച്ച് ഒന്നിനായിട്ടു തുനിഞ്ഞാൽ അതു സാധിച്ചല്ലാതെ പിൻമാറുകയില്ല. ഠരം കാര്യത്തിൽ വിശേഷിച്ചും നംപൂരിക്ക് അവിടെ നല്ല പരിചയവും മററും ഉള്ളതുകൊണ്ട് ശ്രമംകൂടാതെതന്നെ സാധിക്കാം.

പത്രാധിപർ

അവിടുന്നു മനസ്സുവച്ചാൽ സാധിക്കുമെന്നുതന്നെയാണ് അടിയൻെറയും വിശ്വാസം.

നംപൂരി

ഞാൻ കഴിയുന്നതും ശ്രമിച്ചുനോക്കാം. പക്ഷേ ഫലിക്കുമോ എന്ന് സംശയമാണ്. വിദ്യാപ്രചാരത്തിനു വേണ്ട വഴികൾ ഉണ്ടാകുന്നതിൽ സ്വയമേ അത്യുത്സാഹശാലിയായ അവിടുന്ന് ഈ കാര്യത്തിൽ മടിക്കുന്നതിനു മതിയായ തടസ്ഥമേതെങ്കിലും ഉണ്ടായിരിക്കണം. അതിനെ പരിഹരിക്കുന്നതിനു ഞാൻ വിചാരിച്ചാൽ കഴിയുകില്ലല്ലൊ.

പത്രാധിപർ

എങ്കിലും തിരുവനന്തപുരത്തോളം ഒന്ന് എഴുന്നള്ളുക തന്നെ.

കത്തനാർ

അതുകൊണ്ടു രണ്ടായാലും തരക്കേടില്ലല്ലൊ. നാം ഉത്സാഹിക്കാനുള്ളത് ഉത്സാഹിക്കണം.

നംപൂരി

എന്നാൽ ഞാൻ പോയി വരാം.

തമ്പുരാനും നമ്പ്യാരും പത്രാധിപരും

അവിടെക്ക് വഴിയിൽ മംഗളവും എളുപ്പത്തിൽ കാര്യസിദ്ധിയും ഭവിക്കട്ടെ.

എല്ലാവരും എഴുന്നേൽക്കുന്നു

നംപൂരി

ഊനംവരതെ പദതാരു ഭജിച്ചിടുന്നോർ
ക്കാനന്ദമോടഖിലകാമിതദാത്രിയാകും
ശ്രീനീലകണ്ഠനുടെ വല്ലഭയാം ഭവാനി
താനീസ്സദസ്സിനിഹ മംഗളമേകിടട്ടെ 25

എന്ന് എല്ലാവരും പോയി

ഒന്നാമങ്കം സംപൂർണ്ണം

അനന്തരം ഒരു ശേവക്കാരൻ പ്രവേശിക്കുന്നു

ശേവക്കാരൻ

കവിസമാജശാലയുടെ പണി എന്തായി എന്ന് അറിഞ്ഞു ചെന്നു പറയണമെന്നാണല്ലൊ പത്രാധിപരു നിയോഗിച്ചിരിക്കുന്നത്. അതുകൊണ്ടു ശാലയിലേക്കു പോകതന്നെ.

കുറച്ചു ചുററിനടന്നു വഴിയിൽ ഒരാളെ കണ്ടതായി നടിച്ചിട്ട

എവിടുന്നാണു താൻ വരുന്നത്.

അനന്തരം രണ്ടാമത് ഒരുവൻ പ്രവേശിക്കുന്നു

രണ്ടാമൻ

ഠം ശാലയിൽനിന്നുതന്നെ. അവിടെയുള്ള ഓരോ വിശേഷങ്ങളെ കണ്ടു രസിച്ചുകൊണ്ടു നിൽക്കുമ്പോഠം ഒരു വർത്തമാനം കേട്ടു. അതിനെ പത്രാധിപരോടു പറയാൻ പോകയാണ്. താനോ.

ഒന്നാമൻ

ഞാൻ പത്രാധിപരു പറഞ്ഞയച്ചിട്ട് ഠം ശാലയുടെ പണി എന്തായി എന്ന് അറിയാൻ വരികയാണ്.

രണ്ടാമൻ

പണി ഒക്കെ തീരാറായിപ്പോയെ. കൊച്ചുതൊമ്മൻ അപ്പാത്തിക്കരി അവർകളുടെ അന്വേഷണമല്ലെ. അദ്ദേഹത്തിൻെറ സ്വഭാവഗുണംകൊണ്ടും മററും വേലക്കാർക്ക് ബഹുജാഗ്രതയും ഉത്സാഹവും ഉണ്ട്.

ഒന്നാമൻ

അതിനു സംശയമില്ലല്ലൊ. അതുകൊണ്ടുതന്നെ അല്ലെ പത്രാധിപരു ഇദ്ദേഹത്തിനെ ചുമതലപ്പെടുത്തിയത. എങ്കിലും പണിയെന്തായി കേഠക്കട്ടെ.

രണ്ടാമൻ

മേളിക്കുംരു ചിയൊടു ജന്നലു വിളങ്ങീടുന്ന നൽ
ഭിത്തിയും
ചേലൊക്കും തറ നല്ല മേൽപുരയതും മററും
മഹാമേകമമായ്
ശാലിക്കുന്ന വിതാനമൊക്കെ മുഴുവൻ തീർന്നീല—
യെന്നാലുമി
ശ്ശാലക്കുള്ളൊരു ഭംഗിയിങ്ങൊരുവനും
ചൊല്ലാവതല്ലേതുമേ 26

താൻ കാണാൻ പോകയല്ലെ. ചെന്നു നോക്കു. ഞാനും പോകട്ടെ.

ഒന്നാമൻ

വരട്ടെ നിൽക്കു. അല്പംകൂടി ചോദിക്കാനുണ്ട്. എന്താണ് ഒരു വർത്തമാനം കേട്ടു എന്നു പറഞ്ഞത്.

രണ്ടാമൻ

ആ കാര്യം എന്തു പറയുന്നു. ഇവരുടെ ഈ ഉൽസാഹവും ഈ വർത്തമാനവും കൂടി വിചാരിക്കുമ്പോൾ എനിക്കുതന്നെ മനസ്സു വല്ലാതെകണ്ടാകുന്നു.

ഒന്നാമൻ

കാര്യം പറയൂ.

രണ്ടാമൻ

അതോ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും മററു വടക്കർ കവികളാരുംതന്നെ വരികയില്ലെന്നാണ് വർത്തമാനം.

ഒന്നാമൻ

ആഹ്. അങ്ങനെയാണ. ഓ. ഈ വർത്തമാനം പത്രാധിപരു കേട്ടാൽ വളരെ വ്യസനിക്കും. നംപൂരിപ്പാട് വലിയകോയിത്തമ്പുരാനെ എഴുന്നള്ളിക്കാൻ പോയിരിക്കുന്നതുകൊണ്ട് ഇപ്പോൾ ഒരുവിധം സമാധാനപ്പെട്ടിരിക്കയാണ്. കഷ്ടം നമ്മളൊക്കെ ഇതിലേക്കുവേണ്ടി എത്രമാത്രം ശ്രമപ്പെട്ടു. അതിന്റെ ഒക്കെ ഫലമിതാണോ. കൊള്ളാം. ആട്ടെ താൻ പോയി പറയു.

രണ്ടാമൻ

പത്രാധിപര് എവിടെയാണിരിക്കുന്നത്.

ഒന്നാമൻ

ചൂണ്ടിക്കാണിച്ചുകൊണ്ട്

പത്രത്തിൽ ചേർത്തിടാനായ് പല കവികളയച്ചുള്ള പദ്യ—ങ്ങളെല്ലാം
ചിത്തത്തിൽ പ്രീതികൈക്കൊണ്ടമിതരസമൊടേ നോക്കി വായിച്ചുകൊണ്ട്
മിത്രത്വംപൂണ്ടു വാഴും കവികുലമണി ശങ്കുണ്ണിയോടൊ—ത്തിദാനീ
മുത്തുംഗശ്രീയെഴുന്നിബ്ഭവനമതിലിരിക്കുന്നിതാ-പത്രനാഥൻ 27

അങ്ങോട്ടു ചെല്ലൂ. ഞാനും ശാലയിലേക്കു പോയിവരാം.

എന്ന് രണ്ടാളും പോയി

പൂർവാംഗം

അനന്തരം പത്രാധിപരും എഴുത്തുകൾ നോക്കിവായിച്ചുകൊണ്ട്

കൊട്ടാരത്തിൽ ശംകുണ്ണിയും പ്രവേശിക്കുന്നു

ശംകുണ്ണി

ബഹുരസമുണ്ടീ എഴുത്തുകൾ നോക്കാൻ.

ഓരോ കവികൾക്കുളവാ
മോരോ വിധമായിടും മനോധർമ്മം
സ്വൈരംകണ്ടു രസിപ്പാൻ
നേരംപോരാതയായ്‌വരും നിയതം 28

എന്നെല്ലാം മാതിരിയിൽ പ്രയോഗിച്ചുവിടുന്നു. ഇടെക്കിടെ യോഗ്യന്മാരായ കവികളുടെ നല്ല രസമുള്ള ശ്ലോകങ്ങളുമുണ്ട്. ഇതൊക്കെപ്പാടെ കൂട്ടിച്ചേർക്കുന്നതായാൽ,

പുതിയൊരു മുത്തും കവിടിയു
മതിഭംഗിയൊടൊത്തുകോർത്ത ദാമംപോൽ
കുതുകപരീഹാസങ്ങൾ
ക്കിതുപൊഴുതൊരു പാത്രമാകുമിപ്പത്രം

ചേർക്കാതിരുന്നാൽ അവർക്കു രസമാകയില്ല. ആ് നമുക്കെന്താണു ചേതം. അവരവരുടെ പേരും താഴെത്തന്നെ എഴുതുന്നില്ലെ. എന്നല്ല ഇതുകൊണ്ടു വേറെ ചില ഗുണങ്ങളും ഉണ്ടായേക്കാം. പത്രത്തിൽ ഒരുമിച്ചുകാണുമ്പോൾ താരതമ്യങ്ങളെ അറിഞ്ഞു നല്ല കവികളുടെ ശ്ലോകംപോലെ ആകുന്നതിനു ശേഷം പേരുംകൂടി ശ്രമിക്കും. അപ്പോൾ എല്ലാവരുടെയും കവിതെക്കു പരിഷ്കാരമുണ്ടാകുമല്ലോ.

പത്രാധിപരുടെ നേരെ നോക്കീട്ട്

എന്താണ് ഒന്നും മിണ്ടാതെ ഇങ്ങനെ മനോരാജ്യം വിചാരിച്ചുകൊണ്ടിരിക്കുന്നത്.

പത്രാധിപർ

എന്റെ മനസ്സിപ്പോൾ ഈ വകയിലൊന്നിലും ലേശംപോലും പ്രവേശിക്കുന്നില്ല. നമ്മളുടെ ഉദ്യമം ഫലിച്ചിട്ടായിരുന്നാൽ എനിക്കും നേരംപോക്കു പറയുന്നതിനും മററും നല്ല രസമുണ്ട്.

ശംകുണ്ണി

അതിനെക്കുറിച്ചിനി വിചാരപ്പെടാനുണ്ടോ.

സാമർത്ഥ്യമേററവുമെഴുന്നൊരു നീലകണ്ഠ
നാമദ്വിജൻ വെറുതെയിങ്ങു വരുന്നതല്ല
കാമം സഖേ സപദി കാര്യമതൊക്കെ നേരേ
യാമെന്നുറച്ചു രസമോടു വസിച്ചുകൊൾക

പത്രാധിപർ

അവിടുന്നേററിട്ടുള്ള കാര്യത്തിന് ഒരുമാതിരി സമാധാനം ഉണ്ടാക്കിക്കൊണ്ടു വരുമായിരിക്കും. എന്നാൽ അതിനു മുമ്പായി ംരം വർത്തമാനം പ്രസിദ്ധമായാൽ കവികൾക്കൊട്ടുക്ക് ഉത്സാഹഭംഗം ജനിക്കുമല്ലൊ എന്നാണ് ഇപ്പഴത്തെ ശങ്ക. വെളിയിൽ ചെന്ന് വല്ല വിശേഷവുമുണ്ടോ എന്ന് അറിഞ്ഞു വരുന്നതിനു ഞാൻ ഒരു ആളെ അയച്ചിട്ടുണ്ട്. അയാൾ വരുമ്പോൾ വല്ലതുമുണ്ടെങ്കിലറിയാം.

അനന്തരം ശേവക്കാരൻ പ്രവേശിക്കുന്നു

ശേവക്കാരൻ

തങ്കൽ പരം പ്രേമഭരംകലർന്ന
ശങ്കുണ്ണിയോടൊത്തിഹ പത്രപാലൻ
തങ്കും മനോരാജ്യമൊടൊത്തൊരോന്നു
ശങ്കിച്ചു മൗനത്തൊടു വാണിടുന്നു 31

ഇങ്ങനെ ഏകാഗ്രചിത്തനായി ഇതിനെത്തന്നെ എല്ലായ്പ്പോഴും വിചാരിച്ചുകൊണ്ടിരിക്കുന്ന ഇദ്ദേഹത്തോടു ഈ സന്താപകരമായ വൃത്താന്തത്തെ എങ്ങനെയാണ് ചെന്നു പറയേണ്ടത്. ഇതിനായിട്ടു നിയുക്തനായിരിക്കുന്ന ഞാൻ എങ്ങനെയാണ് പറയാതിരിക്കേണ്ടത്. അന്യഥാ പറഞ്ഞു വഞ്ചിക്കുന്നതും അനുജീവിജനങ്ങൾക്കു യുക്തമല്ലല്ലൊ. എന്താണിവിടെ ചെയ്യേണ്ടത്.

വിചാരിച്ചിട്ട്

രണ്ടായാലും പാകതന്നെ. എങ്ങനെയായാലും രണ്ടുദിവസത്തിനകം ഈ വർത്തമാനം ഇദ്ദേഹത്തിൻെറ ചെവിയിൽ എത്തും. പിന്നെ ഞാൻ പറയാതിരുന്നതുകൊണ്ടു ഫലമില്ലല്ലൊ. എന്നു മാത്രമല്ല കഴിയുന്നതും മുമ്പുകൂട്ടി ഗ്രഹിപ്പിക്കേണ്ടത് ആവശ്യവുമാണ്. എന്തെന്നാൽ ദിവസം സമീപിച്ചുപോയാൽ ഇതിനു വല്ല പരിഹാരവും ആലോചിക്കുന്നതിനുകൂടി അവസരം കിട്ടാതെവരും.

എന്ന് അടുത്തു ചെല്ലുന്നു

പത്രാധിപർ കണ്ടിട്ട്

എന്തെല്ലാമാണ് വെളിയിലുള്ള പ്രസ്താവങ്ങൾ.

ശേവക്കാരൻ വ്യസനഭാവത്തോടെ

വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ എഴുന്നള്ളത്തില്ലെന്നു കേട്ടിട്ടു വടക്കു നിന്നു കൊടുങ്ങല്ലൂർ തമ്പുരാക്ക

ന്മാരും മററാരും വരുന്നില്ലെന്നു നിശ്ചയിച്ചതായി ഒരു വര ത്തമാനം കേട്ടു.

പത്രാധിപർ

കുറച്ചുനേരം വിചാരമഗ്നനായിരുന്നിട്ട് ശംകുണ്ണിയുടെ നേരെ നോക്കിക്കൊണ്ട്

ഇപ്പഴേ മുഴുവനായൊള്ളു. ഇതിനെക്കുറിച്ചു ഞാൻ ആദ്യമേ ശങ്കിച്ചിരുന്നു. ആ. പ്രയത്നം മനുഷ്യായത്തവും ഫലം ദൈവായത്തവുമാണല്ലൊ. ഇങ്ങനെ ആയിരിക്കാം ഇവിടെ ദൈവസങ്കല്പം.

അററംകൂടാതെ യത്നംപലതുമിതിനു ഞാൻ ചെയ്തതും വ്യർത്ഥമായി
മുററുംശാലെക്കുവേണ്ടിച്ചിലവെഴുതിയൊരദ്രവ്യവും നഷ്ടമായി
ചെററും മേ ഖേദമില്ലിന്നിതിലിനിയിതു കേട്ടിട്ടു ഹാ കഷ്ടമുണ്ടാം
മററുള്ളോരോരൊ പത്രാധിപരുടെ പരിഹാസോക്തമൊ– ന്നാണസഹ്യം

ശംകുണ്ണി

ഇത് സത്യമാണോ എന്നറിയാതെ ഇങ്ങനെ വ്യസനിച്ചുതുടങ്ങിയാൽ എന്താണവസാനം. ഇയ്യാളോടു വിസ്തരിച്ച് ചോദിച്ച് കാര്യം മനസ്സിലാക്കാം.

ശേവക്കാരനോട്

താൻ ഈ വർത്തമാനം എവിടെനിന്നാണു കേട്ടത്, ആരാണു പറഞ്ഞത്.

ശേവക്കാരൻ

ഞാൻ ഇന്നു നേരത്തെ സമാജശാലയിൽ പോയിരുന്നു.

ശംകുണ്ണി

എന്നിട്ടോ.

ശേവക്കാരൻ

എന്നിട്ട് അവിടെ ഓരോ പണികരം നോക്കിക്കൊണ്ടു നിൽക്കുമ്പോരം കുമാരമംഗലത്തു നംപൂരിപ്പാട്ടിലെ കൂടെ കണ്ടിട്ടുള്ള ഒരു വാല്യക്കാരൻ അവിടെ വന്നു

ശംകുണ്ണി

അയാരം എന്തിനായിട്ടു വന്നു.

ശേവക്കരൻ

ഇവിടെ കച്ചേരിയിൽ എന്തോ കാര്യമായിട്ടു വന്നു എന്നാണ് പറഞ്ഞത്.

ശംകുണ്ണി

പിന്നെ.

ശേവക്കാരൻ

പിന്നെ ഞങ്ങരം ഓരോന്നു പറയുന്ന കൂട്ടത്തിൽ അയാരം ഇങ്ങനെ പറഞ്ഞു.

ശംകുണ്ണി

എങ്ങനെ.

ശേവക്കാരൻ

വലിയകോയിത്തമ്പുരാനെ കാണണമെന്നുദ്ദേശിച്ചു മാത്രമാണ് വടക്കൻ കവികരം വരാൻ നിശ്ചയിച്ചിരുന്നതെന്നും അവിടുത്തെ യാത്ര സംശയമായി കേരംക്കുന്നതുകൊണ്ട് ഇപ്പോരം എല്ലാവരും മടിക്കുന്നു എന്നും മററും ചങ്ങനാശേരി കൊച്ചു തമ്പുരാൻെറപേർക്ക് കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ തിരുവെഴുത്തു വന്നിട്ടുണ്ടെന്ന്.

ശംകുണ്ണി

ഇത് ശെരിയായിട്ടു വരാം. അവരു തങ്ങളിൽ കൂടക്കൂടെ എഴുത്തയക്കാറുണ്ടെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്. ആട്ടെ, താൻ ആ എഴുത്തിലെ വിവരം വ്യക്തമായി ചോദിച്ചു മനസ്സിലാക്കിയോ.

ശേവക്കാരൻ

ഞാൻ ചോദിച്ചുനോക്കി.

ശംകുണ്ണി

എന്നിട്ടോ.

ശേവക്കാരൻ

എഴുത്തിൽ പറഞ്ഞിരിക്കുന്നത് എന്തെല്ലാമാണെന്ന് അയാരംക്ക് അറിയാൻ വയ്യെന്നാണ് പറഞ്ഞത്.

പത്രാധിപർ

കേരംക്കാനുള്ളതൊക്കെ കേട്ടുകഴിഞ്ഞില്ലെ. ഇനി ശാലയുടെ പണിയും മററും നിറുത്തിക്കളയുന്നതാണ് യുക്തമെന്നു തോന്നുന്നു. ഇതിൻെറ ആരംഭകാലത്തിൽ വളരെ അഭിമാനത്തോടു കൂടി ഞാൻ ഇതിനെപ്പററി ഓരോരുത്തരോട് എന്തെല്ലാം പ്രസ്താവിച്ചിട്ടുണ്ട്. അവരൊക്കെയും ഈ സ്ഥിതി അറി

യുമ്പോഠം എന്നെക്കുറിച്ച് എന്തു വിചാരിക്കും. അതിനു വല്ല വിധേനയും സമാധാനമുണ്ടാക്കാം. കഷ്ടം എനിക്കുണ്ടാകുന്ന അപകർഷത്തെ ഉൽഘോഷിക്കുന്നതിനായിത്തന്നെ കാത്തിരിക്കുന്ന ചില പ്രതി പത്രാധിപന്മാരുടെ ഹൃദയശല്യങ്ങളായ ആക്ഷേപവാക്യങ്ങളെ കേട്ടുകൊണ്ട് ക്ഷണനേരംപോലും ഞാൻ എങ്ങനെ ജീവിച്ചിരിക്കും.

എരിതീയ്യിലാശു ചാടാം
പെരിയൊരു വിഷവേഗവും സഹിച്ചീടാം
അരിയൊരു മാനധനന്മാർ—
ക്കരികഠം ഹസിക്കുന്നതോർക്കിലവിഷഹ്യം 33

എന്ന് ശോകരോഷങ്ങളാൽ ആക്രാന്തചിത്തനായി അല്പ നേരം ധ്യാനിച്ചിട്ട് പെട്ടന്നു പൌരുഷത്തെ അവലംബിച്ച്.

ഛെ:. എന്തിനു സംശയിക്കുന്നു.

''പ്രാരഭ്യതേ ന ഖലു വിഘ്നഭയേന നീചൈഃ
പ്രാരഭ്യവിഘ്നനിഹതാ വിരമന്തി മദ്ധ്യാഃ
വിഘ്നൈഃ പുനഃപുനരപി പ്രതിഹന്യമാനാഃ
പ്രാരബ്ധമുത്തമഗുണാനപരിത്യജന്തി'' 34

എന്നല്ലേ അഭിജ്ഞന്മാരു പറയുന്നത്. എന്റെ പ്രാണൻ പോയാലും ഞാൻ ഠരം ആരംഭിച്ചതിനെ ശെരിയായി ഫലിപ്പിക്കാതെ ഇരിക്കയില്ല.

ശേവക്കാരന്റെ നേരെ നോക്കിക്കൊണ്ട്

താൻ പോയി അപ്പാത്തിക്കരി അവർകളോടു പറയണം. ഠരം വർത്തമാനം കേട്ടു നിരുത്സാഹനായിട്ട് ശാലപണിയുടെ കാര്യത്തിൽ അമാന്തം വരുത്തരുതെന്ന്.

ശേവക്കാരൻ

ഓ.

എന്ന് പിന്നാക്കം മാറി ബഹുമാനത്തോടുകൂടി.

താനുൽസാഹിച്ചൊന്നിനായിത്തുനിഞ്ഞാൽ
നൂനം പിൻമാറില്ല കല്യാശയന്മാർ
ഊനംകൂടാതത്ര ദൃഷ്ടാന്തമാകും
മാനംനേടീടുന്നൊരീപ്പത്രനാഥൻ 35

എന്ന് പോയി.

പത്രാധിപർ

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ എഴുത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് അറിഞ്ഞാൽ കൊള്ളായിരുന്നു. അതിന് എന്താണ് വേണ്ടത്.

ശംകുണ്ണി

കൊച്ചുതമ്പുരാൻെറ അടുക്കലേക്ക് ഒരു ആളയച്ചെങ്കിലോ.

പത്രാധിപർ

അവിടെ ചെന്ന് വിവരം അറിയണമെങ്കിൽ ഒരു പരിചയമുള്ള ആളു വേണ്ടേ. അതിനാരാണുള്ളത്. അല്ലെങ്കിൽ അങ്ങനെ വേണ്ട. നമ്മുടെ കൊച്ചുമൂത്തതിൻെറ പേർക്ക് ഒര് എഴുത്തയെക്കാം. അദ്ദേഹം കൊച്ചുതമ്പുരാക്കന്മാരുടെ ഒരു ആശ്രിതനും ഠരം കാര്യത്തിൽ വളരെ ഉത്സാഹിയും ആണല്ലൊ. വിവരം ചോദിച്ചറിയുന്നതു കൂടാതെ ഒരുവേള നിർബന്ധമായി കൊടുങ്ങല്ലൂരെക്ക് എഴുതി അയപ്പിക്കുന്നതിനുകൂടി ശ്രമിക്കും.

ശംകുണ്ണി

അതു കൊള്ളാം.

അനന്തരം ഇന്നീന്നിമൂത്തത് പ്രവേശിക്കുന്നു

ഇന്നീന്നിമൂത്തത്

പുഷ്ടപ്രഭാവമൊടു വേണ്ടതുപോലെ നന്നാ<br>
യ്പൊട്ടിച്ചിനച്ചിവിടുദിച്ച സഭയ്ക്കിദാനീം<br>
പെട്ടന്നു കഷ്ടദശയിങ്ങുളവായതെല്ലാ<br>
മൊട്ടൊട്ടു നീങ്ങിയതു ദൈവവിലാസമത്രേ. 36

എനിക്കീ സന്തോഷവർത്തമാനം പത്രാധിപരോടു പറയാൻ വൈകുന്നു. നടന്നിട്ടും നടന്നിട്ടും അങ്ങോട്ട് എത്തുന്നില്ലല്ലൊ.

എന്ന് കുറച്ചു ചുററിനടന്നിട്ട് സന്തോഷത്തോടെ

മനോരമ ആപ്പീസു കണ്ടു തുടങ്ങി. ഇതാ.

പിച്ചകങ്ങളം ചെറു മുല്ല റോസവിലസുന്നതാം വലിയമുററവും<br>
മച്ചകങ്ങളുമതുച്ഛകാന്തിയൊടു കണ്ടിടുന്നിഹ നിരാകുലം<br>
അച്ചിനിങ്ങു ഗുണവൃദ്ധിവേണ്ടവിധമായ്വരുത്തിയതു കാരണാൽ<br>
മെച്ചമേറിയൊരു ശബ്ദശാസ്ത്രമതിനൊക്കുമീ രുചിര പത്തനം 37

അകത്തേക്കു കടക്കുകതന്നെ.

എന്ന് കടക്കുന്നു

പത്രാധിപർ കണ്ടിട്ട് സന്തോഷത്തോടെ

നല്ല ശിക്ഷ. ശകുനം നന്നായി. അങ്ങോട്ട് ഒരു ആളയക്കണമെന്നു വിചാരിച്ചിരിക്കയായിരുന്നു.

ഇന്നീന്നിമൂത്തത്

വാസ്തവത്തിൽ സ്നേഹമുള്ള ആളുകരം ആവശ്യപ്പെടുന്ന അവസരങ്ങളിൽ തനിയെ വന്നുചേർന്നു കൊള്ളും. കാര്യം വിശേഷിച്ചോ.

ശംകുണ്ണി

വിശേഷിച്ചൊന്നുമില്ല. കൊച്ചുതമ്പുരാൻെറപേർക്കു കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ ഒരെഴുത്തു വന്നിട്ടുണ്ടെന്നു കേട്ടു. അതിൻെറ വിവരം അറിയുന്നതിനാണ്.

ഇന്നീന്നിമൂത്തത്

അതു പറയുന്നതിനു തന്നെയാണ് ഞാനിത്ര ബദ്ധപ്പെട്ടിപ്പോരം ഇങ്ങോട്ടു വന്നത്.

പത്രാധിപരും ശംകുണ്ണിയും പരസ്പരം നോക്കി
വൈക്ലബ്യം നടിക്കുന്നു.

ഇന്നീന്നിമൂത്തത്

നിങ്ങരം വ്യസനിക്കേണ്ട. ഇടയ്ക്ക് അല്പം ചില തടസ്ഥങ്ങരം വന്നു എങ്കിലും ഇപ്പോരം നമ്മുടെ ഇഷ്ടം പോലെയായി.

പത്രാധിപരും ശംകുണ്ണിയും ഉത്സാഹത്തേയും
സന്തോഷത്തേയും നടിക്കുന്നു.

പത്രാധിപർ

വല്ലാതങ്ങനെ വേനലിൽ കഠിനമായ് സന്താപമുരംക്കൊള്ളുമാ
ച്ചൊല്ലാർന്നീടിന പൂച്ചെടിക്കു പുതുതായുള്ളോരു
നന്മാരിപോൽ
നല്ലോരീബ്ഭവദീയ വാക്കു വളരും ഖേദേനമാരംക്കുന്നിനി
ക്കുല്ലാസത്തെ വളർത്തിടുന്നനുപമപ്രേമാം ബുധേ സാമ്പ്രതം 38

ശംകുണ്ണി

ഇച്ചൊന്ന വാക്യമമൃതതെന്നതുപോലെ ഞങ്ങരം
ക്കുച്ചത്തിൽ മോദമകതാരിൽ വളർത്തിടുന്നു
സ്വച്ഛന്ദമായി വിവരിച്ചിനി വർത്തമാന
മച്ഛിന്നസൌഹൃദനിധേ വിരവോടു ചൊൽക 39

ഇന്നീന്നിമൂത്തത്

പറയാം. കവിസമാജത്തിനു വരുമ്പോരം കാണാമെന്നു വിചാരിച്ചു സന്തോഷിക്കുന്നു എന്നും മററും കഴിഞ്ഞമാസം ഒടു

വിൽ കൊച്ചുതമ്പുരാൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ പേർക്കു ഒരു എഴുത്തയച്ചിരുന്നു.

ശംകുണ്ണി

എന്നിട്ടോ.

ഇന്നീന്നിമൂത്തത്

എന്നിട്ട് അവിടുന്നു വന്ന മറുപടിയിൽ ഇങ്ങനെകൂടി ഒരു ശ്ലോകം കാണിച്ചിരുന്നു.

പത്രാധിപർ

എന്താ അത്. കേൾക്കട്ടെ.

ഇന്നീന്നിമൂത്തത്

ചൊല്ലേറും കവിമൌലിയാം വലിയകോയിത്തമ്പുരാൻ വന്നിടു
ന്നില്ലെന്നായൊരു വർത്തമാനമിവിടെക്കേൾക്കുന്നതുണ്ടേ സഖേ
വല്ലെന്നാലുമതുള്ളതായ്‌വരികിലോ കൊച്ചുണ്ണിഭൂപൻ മടി
ക്കില്ലേയെന്നൊരു ശങ്കയെൻെറ വരവും പിന്നീടമാന്തത്തിലാം 40

ശംകുണ്ണി പത്രാധിപരുടെനേരെ നോക്കീട്ട്

അപ്പോൾ നമ്മൾ കേട്ട വർത്തമാനം കേവലം കളവല്ല. അസൂയക്കാരു വല്ലവരും പറഞ്ഞുണ്ടാക്കിയതായിരിക്കുമെന്നു കൂടി ഞാൻ ശങ്കിച്ചിരുന്നു.

പത്രാധിപർ ഇന്നീന്നിയോട്

എന്നിട്ടോ കൊച്ചുതമ്പുരാൻ മറുപടിയിൽ എന്തു പറഞ്ഞു.

ഇന്നീന്നിമൂത്തത്

മറുപടി മറ്റൊന്നുമല്ല.

സത്‌സാഹിത്യാംബുരാശിക്കമൃതകിരണനായ് വാണിടു
ന്നീ മഹാത്‌മാ
മത്‌സോദര്യൻസദസ്സിന്നിതുസമയമെഴുന്നെള്ളുകില്ലെന്ന
റിഞ്ഞേൻ
നത്‌സാരാസാരമെല്ലാമറിയുമൊരു സഭാനാഥനില്ലാതെയായാ
ലുത്‌സാഹം സൽക്കവീന്ദ്രർക്കകതളിരിലുദിക്കില്ല കി
ല്ലില്ല തെല്ലും 41

പത്രാധിപർ

ഇതു ശരിയാണ്. പിന്നയോ.

ഇന്നീന്നിമൂത്തത്

പിന്നെ തങ്ങളിൽ കാണണമെന്നുള്ള ഔത്സുക്യത്തെ പ്രകാശിപ്പിക്കുന്നതായി ഇങ്ങനെ ഒരു ശ്ലോകം കൂടി ഉണ്ട്.

ചേണാർന്നീടുന്നൊരെൻതോഴരെ വടിവൊടിനിക്കിപ്പൊളുൽപന്നമോ
കാണാമെന്നോർത്തു പേർത്തും കുതുകജലനിധൌ മുങ്ങി മങ്ങാതെ ഞാനും
വാണീടുമ്പോളിവണ്ണം ഭവദഭിഹിതമാകർണ്ണനംചെയ്തു നന്നായ്
കേണീടുന്നേനിദാനീമിതിനൊരു കഴിവെന്തെന്നതിന്നോതിടേണം 42

ശംകുണ്ണി

പ്രണയനിധിയായ അവിടുത്തെ ഈ നിർബന്ധത്തെ അ അവർക്ക് അംഗീകരിക്കാതെയിരിക്കാൻ പാടില്ല. നിശ്ചയം തന്നെ.

പത്രാധിപർ

ആട്ടെ. അതിനു അവിടെനിന്നു വല്ല മറുപടിയും വന്നിട്ടുണ്ടോ.

ഇന്നീന്നിമൂത്തത്

ഇന്നലെ ഇങ്ങനെ മറുപടി വന്നു.

വയ്ക്കത്തഷ്ടമിയെന്നതിന്നവിടെ ഞാൻ വന്നെത്തുമെന്നഗ്രഹോ
തക്കത്തിൽ തെളിവോടു വന്നണയുമെൻകൊച്ചുണ്ണിഭൂപാഗ്രജൻ
തിക്കിൽ തീർച്ച പറഞ്ഞുകൊാംവനവിടുന്നുള്ളേടവും കണ്ടു നോ
മൊക്കത്തക്കൊരുമട്ടിലാക്കുവനതും ഞാനേററു പൃത്ഥ്വീപതേ 43

പിന്നെത്തമ്മിലിണങ്ങി നോം കവിസമാജത്തിന്നു പോകുന്നതും
മണ്ടത്തം ചിലതസ്സമാജമതിലുംപ്പെട്ടിട്ടുകാട്ടുന്നതും
ഒന്നോർത്തോർത്തു മുറയ്ക്കു ചെയ്യണമതല്ലേ നല്ലതീബ്ഭാഷയെ
സ്സന്നതം പിണയാതുയർത്തുവതിനായ് ശ്രീമൻശ്രമിക്കേണ്ടയോ 44

പത്രാധിപർ

ആവു. ഇപ്പോഠം മനസ്സിനു ഏതാണ്ടൊരാശ്വാസമായി.

ശംകുണ്ണി

ഇനി നംപൂരിപ്പാടുകൂടി സിദ്ധാർത്ഥനായിത്തീരികെ വന്നാൽ ഒക്കെ ഫലിച്ചു.

നംപൂരിപ്പാട് എന്നു ചങ്ങനാശേരിയിലെത്തുമെന്നാണ് കേട്ടത്.

ഇന്നീന്നിമൂത്തത്

ഇന്നോ നാളെയൊ എത്തും,

പത്രാധിപർ

ഇത്രനേരവും മനസ്സിന്റെ വ്യാകുലതകൊണ്ട് ഒന്നിനും രസമില്ലാതിരുന്നു. ഇനി നമുക്കെല്ലാർക്കുംകൂടി ഇവിടിരുന്ന് ഒന്നു മുറുക്കുക തന്നെ,

എന്ന് വെററിലത്തട്ടം എടുത്തു മുമ്പിലേക്കു വെയ്ക്കുന്നു.

ഇന്നീന്നിമൂത്തത്

ഓ. എനിക്കു കുമാരനല്ലൂരോളം പോയിട്ടു ഒരാവശ്യമുണ്ട്. ഊണിനുതന്നെ അങ്ങോട്ടെത്തണം.

ശംകുണ്ണി

വരട്ടെ. ഒന്നു മുറുക്കിയേച്ചു പോയാൽ മതിയേ.

എല്ലാവരും മുറുക്കുന്നു.

പത്രാധിപർ

അങ്ങു വൈക്കത്തഷ്ടമിക്കു പോകുന്നുണ്ടെന്നായി ഒരു വർത്തമാനം കേട്ടു.

ഇന്നീന്നിമൂത്തത്

പോകണമെന്നു വിചാരിച്ചിട്ടുണ്ട്.

ശംകുണ്ണി

എന്നാൽ രണ്ടുദിവസം ഇവിടെ താമസിച്ച് വയക്കരത്തിരുമനസ്സിലെ ഒരുമിച്ചു വൈക്കത്തു പോയി വന്ന് കവിസമാജം പിരിഞ്ഞതിന്റെ ശേഷം മതി ഇനി ചങ്ങനാശേരിക്കു പോകുന്നത്.

ഇന്നീന്നിമൂത്തത്

അയ്യോ അതു പോര. അവിടുന്നു കൊച്ചുതമ്പുരാക്കന്മാർ വൈക്കത്തേക്കു എഴുന്നള്ളുന്നുണ്ട്. അപ്പോഠംകൂടി പോകണമെന്നാണ് വിചാരിച്ചിരിക്കുന്നത്. ആ വിവരം അറിയിച്ചിട്ടുമുണ്ട്.

പത്രാധിപർ

കൊച്ചുതമ്പുരാക്കന്മാർ ഇവിടെ എന്നെഴുന്നള്ളും.

ഇന്നീന്നിമൂത്ത്

വൈക്കത്തു നിന്നന്നു കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും ഒരുമിച്ച് പത്താംതീയതി രാവിലെ ഇവിടെ എഴുന്നള്ളും.

മണി അടിക്കുന്നതു കേട്ടതായി നടിച്ച്

അല്ലാ മണി പന്ത്രണ്ടടിച്ചോ.

എന്നു പരിഭ്രമത്തോടെ വെളിയിൽ ഇറങ്ങി നോക്കീട്ട്.

ഓ നേരം ഉച്ചയായിരിക്കുന്നു. ഇതാ,

തൂകുന്നൂ കാലകാലൻതിരുവടി നിടിലക്കണ്ണിലേന്തുന്നു ചെന്തീ
പ്പാകത്തിൽ ഘോരഘോരാതപമവിരളമായർക്കനത്യുഗ്രഭാവാൽ
പോകുന്നൂ പാന്ഥരെല്ലാം പഥി ചടുലപദന്യാസമോടേ നികാമം
കൂകുന്നൂ പ്രാവുപൂങ്കോഴികളിവവെയിൽകൊണ്ടേന്തിടും
ക്ലാന്തിയോടേ

ഇനിത്താമസിച്ചാലാകയില്ല.

ശംകുണ്ണി

ഞാനും കുളിയും ഊണും കഴിച്ചു വരാം.

പത്രാധിപർ

എന്നാൽ അങ്ങനെയാട്ടെ.

രണ്ടാം അങ്കം സംപൂർണ്ണം

അണിയറയിൽ

നേരം പ്രകാശമായിത്തുടങ്ങി.

ക്ഷീണാകാരം കലർന്നിട്ടിരുളുകരം മറയുന്നിക്കിഴക്കായ
ദിക്കിൽ
കാണായീടുന്നു നൽകുങ്കുമരുചിചിതറുന്നോരു കാന്തി
പ്രവാഹം
ഏണാക്ഷീമൌലിമാർക്കുള്ളൊരു സുരതപരിക്ലാന്തി
നീക്കീട്ടു മന്ദം
ചേണാർന്നീടുന്ന ചെന്താർമണമുടയൊരിളങ്കാററിതാ
വന്നിടുന്നൂ 46

അതുതന്നയുമല്ല.

മങ്ങുന്നു ശീതകിരണദ്യുതി മന്ദമന്ദ
മിങ്ങുന്നതപ്രഭയൊടർക്കനുയർന്നിടുന്നു
തിങ്ങുന്നു താമരകളിൽ തരളാളിവൃന്ദം
പൊങ്ങുന്നിതാ മധുരമംഗലശംഖനാദം 47

നംപൂരിപ്പാട് ഉണർന്നില്ലായിരിക്കുമോ.

അനന്തരം ഉണർന്ന നാട്യത്തോടെ നീലകണ്ഠൻനംപൂരിപ്പാടു പ്രവേശിക്കുന്നു

നംപൂരി സന്തോഷത്തോടുകൂടെ

നമ്മുടെ കാമമശേഷം
നന്മയോടേ ഗിരിസുതാകടാക്ഷത്താൽ
ചെമ്മേ സാധിച്ചതുകൊ
ണ്ടുന്മേഷമിയന്നിടുന്നു മച്ചിത്തേ

നേരം വെളിച്ചമായി. ഇനി യാത്രയ്ക്കു വട്ടംകൂട്ടുകതന്നെ. ചിരപരിചിതമാണെങ്കിലും ഈ സ്ഥലത്തിലുള്ള വാസം ഒരിക്കലും മതിയായി എന്നു തോന്നുന്നില്ല. അല്ലെങ്കിൽ ഇതിലെന്താണ് ആശ്ചര്യം.

ആനന്ദാദ്വയമൂർത്തിയായ ഹരിയെസ്സേവിച്ചിടാം വഞ്ചിഭൂ
വാനോർപുംഗവപാദപങ്കജയുഗം കണ്ടാശു കൊണ്ടാടിടാം
താനിച്ഛിച്ചതശേഷമിങ്ങനുഭവച്ചീടാമലംഭാവമി
സ്സ്യാനന്ദൂരപുരാധിവാസമതിലിന്നാർക്കുള്ളു
പാർക്കുംവിധൌ 49

വിശേഷിച്ച് അനാദൃശഗുണവിശിഷ്ടനായ ഈ മഹാരാജാവു തിരുമനസ്സിലെ സൌജന്യാതിശയംകൊണ്ടും മററും ഇപ്പോൾപുരവാസികൾക്കുണ്ടാകുന്നആനന്ദാതിരേകം പുരന്ദരപുരത്തിലുള്ളവർക്കു കൂടി ദുർല്ലഭംതന്നെ. സർവഗുണങ്ങൾക്കും അവസാനമായ ശരം തിരുമേനിക്കുള്ള ചില ഗുണങ്ങൾ പ്രത്യേകിച്ചും ശ്ലാഘാസ്പദങ്ങളായിരിക്കുന്നു.

നരാധിപന്മാർക്കു ദുരാപമായിടു
ന്നൊരാ ക്ഷമാശീലവുമാർദ്രഭാവവും
നിരാകുലം സൌമ്യതയും നിനെക്കിലി
ന്നൊരാൾക്കുമില്ലീവിധമെന്നു നിർണ്ണയം 50

ഈ തിരുമനസ്സുകൊണ്ടു ക്ഷേമത്തോടുകൂടി ദീർഘായുസ്സായി എഴുന്നള്ളി ഇരിക്കുന്നതിനു ശ്രീപത്മനാഭൻ പ്രസാദിക്കട്ടെ. ഓ ഞാൻ ഇങ്ങനെ ഓരോന്നു വിചാരിച്ചുകൊണ്ടിരുന്നാൽ പോരല്ലൊ. നിദാഘകാലത്തിൽ പയോദാഗമനത്തെ പ്രതീക്ഷിക്കുന്ന ചാതകംപോലെ പത്രാധിപരും മററും ഇപ്പോൾ ഞാൻ ചെല്ലുന്നതിനെത്തന്നെ കാത്തു നില്ക്കുകയായിരിക്കും. അതുകൊണ്ട് കഴിയുന്നതും വേഗത്തിൽ ചെന്ന് അവരെ ആശ്വസിപ്പിക്കണം. വിശേഷിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള ഈ പ്രത്യേക സംഭാവന അവർക്കു അപരി

ിതമായ ആനന്ദത്തേയും ഉത്സാഹത്തെയും വളർക്കുന്നതാക കൊണ്ടു അതിനെയും ഉടനെ ഗ്രഹിപ്പിക്കണം.

ചുററും നോക്കീട്ട്

കൂടെ വന്നിട്ടുള്ളവർ എവിടെയാണാവോ.

ഒരു ശേവക്കാരൻ പ്രവേശിച്ച്

എഴുന്നള്ളുന്നതിനു വള്ളം തയ്യാറായിരിക്കുന്നു.

നംപൂരി

എന്നാൽ പുറപ്പെടുക തന്നെ.

എന്നു പോയി.

പൂർവാംഗം

അനന്തരം പത്രാധിപരും ശേവക്കാരനും പ്രവേശിക്കുന്നു

പത്രാധിപർ

മനോരമ ആപ്പീസിൻെറ പൂമുഖത്ത് ഒക്കയും ഒരുക്കം ചെയ്തിട്ടുണ്ടോ.

ശേവക്കാരൻ

ഉവ്വ്

ചട്ടററീടിന രത്നകമ്പളികളും ഭംഗ്യാ വിരിച്ചേററവും
പുഷ്ടശ്രീ വിലസും കസാല നിരവേ വെച്ചങ്ങു മെച്ചത്തൊടേ
വട്ടംചേർന്നൊരു നല്ലമേശ നടുവിൽ ചേർത്തിട്ടു ചെമ്മേ ഭവാൻ
ശട്ടംകെട്ടിയപോലെ ഞാൻ പലവിധം മട്ടിങ്ങു കൂട്ടീടിനേൻ 51

പത്രാധിപർ

നന്നായി. യോഗ്യൻമാരെ കഴിയുന്നതും ആദരിക്കണമല്ലോ. മണി എത്ര ആയി എന്നു നോക്കു.

ശേവക്കാരൻ അകത്തുപോയി മണിനോക്കി വന്നിട്ട്

നാലടിക്കുന്നതിനു പന്ത്രണ്ടു മിനിട്ടുണ്ട്.

പത്രാധിപർ

ഓ നാലു മണിക്കാണ് തഹശീൽദാരദ്ദേഹം വരുമെന്നു പറഞ്ഞയച്ചിരിക്കുന്നത്. എന്നാലിനി മുമ്പുകൂട്ടിത്തന്നെ നമ്മക്ക് അവിടെ ചെന്ന് അദ്ദേഹത്തിനെ കാത്തു നിൽക്കാം.

എന്നു ചുററിനടന്നു

ശേവക്കാരൻ നോക്കീട്ട്

ഒരു വണ്ടി കാണുന്നുണ്ട്. യജമാനൻെറ ആയിരിക്കാം.

പത്രാധിപർ സൂക്ഷിച്ചു നോക്കീട്ട്

ഇതിൽ മുൻസീഫ് അദ്ദേഹവും ഇൻസ്പക്ററർ അദ്ദേഹവും ആണെന്നു തോന്നുന്നു. ഇങ്ങോട്ടുതന്നെ ആണ് വരുന്നതും. നമ്മൾക്ക് ഇവിടെത്തന്നെ നിൽക്കാം.

എന്നു നിൽക്കുന്നു.

അനന്തരം വണ്ടിയിൽ കയറി മുൻസിഫ് നാരായണൻ തമ്പിയും ഇൻസ്പക്ടർ കൃഷ്ണപിള്ളയും പ്രവേശിക്കുന്നു.

മുൻസിഫ്

ഓരോ സൽപുരുഷൻമാർ ഉത്സാഹവിശേഷംകൊണ്ട് എത്രമാത്രം ഖ്യാതിയെ സമ്പാദിക്കുന്നു. ഇയ്യാൾ കേവലം ഒരു പത്രാധിപരായിരുന്നുകൊണ്ട് ഈ കേരളത്തിലുളള മാന്യൻമാരെ ഒക്കയും താനിരിക്കുന്ന സ്ഥലത്തു വരുത്തുന്നതിനു പര്യാപ്തനായി തീർന്നല്ലൊ. “ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീഃ'' എന്നുള്ള വചനം വളരെ സാരവത്തായ ഒരു ഉപദേശം തന്നെ.

ഇൻസ്പക്ടർ

അത് സംശയമില്ലാത്തതു തന്നെ. മുമ്പുള്ള രാജാക്കൻമാരുടെ കാലത്തിൽ ഉണ്ടാകാത്തതായ പുകവണ്ടി, കമ്പി തുടങ്ങിയുള്ള അനേക പരിഷ്കാരങ്ങൾ ഈ ഇംഗ്ലീഷുരാജാക്കൻമാരുടെ കാലത്തിൽ ഉണ്ടാകുന്നതിന് അവരുടെ ഉത്സാഹശക്തി ഒന്നല്ലേ കാരണം.

മുൻസിഫ് വഴിയിൽ നോക്കീട്ട്

അല്ലാ പത്രാധിപര് ഇവിടെത്തന്നെ വന്നു നിൽക്കുന്നുണ്ടോ.

വണ്ടിക്കാരനോട്

വണ്ടി നിൽക്കട്ടെ.

എന്ന് രണ്ടാളും വണ്ടിയിൽനിന്നിറങ്ങുന്നു.

പത്രാധിപർ അടുത്തു ചെല്ലുന്നു.

മുൻസിഫ്

എന്താണ് വഴിയിൽ വന്നു നിൽക്കുന്നത്.

പത്രാധിപർ

ആപ്പീസിലേക്കു പുറപ്പെട്ട വഴി വണ്ടിയിൽ നിങ്ങളാണെന്നു തോന്നീട്ട് കാത്തു നിൽക്കയാണ്.

ഇൻസ്പക്ടർ

എന്നാൽ അങ്ങോട്ടുതന്നെ പോകാം.

എല്ലാവരും ചുററി നടക്കുന്നു

മുൻസിപ്പ്

ഈ സ്ഥലം വിശേഷാൽ അലംകൃതമായി കാണപ്പെടുന്നു.

പല കമ്പളിജാലകങ്ങളാലേ
വിലസുംമട്ടൊടണിഞ്ഞ പൂമുഖത്താൽ
നലമാർന്നു വിളങ്ങിടുന്നതാമി
സ്ഥലമിപ്പോൾ മധുമാസതുല്യമത്രേ 52

പത്രാധിപർ

നിങ്ങൾ ഈ കസാലകളിൽ ഇരിക്കുക.

എല്ലാവരും ഇരിക്കുന്നു.

ഇൻസ്പക്ടർ

ഇവിടെ പതിവുപോലെ അല്ലാതെ ചില അലങ്കാരങ്ങൾ കാണുന്നത് എന്താണ്.

പത്രാധിപർ

തഹശീൽദാര് അദ്ദേഹം ഇപ്പോൾ വരുമെന്നു പറഞ്ഞയച്ചിട്ടുണ്ട്. അദ്ദേഹം വിശേഷാൽ ഒരു ആളാകകൊണ്ട് ആദരിക്കുന്നതിനായിട്ടാണ്.

ഇൻസ്പക്ടർ ചിരിച്ചുംകൊണ്ട്

അപ്പോൾ ഞങ്ങളെ ആദരിക്കേണ്ടെന്നാണ് അല്ലേ.

മുൻസിപ്പ്

"ചിരപരിചയാദവജ്ഞാ'' എന്നുണ്ടല്ലൊ.

പത്രാധിപർ

അയ്യോ അങ്ങനെയല്ല. നിങ്ങൾ ഈ സഭയുടെ ഭാരവാഹികൾ ആകകൊണ്ടും ഈ സ്ഥലം നിങ്ങളുടെ സ്വന്തംപോലെ ഉള്ളതാകകൊണ്ടും ഇവിടെ അത് ആവശ്യമില്ലല്ലൊ എന്നു വിചാരിച്ചാണ്.

മുൻസിപ്പ്

തഹശീൽദാര് അദ്ദേഹം എപ്പോഠം വരും.

പത്രാധിപർ

നാലുമണിക്കെന്നാണ് പറഞ്ഞയച്ചിട്ടുള്ളത്.

ശേവക്കാരൻ പ്രവേശിച്ച്

തഹശീൽദാര് എജമാനൻ വരുന്നുണ്ട്.

പത്രാധിപർ

എന്നാൽ ഞാൻ തന്നെ അങ്ങോട്ടു വന്ന് എതിരേററു കൊണ്ടുപോരാം.

എന്ന് ഇറങ്ങിച്ചെല്ലുന്നു.

അനന്തരം കൊട്ടയം തഹശീൽദാരും മുമ്പിൻ നടന്നുകൊണ്ട് ശിപായിയും പ്രവേശിക്കുന്നു.

ശിപായി

എജമാനൻ ഇങ്ങനെ ഇങ്ങനെ.

തഹശീൽദാർ ചുററിനടന്നുകൊണ്ട്

ഈ പത്രാധിപരു വളരെ ഭാഗ്യവാൻ തന്നെ. പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കു കൂടി ഇത്രമാത്രം തിരുവളം തോന്നിയല്ലൊ.

പത്രാധിപർ

അടുക്കൽ ചെന്നു കൂട്ടിച്ചു കൊണ്ടുവന്ന് കസാലയിൽ ഇരുത്തി യഥോചിതം എല്ലാവരും ഇരിക്കുന്നു.

തഹശീൽദാർ മുൻസിപ്പിനേയും ഇൻസ്പെക്ടരേയും കണ്ടിട്ട്: നിങ്ങഠം കുറച്ചുനേരമായോ വന്നിട്ട്.

മുൻസിപ്പ്

ഉവ്വ്.

തഹശീൽദാർ

ഞാൻ ഒരം സ്ഥലത്ത് ഇതുവരെ വന്നിട്ടില്ല.

ഇൻസ്പെക്ടർ

ഇത്ര സമീപത്തിൽ ഇരുന്നിട്ടും ഇവിടെ വന്നിട്ടില്ലയൊ.

തഹശീൽദാർ

ഇടയായില്ല എന്നേയുള്ളു.

പത്രാധിപർ

ഇങ്ങനെയുള്ള മാന്യന്മാർ ഈ സ്ഥലത്തു വരുന്നതിനും സംഗതിയാകുന്നത് ഞങ്ങളുടെ സുകൃതവിശേഷം തന്നെ.

ഇൻസ്പക്ടർ

കേരളത്തിലുള്ള മാന്യന്മാരെ ഒക്കെ ഇവിടെ വരുത്തുന്നതിനാ ഇപ്പോഴത്തെ ഉത്സാഹം.

പത്രാധിപർ

നിങ്ങളുടെ ഒക്കെയും സഹായംകൊണ്ട് അതു സഫലമായി തീരണം.

തഹശീൽദാർ

സാക്ഷാൽ പൊന്നുതമ്പുരാൻ തന്നെ ഇതിലേക്കു വേണ്ട സഹായം ചെയ്യുമ്പോൾ അന്യന്മാരുടെ സഹായം ആവശ്യമുണ്ടോ. വിശേഷിച്ച് ഈ കവിസമാജത്തിലേക്കു ഇനാമായി നൂറു ഉറുപ്പിക തരുന്നതിനു ഇന്നു കല്പന വന്നിട്ടുണ്ട്. ഇതു കൂടാതെ നിങ്ങൾ ഇനി ആവശ്യപ്പെടുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നുകൂടി ആ കല്പനയിൽതന്നെ വിവരിച്ചിട്ടുണ്ട്.

പത്രാധിപർ ആനന്ദപാരവശ്യത്തോടെ
എഴുന്നേററു തൊഴുതുപിടിച്ചുകൊണ്ട്

പൊന്നുതമ്പുരാൻ തിരുമനസ്സിലേക്കു ഇത്രമാത്രം തിരുവുളം തോന്നിയതു ഈ കേരളവാസികളായ ജനങ്ങളുടെയും ഞങ്ങളുടെയും അന്യാദൃശമായ ഭാഗ്യാതിശയം എന്നല്ലാതെ മറെറന്തു പറയേണ്ടു. പ്രജാപരിപാലനത്തിൽ അത്യന്തതല്പരനായ ഈ പൊന്നു തിരുമേനി വളരെക്കാലം ദീർഘായുസ്സായി എഴുന്നള്ളി ഇരുന്ന് ഇനിയും ജനങ്ങൾക്കു അനേകവിധമായി ക്ഷേമാഭിവൃദ്ധിയെ ചെയ്യുന്നതിനു സർവശക്തനായ ഈശ്വരൻ സഹായിക്കട്ടെ.

മുൻസിപ്പ്

തിരുമനസ്സിലെ ഗുണാതിശയംകൊണ്ടു സകല ജനങ്ങളും ഇതുതന്നെ എല്ലായ്പോഴും പ്രാർത്ഥിക്കുന്നു.

ഇൻസ്പക്ടർ

ഗുണവാന്മാരായ രാജാക്കന്മാരിൽ പ്രജകൾക്കു അധികാനുരാഗമുണ്ടാകുന്നത് അത്ഭുതമല്ലല്ലൊ.

തഹശീൽദാർ

അങ്ങനെതന്നെയാണ്. തിരുമനസ്സിലേക്കു ജനങ്ങളിലുള്ള ദയാവിശേഷംകൊണ്ടല്ലയൊ ഇതിൽ ഇത്രമാത്രം തിരുവളം തോന്നിയത്.

മുൻസിപ്പ്

ഈ വിഷയത്തിൽ ഗവർമ്മെണ്ടിൽനിന്നും പ്രത്യേകം സഹായിക്കുന്നത് ഒട്ടും ആശ്ചര്യമല്ല. എന്തെന്നാൽ,

വിദ്യാമൂലം വിവേകത്തിനു ബലമതിയായുത്ഭവിക്കും വിവേകം
വിദ്യോതിക്കുമ്പൊളുണ്ടായ്‌വരുമരിയൊരുധീശുദ്ധി
ലോകർക്കശേഷം
സദ്യോ ദൂരെ ത്യജിക്കും കുസൃതിയുമവർ പിന്നെന്ന
കൊണ്ടിന്നു ഭൂപൻ
വിദ്യാവൃദ്ധിക്കു വേണ്ടുംവഴികളിലഴകിൽ താൻ
സഹായിച്ചിടേണം

പത്രാധിപർ

തിരുവനന്തപുരത്തുനിന്നും നംപൂരിപ്പാട്ടിലെ തിരുവെഴുത്തു വന്നതിൽ ഇതൊന്നും പ്രസംഗിച്ചുകണ്ടില്ല.

ഇൻസ്പക്ടർ

നംപൂരിപ്പാട് ഇവിടെ വയക്കരെ വന്നിട്ടുണ്ട്. ഇപ്പോൾ ഇങ്ങോട്ടു വരും. ഒരുമിച്ചു പോരാമെന്നാണ് കല്പിച്ചിരുന്നത്.

അനന്തരം നീലകണ്ഠൻനംപൂരിപ്പാട് പ്രവേശിക്കുന്നു.

നംപൂരി

പുരുപുണ്യവാരിനിധി മൂലവഞ്ചിഭൂ
പുരുഹൂതനേകിയൊരു പാരിതോഷികം
പരിചോടു പത്രവരനോടു ചൊല്ലുവാൻ
പെരുകുന്നുകൌതുകമിനിക്കുസാമ്പ്രതം 54

എന്നു ചുററി നടന്നു നോക്കീട്ട്

പട്ടുലേസ്സുനലമോടുമൌലിയിൽ
കെട്ടിവെള്ളയിലുടുപ്പുമിട്ടഹോ
ധൃഷ്ടനായൊരുപുമാൻപടിക്കലി
മ്മട്ടിലെത്തിവിടെ നിന്നിടുന്നതും 55

അകത്ത് ഉദ്യോഗസ്ഥന്മാർ വല്ലവരുമുണ്ടായിരിക്കുമൊ. അങ്ങോട്ടു ചെല്ലുമ്പോൾ അറിയാമെല്ലൊ.

എന്ന് അകത്തേക്കു ചെല്ലുന്നു.

പത്രാധിപർ

ഇതാ നംപൂരിപ്പാട് എഴുന്നള്ളുന്നു.

എല്ലാവരും എഴുന്നേററു നംപൂരിപ്പാട്ടിലെ ഉപചരിച്ച് യഥോചിതം ഇരിക്കുന്നു.

തഹശീൽദാർ

അവിടുത്തെക്കഥ പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു.

നംപൂരി

ഞാൻ ഉച്ചെക്കുതന്നെ ഇവിടെ എത്തിയിരിക്കുന്നു.

ഇൻസ്പെക്ടർ

എഴുന്നള്ളീട്ടു പോരാമെന്നു വിചാരിച്ച് അടിയങ്ങരം കുറച്ചു നേരം നിന്നു നോക്കി എന്നിട്ടും കാണായ്കയാൽ താമസമുണ്ടായിരിക്കുമെന്നു ശങ്കിച്ച് മുമ്പെ ഇങ്ങോട്ടു പോന്നു.

നംപൂരി

മൂസ്സ് ഓരോ വർത്തമാനം ചോദിച്ചും പറഞ്ഞും നിന്നതിനാൽ വിചാരിച്ചതിലധികം താമസം പററി.

തഹശിൽദാരോട്

കവിസമാജത്തിലേക്കു ഉറുപ്പിക തരുന്നതിനുള്ള ഉത്തരവു വന്നു ചേർന്നൊ,

തഹശീൽദാർ

ഉവ്വ്. ഇതു പറയുന്നതിനും ഇനിയും നിങ്ങരംക്കു വല്ല സഹായവും വേണമെങ്കിൽ അതിനെ അന്വേഷിച്ചു അറിഞ്ഞ് ഉടനെ ശട്ടംകെട്ടി കൊടുക്കണമെന്നു സ്വാമി പ്രത്യേകം ഉത്തരവായിട്ടുള്ളതു കൊണ്ടു അതറിയുന്നതിനും കൂടിയാണ് ഇങ്ങോട്ടു തന്നെ വന്നത്.

പത്രാധിപർ

സ്വാമിയുടെ ഈ സന്തോഷം ഞങ്ങരംക്കു വലിയ സഹായം തന്നെ.

നംപൂരി

ഞാൻ തിരുവനന്തപുരത്തു ചെന്നു മുഖം കാണിച്ചു വിവരം തിരുമസ്സറിയിച്ച അന്നുതന്നെ കല്പനയായിരിക്കുന്നു.

പത്രാധിപർ

അവിടുന്നയച്ച തിരുവെഴുത്തിൽ ഈ വിവരമൊന്നും കണ്ടില്ല.

നംപൂരി

ഈ വലുതായ സന്തോഷത്തെ മുഖദാവിൽ തന്നെ പറഞ്ഞഭിനന്ദിച്ചെങ്കിലേ മതിയാകയൊള്ളു എന്നു വിചാരിച്ചാണ് എഴുത്തിൽ പ്രസ്താവിക്കാതിരുന്നത്. തൻെറ നാട്ടുകാർക്കു പരിഷ്കാരാഭിവൃദ്ധിക്കു ഇതൊരു വഴിയായി തീരുമെന്നു വെച്ച് മഹാരാജാവു തിരുമനസ്സിലേക്കു ഈ കാര്യത്തിൽ വളരെ സന്തോഷമുണ്ട്.

തഹശീൽദാർ

പ്രജകൾക്കു ഗുണം സിദ്ധിക്കുന്ന എല്ലാ കാര്യത്തിലും ഈ തിരുമേനിക്കു വളരെ താല്പര്യമാണ്.

മുൻസിപ്പ്

രാജാക്കന്മാരുടെ ഒന്നാമത്തെ ധർമ്മം അതാണല്ലൊ.

നംപൂരി

അങ്ങനെ വളരെ പറഞ്ഞിട്ടാവശ്യമില്ലല്ലൊ.

മേന്മേൽ വാത്സല്യഭാരം തടവിവടിവൊടേ തൻപ്രജാ
പാലനത്തി
ന്നുന്മേഷംപൂണ്ടു വേണ്ടുംവഴികളെ വഴിപോൽതീർത്തി
ടാൻകാത്തു വാഴും
ഇമ്മൂലക്ഷ്മാപവഞ്ചിക്ഷിതിരതിരമണൻനാഥനാ
യ്വന്നമൂലം
നമ്മൾക്കുള്ളൊരു ഭാഗ്യം ശിവ ശിവ ശിവനേ വാഴ്ത്തവല്ലോർ
ത്തുകണ്ടാൽ

പത്രാധിപർ

വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു എന്തെല്ലാമാണ് കല്പിച്ചത്.

നംപൂരി

അവിടുത്തേക്കു സമാജത്തിൽ വരുന്നതിനു തീരെ നിവൃത്തിയില്ലാത്ത വിധത്തിൽ അസൌകര്യം സംഭവിച്ചതിനെപ്പററി വളരെ മനസ്താപത്തോടെ പ്രസംഗിച്ചു. അതിൻെറ ശേഷം താൻ ഏററിട്ടുള്ള അഗ്രാസനാധിപത്യത്തെ ശരിയായി നിർവഹിക്കുന്നതിനു വിദ്യാനൈപുണ്യം കൊണ്ടും മറെറല്ലാബദ്ഭാഗങ്ങൾ കൊണ്ടും തൻെറ ജ്യേഷ്ഠഭാവത്തിനു പര്യാപ്തയായ യോഗ്യതയുള്ള ചങ്ങനാശേരി മൂത്തകോയിത്തമ്പുരാൻെറ പേർക്കു ഈ അപേക്ഷയെ കാണിച്ച് ഒരു എഴുത്ത് അയച്ചു.

പത്രാധിപർ

എന്നാൽ ധാരാളം മതി. അവിടുന്നു അഗ്രാസനാധിപത്യം വഹിക്കുന്നതു സർവജനങ്ങൾക്കും സമ്മതമായിത്തന്നെ ഇരിക്കും.

മുൻസിപ്പ്

അതിനു സംശയമില്ല.

വന്മാഹാത്മ്യമതും വരിഷ്ഠസഭയിൽ കൊണ്ടാടി
വാഴ്ത്തുംവിധം
വാങ്മാധുര്യവുമത്യുദാരത കലർന്നീടുന്ന സൌജന്യവും
ഇമ്മട്ടുള്ള ഗുണങ്ങളൊക്കെയൊരുപോലൊത്തുള്ളൊ—
രിത്തമ്പുരാൻ
ചെമ്മേ നമ്മുടെ നൽസദസ്സതിലെഴുന്നള്ളുന്നതത്യുത്തമം 57

നംപൂരി

അവിടുത്തേക്കും ശരീരത്തിനു നല്ല സുഖമില്ലാത്തതുകൊണ്ടു ഇപ്പോൾ ഇതു നിർവഹിക്കുന്നതിന് വളരെ ശ്രമമായിരിക്കുന്നു എന്നാണ് മറുപടി വന്നത്.

ഇൻസ്പക്ടർ

ശിവ ശിവ! അവിടുത്തേക്കു ശരീരത്തിനു സുഖക്കേടുണ്ടാകുമോ. എന്നാൽ അത്ഭുതം തന്നെ.

ആയുർവേദമതിൻെറ സാരമഖിലം നന്നായ് ഗ്രഹിച്ചുള്ളൊരാ
സ്ഫായൽ ബുദ്ധിവികാസമാർന്നൊരവിടേക്കാലസ്യ—
മുണ്ടാകിലോ
മായംവിട്ടു തെളിഞ്ഞുനിൽക്കുമിനനെത്താനേ മറെക്കുന്നതി
ന്നായിക്കൊണ്ടിഹ കൂരിരിട്ടു നിയതം വമ്പോടൊരുമ്പെട്ടിടും 58

നംപൂരി

അവിടുത്തേക്കു ദിനചര്യയിൽ വളരെ നിഷ്ഠയുള്ളതുകൊണ്ട് അന്യസ്ഥലങ്ങളിൽ പോയി നിർവഹിക്കുന്നതു ശ്രമമെന്നു വിചാരിച്ചിട്ടാണ്. വളരെ വിനയത്തോടുകൂടി ഈ വിവരത്തെ പ്രകാശിപ്പിക്കുന്നതായി മറിയപ്പള്ളി രാജാവിൻെറ പേർക്കു അവിടുന്ന് ഇങ്ങനെ ഒരു ശ്ലോകം കൂടി അയച്ചിട്ടുണ്ടായിരുന്നു.

ശ്രീമൻ ഭൂപസുഹൃന്മണേ കവിസമാജേ സ്ഥാതുമഗ്രാസനേ
നാർഹാമ്യേവ തഥാപി തത്ര മഹതസ്സാമാജികാനീക്ഷിതും
വാഞ്ഛാ മേ തരളീകരോതി ഹൃദയം ഹാ ഹന്ത കാ വാ ഗതിഃ
പ്രസ്ഥാനായ രുണദ്ധി മാം കൃതമതിം കാര്യാന്തരവ്യഗ്രതാ 59

തഹശീൽദാർ

അവിടുത്തേക്കു സംഗീതത്തിലും വൈദ്യത്തിലും അദ്വിതീയമായ പാണ്ഡിത്യമുണ്ടെന്നു കേട്ടിട്ടുണ്ട്. കവിതാവിഷയത്തിൽ അതുള്ളതായി ധരിച്ചിരുന്നില്ല.

നംപൂരി

ബുദ്ധിമാന്മാരുടെ ബുദ്ധിക്കധീനമാകാതെ ഒരു വിഷയമെങ്കിലുമുണ്ടോ. അയസ്കാന്തത്തിനാകർഷിക്കാൻ വഹിയാത്ത ഇരിമ്പില്ലല്ലൊ. എന്നാൽ ചങ്ങനാശേരി കുഡുംബങ്ങളുടെ ഏകധുരീണനായ ഇവിടുന്ന് കാര്യാന്തരഗൌരവം നിമിത്തം ഇയിടഈ വകയിലൊന്നിലും മനസ്സു വൈക്കാറില്ലെന്നേ ഒള്ളു.

പത്രാധിപർ

വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പിന്നെ എന്താണു നിശ്ചയിച്ചത്.

നംപൂരി

അനന്തരവനും പ്രധാന ശിഷ്യനുമായ രാജരാജവർമ്മകോയിത്തമ്പുരാനെക്കൊണ്ടു ഈ കാര്യം നടത്തിക്കാമെന്നും താൻ തന്നെ ചുമതലയായി പരീക്ഷക്കടലാസുകളെ പരിശോധിക്കയും മററും ചെയ്തുകൊള്ളാമെന്നുമാണ് ഒടുവിൽ നിശ്ചയിച്ചത്.

മുൻസിപ്പ്

ഇവിടുത്തേക്കു സ്വയമേ ഈ കാര്യത്തെ നിർവഹിക്കുന്നതിനു മതിയായ ബുദ്ധിഗൌരവവും ഇംഗ്ലീഷിലും സംസ്കൃതത്തിലും നല്ല പഠിപ്പും കവിതാരചനയിൽ വേണ്ട നൈപുണ്യവും ഉണ്ട്. വിശേഷിച്ചു വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ചുമതലപ്പെട്ടു നടത്തിക്കുന്നതായാൽ സഭെക്കു വേണ്ട ശ്ലാഘ്യതകൾ ഒക്കെ സിദ്ധിക്കും.

ഇൻസ്പെക്ടർ

അതു വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും അധികമായ ബഹുമാനഹേതുവാണ്. ''സ്ഥാനേ സ്വശിഷ്യനിവഹൈർ വിനിയുജ്യമാനാ വിദ്യാ ഗുരും ഹി ഗുണവത്തരമാതനോതി'' എന്നുണ്ടല്ലൊ.

നംപൂരി    പത്രാധിപരോടു സ്വകാര്യമായിട്ട്

വലിയ കോയിത്തമ്പുരാനെ ദയവായി ഈ സഭെക്കയക്കുന്നതിനു തിരുവുള്ളമുണ്ടാകണമെന്നു മൂത്ത തമ്പുരാൻ തിരുമന

സ്സിലേക്കു ഉടനെ ഒരു കമ്പി അയെക്കുന്നതു എല്ലാംകൊണ്ടും നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

പത്രാധിപർ

അങ്ങനെ തന്നെ.

എന്നു രണ്ടാളും കൂടി മുറിയിലേക്കു പോയി കുറച്ചു കഴിഞ്ഞു തിരികെ പ്രവേശിച്ച് യഥാസ്ഥാനം ഇരിക്കുന്നു.

നംപൂരി

സമാജത്തിനു വരുന്ന ആളുകൾക്കു ഭക്ഷണത്തിനും മററും എവിടെയാണ് ഒരുക്കം ചെയ്തിരിക്കുന്നത്.

പത്രാധിപർ

മറിയപ്പള്ളിത്തമ്പുരാനാണ് അതിൻെറ ഭാരം ഏററിരിക്കുന്നത്. തമ്പുരാക്കൻമാർക്ക് മറിയപ്പള്ളികൊട്ടാരത്തിലും നംപൂരിപ്പാടൻമാർക്കു വയക്കര ഇല്ലത്തും ശേഷം പേർക്കു തിരുനക്കര ഊട്ടുപുരയിലും ആകാമെന്നാണ് കല്പിച്ചത്.

ഇൻസ്പക്ടർ

കൊള്ളാം. ഇങ്ങനെ ആക്കുന്നതുതന്നെയാണ് യോഗ്യമായിരിക്കുന്നത്.

തഹശീൽദാർ

ഇവിടുത്തേക്കു ലൌകികാലൌകികങ്ങൾ അറിഞ്ഞു പ്രവൃത്തിക്കുന്നതിനും ഈവക കാര്യങ്ങൾ നിർവഹിക്കുന്നതിനും നല്ല ശേഷിയാണ്.

മുൻസിപ്പ്

വടക്കുനിന്നും വരുന്ന കവികൾ അന്യ രാജ്യക്കാരാകകൊണ്ടു സഭയിൽ നിന്ന് ഒരാൾ പോയി വൈക്കത്തു വച്ചുതന്നെ എതിരേററു കൊണ്ടുപോരുന്നതു ഉചിതമായിരിക്കും.

പത്രാധിപർ

സൌകര്യമുണ്ടെങ്കിൽ നിങ്ങൾ രണ്ടാളും തന്നെയാകുന്നതാണ് നന്ന്.

മുൻസിപ്പ്

അങ്ങനെയാകാം.

ഇൻസ്പക്ടർ

എനിക്ക് ആലുവായ്ക്കും മററും സർക്കീട്ടു പോകേണ്ടിയിരിക്കുന്നതുകൊണ്ട് ഇതിനു തരമാകുമെന്നു തോന്നുന്നില്ല.

നംപൂരി

എന്നാൽ ഞാൻകൂടി വൈക്കത്തേക്കു പോരാം.

മുൻസിപ്പ്

അത് ഉത്തമപക്ഷംതന്നെ.

പത്രാധിപർ

പത്താംതീയതി കഴിയുന്നതും നേരത്തേ തിരികെ എഴുന്ന ള്ളണം.

നംപൂരി

അങ്ങനെതന്നെ.

എല്ലാവരും എഴുന്നേൽക്കുന്നു

തഹശീൽദാർ

ഞാനും രണ്ടു ദിവസം കഴിഞ്ഞു ഇങ്ങോട്ടു കടക്കാം.

പത്രാധിപർ

അങ്ങനെയാകട്ടെ

പത്രാധിപരൊഴികെ ശേഷം എല്ലാവരും പോയി.

പത്രാധിപർ

ശേവക്കാരനെ വിളിച്ചിട്ട്

നംപൂതിരിപ്പാടിവിടിന്നു വന്നു
സമ്പന്നമോദം നിഗദിച്ചതെല്ലാം
വമ്പാർന്ന മാനേജരുതമ്പുരാനോ
ടമ്പോടു താൻപോയറിവിച്ചിടേണം

ശേവക്കാരൻ

ഓ.

എന്ന പോയി

പത്രാധിപർ

ഇനി പല സാമാനങ്ങളും ഒരുക്കേണ്ടതുണ്ട്.

ബെഞ്ചും മേശകളും കസാലകളുമിങ്ങന്യൂനശോഭാഭരം
തങ്ങുന്നോരു സമാജശാലയിൽ നിറച്ചമ്പോടണച്ചീടണം

ഓ അതു തന്നെയും പോരാ.

ചെഞ്ചമ്മേ ചില വന്ദ്യമാം വസുമതീപാലർക്കെഴുന്ന
ള്ളുവാൻ
തഞ്ചത്തിൽ പലവണ്ടിമഞ്ചലുകളും മററും വരുത്തീടണം
അതിനൊക്കെ ആളയെക്കുകതന്നെ.

എന്ന് പോയി.

മൂന്നാം അങ്കം സംപൂർണ്ണം

അനന്തരം പന്തളം കൃഷ്ണവാര്യരു പ്രവേശിക്കുന്നു.

കൃഷ്ണവാര്യർ

അണിയറെക്കു നേരെ നോക്കിക്കൊണ്ട്

നിൽക്കു നിൽക്കു. എങ്ങോട്ടാണിത്ര ബദ്ധപ്പെട്ടു പോകുന്നത്?

അനന്തരം കൊട്ടാരത്തിൽ ശംകുണ്ണി പ്രവേശിക്കുന്നു

ശംകുണ്ണി

വയക്കരെ ചങ്ങനാശേരി തമ്പുരാക്കന്മാരും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും മററും എഴുന്നള്ളീട്ടുണ്ടെന്നു കേട്ടിട്ടു അവരെ കാണാൻ പോകയാണ്.

കൃഷ്ണവാര്യർ

ഓ, എന്നാൽ ഇപ്പോഠം തരമാകയില്ല. അവരൊക്കെയും ഊണു കഴിഞ്ഞു പള്ളിയുറക്കമാണ്. കുറെ മുമ്പു വരായിരുന്നില്ലെ.

ശംകുണ്ണി

ഞാൻ നേരത്തെ വന്നിരുന്നു. അപ്പോഠം ആരും എഴുന്നള്ളീട്ടില്ല. എന്നാൽ ഇനി കുളിച്ചു തൊഴുതു വരാമെന്നു വിചാരിച്ച് അമ്പലത്തിൽ പോയി. അവിടെ പരവൂർ കേശവപിള്ള മുതലായ ചില കവികളെ കണ്ടു വശായി. അവരോട് ഓരോന്നു സംസാരിച്ചുകൊണ്ടുനിന്ന് നേരം വൈകിയതറിഞ്ഞില്ല.

കൃഷ്ണവാര്യർ

ഇന്നു നോക്കുന്ന ദിക്കിലൊക്കെ കവികളെത്തന്നെ കാണാം.

ശംകുണ്ണി

കൊടുങ്ങല്ലൂർനിന്ന് ആരെല്ലാമുണ്ട്.

കൃഷ്ണവാര്യർ

നിർമ്മലകീർത്തികലർന്നൊരു
സന്മതിയാം കുഞ്ഞുകുട്ടനൃപവരനും
വെണ്മണിയാകിയ കവികല
നന്മണിയും മാത്രമേയുള്ളു.

ശംകുണ്ണി

സ്വച്ഛനന്ദമായൊഴുകിടും കവിതാമൃതംകൊ
ണ്ടച്ഛിന്നകൌതുകരസംകവികൾക്കു നൾകി
നൽചന്ദ്രികാവിശദയായൊരു കീർത്തിതേടും
കൊച്ചുണ്ണിഭൂപനിവിടെക്കു വരാഞ്ഞതെന്തേ.

കൃഷ്ണവാര്യർ

അതിനെക്കുറിച്ചു അവർ തങ്ങളിൽ പറയുന്നതു കേട്ടു

ശംകുണ്ണി

എന്താണു പറഞ്ഞത്.

കൃഷ്ണവാര്യർ

ചങ്ങനാശേരി കൊച്ചുതമ്പുരാൻ കുഞ്ഞിക്കുട്ടൻ തമ്പുരാനോട് ഇങ്ങനെ പറഞ്ഞു.

കീർത്തിക്കും കോമളശ്രീതടവിന കവിതാചാതുരിക്കും
ഗുണത്തിൻ
പൂർത്തിക്കും കോട്ടമററുള്ളൊരു വിളനിലമായിട്ടു
പുഷ്ടപ്രമോദം
ധാത്രിക്കോമൽഗളത്തിൽ പെടുമണിമണിയാം കൊച്ചു
കൊച്ചുണ്ണിഭൂപൻ
പ്രീത്യുൽക്കർഷം കലർന്നിസ്സഭയിലണയുമെന്നോർത്തു
ഞാൻ കാത്തിരുന്നേ

ശംകുണ്ണി

ഇതിനു കുഞ്ഞിക്കുട്ടൻതമ്പുരാൻെറ മറുപടി എന്താണ്.

കൃഷ്ണവാര്യർ

പറയാം കേട്ടോളൂ.

കേടററീടിനൊരിസ്സദസ്സിലണവാൻ കാമിച്ചു
ഞാനും ഭൃശം
പ്രൌഢശ്രീകലരുന്നൊരെൻ സഹജനാം കൊച്ചുണ്ണി
ഭൂപാലനും
ഗാഢപ്രീതിയൊടേവരും വഴി പരം കൌതുഹലംപൂണ്ടുടൻ
മാടക്ഷമാപരമന്ദിരത്തിലഴകോടെത്തീ ധരിത്രീപതേ 65

അവിടെയൊരു വസുന്ധരേശ്വരിക്കു
ള്ളവിരളയായ രുജാനിപീഡ നീക്കാൻ
കവികുലമണിസോദരൻ ചികിത്സി
ച്ചവികലജാഗ്രതയോടു വാണിടുന്നു 66

അവരുടെ നിർബന്ധത്താൽ
അവിടേക്കു വരാൻതരം ലഭിച്ചില്ല
വിവരമശേഷം പറവാൻ
സവിനയമരുൾചെയ്തുമത്സഹോദര്യൻ 67

എന്ന്.

ശംകുണ്ണി

കൊച്ചുണ്ണിത്തമ്പുരാനു ചികിത്സയുമുണ്ടോ.

കൃഷ്ണവാര്യർ

അവിടുത്തേക്കു പല വിഷയത്തിലും നല്ല പരിചയമുണ്ട്.

വൈദ്യം വേദാന്തശാസ്ത്രം വിമലതയതിയായ്നൾകു–
മാശ്ശബ്ദശാസ്ത്രം
വിദ്യോതിക്കുന്നതർക്കാഗമമരിയൊരു മാതംഗലീലാദി
ശാസ്ത്രം
ഹൃദ്യശ്രീനാടകാലംകൃതി സരസമഹാകാവ്യ–
മെന്നുള്ളതെല്ലാം
പ്രത്യേകിച്ചും നിനച്ചാൽ കരബദരമിതിന്നൊപ്പമാണി–
പ്പുമാനിൽ

ശംകുണ്ണി

കുഞ്ഞിക്കുട്ടൻതമ്പുരാനെ ഒരിക്കൽ കണ്ടിട്ടുണ്ട്. ഇനി കൊച്ചുണ്ണിത്തമ്പുരാനെക്കൂടി ഒന്നു കണ്ടാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്.

കൃഷ്ണവാര്യർ

അതു ഇപ്പോൾ സാധിക്കയില്ലല്ലൊ. ഇനിയൊരിക്കൽ ആകാം. ആട്ടെ. വലിയകോയിത്തമ്പുരാൻ എഴുന്നള്ളുമൊ. മൂത്തതമ്പുരാൻ തിരുമനസ്സിലെ പേർക്കു അയച്ച കമ്പിക്കു മറുപടി വന്നിട്ടുണ്ടോ.

ശംകുണ്ണി

എഴുന്നള്ളുകില്ല. മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചതായി ശ്രീപാദം കാര്യക്കാരുടെ കമ്പിയും വലിയകോയിത്തമ്പുരാൻെറ തിരുവെഴുത്തും വന്നിട്ടുണ്ട്.

കൃഷ്ണവാര്യർ

എന്താണു അതിൽ പറഞ്ഞിരിക്കുന്നുത്.

ശംകുണ്ണി

വലിയകോയിത്തമ്പുരാനു തൽക്കാലം കോട്ടയത്തേക്കു പുറപ്പെടാൻ സൌകര്യമില്ലാതെയിരിക്കുന്നതിനെക്കുറിച്ചു തിരുമന

സ്സുകൊണ്ടും മനസ്താപപ്പെടുന്നു എന്ന് കമ്പിയിലും മഹാറാണി തിരുമനസ്സുകൊണ്ടു നിങ്ങൾ അയച്ച കമ്പിവർത്തമാനത്തെ എന്നെ കാണിക്കയും അവിടുന്നുതന്നെ ഇവിടെ ഇരിക്കേണ്ടിവരുമെങ്കിലും നിങ്ങൾ വളരെ താല്പര്യപ്പെടുന്നതുകൊണ്ടു ഞാൻ കൂടി പോകണമെന്നു കല്പിക്കയും തിരുമനസ്സുകൊണ്ടു എനിക്കു യാത്രക്കു നല്ല ദിവസംനോക്കിച്ചതിൽ ആദ്യത്തെ മീററിങ്ങ് ദിവസമായ അടുത്ത ബുധനാഴ്ച അല്ലാതെ നല്ല ദിവസമില്ലാത്തതുകൊണ്ടു മനസ്താപപ്പെടുകയും ചെയ്തു എന്നു തിരുവെഴുത്തിലും കാണിച്ചിട്ടുണ്ട്.

കൃഷ്ണവാര്യർ

കഷ്ടം. ഈ കമ്പി കുറെ മുമ്പുകൂട്ടി അയച്ചിരുന്നെങ്കിൽ വലിയകോയിത്തമ്പുരാൻ കൂടി എഴുന്നള്ളുന്നതിനു സംഗതി ആയേനെ.

ശംകുണ്ണി

ഇനി അതു വിചാരിച്ചകൊണ്ടു ഫലമില്ലല്ലൊ.

നോക്കീട്ട്

ഇതാ സഖേ നല്ലൊരു പെട്ടിവണ്ടി
നിതാന്തവേഗത്തൊടു വന്നിടുന്നു
ഇതാരുടേതെന്നറിയുന്നതിന്നു
ധൃതാദരം നാമിതിലേക്കു നോക്കാം 68

രണ്ടാളും സൂക്ഷിച്ചുനോക്കുന്നു

ശംകുണ്ണി

ഇത് എനിക്കു കണ്ട് നല്ല പരിചയമുണ്ട്. മറിയപ്പള്ളിത്തമ്പുരാൻെറ വണ്ടിയാണ്. അകത്ത് അവിടുന്നും ഉണ്ടെന്നു തോന്നുന്നു.

കൃഷ്ണവാര്യർ

വണ്ടി വയക്കരെക്കു തന്നെയാണ് പോകുന്നത്. ഇവിടുന്നു ചെല്ലുമ്പോൾ കൊച്ചുതമ്പുരാക്കന്മാരുണരും.

ശംകുണ്ണി

എന്നാൽ നമുക്കും അങ്ങോട്ടു പോകാം.

കൃഷ്ണവാര്യർ

നമുക്കിപ്പോൾ അവിടെ പോയാലും അവരെ കണ്ടു സംസാരിക്കുന്നതിനു സൌകര്യമുണ്ടാകയില്ല.

ശംകുണ്ണി

അതെന്താണ്.

കൃഷ്ണവാര്യർ

ഉറക്കമുണർന്നാലുടനെ ഒരം പട്ടണം കാണുന്നതിനായിട്ട് നമുക്ക് ഒരു സബാരി പോകണം എന്നു രാവിലെതന്നെ അവരു തങ്ങളിൽ പറയുന്നത് കേട്ടിരിക്കുന്നു. അതുകൊണ്ടിപ്പോഠം അതിനുള്ള ഉത്സാഹമായിരിക്കും.

ശംകുണ്ണി

എന്നാൽ ആ വഴി മനോരമ ആപ്പീസ്സിലും സമാജശാലയിലും കൂടി എഴുന്നെള്ളാതിരിക്കയില്ല. നമുക്കു അവിടെവച്ചു കണ്ടാൽ മതി. അങ്ങോട്ടുതന്നെ പോകാം.

എന്ന് രണ്ടാളും പോയി

പൂർവാംഗം

അനന്തരം മറിയപ്പള്ളി വലിയതമ്പുരാനും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും ചങ്ങനാശേരി ചെറിയ രാമവർമ്മ കോയിത്തമ്പുരാനും അവിടുത്തെ അനുജൻ രവിവർമ്മ കോയിത്തമ്പുരാനും വെൺമണി നംപൂരിപ്പാടും വയക്കര മൂസ്സും മററും പ്രവേശിക്കുന്നു.

മറിയപ്പള്ളി വലിയതമ്പുരാൻ

എന്തൊരുറക്കമാണിത്. ഞാൻ വന്നു വിളിച്ചില്ലെങ്കിൽ ഇപ്പോഴും നിങ്ങളെഴുനീൽക്കയില്ലായിരുന്നു.

രാമവർമ്മകോയിത്തമ്പുരാൻ

ഞങ്ങഠക്ക രണ്ടുമൂന്നു ദിവസം മുഴുവനുള്ള ഉറക്കിളപ്പുകൊണ്ട് ഊണുകഴിഞ്ഞപ്പോഠം വളരെ ക്ഷീണമായി. മൂസ്സിന്റെ ചതുർവിധമായ വിരുന്നും അതിനു നന്നെ സഹായിച്ചു.

രവിവർമ്മ കോയിത്തമ്പുരാൻ

നിഷ്കളങ്ക സന്തോഷത്തോടു കൂടി സുഹൃജ്ജനങ്ങഠം തരുന്ന ഭോജ്യത്തിന് അധികാസ്വാദ്യത ഉണ്ടല്ലോ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അതിനു സംശയമില്ല.

പെരുത്ത നൽ സ്നേഹമൊടൊത്തു തോഴരി
ഞ്ഞൊരുത്തമാഹാരവിശേഷമേകിയാൽ
തരത്തിലാനന്ദമൊടായതാസ്വദി
ച്ചൊരുത്തനും തൃപ്തിവരില്ല നിർണ്ണയം

രവിവർമ്മ കോയിത്തമ്പുരാൻ

ചിരിച്ചുംകൊണ്ട്

അവിടുന്നതിഭംഗിയോടെയിപ്പോ
ളിവിടെച്ചൊല്ലിയ പദ്യമായതിങ്കൽ
അവിവക്ഷിതമായൊരർത്ഥമല്പം
കവിചാതുര്യവശാൽ സ്ഫുരിച്ചിടുന്നു 71

മൂസ്സ്

അവിവക്ഷിതം എന്നു നിശ്ചയിക്കാറായൊ.

രവിവർമ്മ കോയിത്തമ്പുരാൻ

അന്യാർത്ഥം അപ്രകൃതമാകകൊണ്ടിങ്ങനെ പറഞ്ഞതാണ്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ദുരർത്ഥത്തെ കണ്ടുപിടിക്കുന്നതായ അവനവന്റെ ബുദ്ധികൌടില്യം അന്യന്റെ ദോഷമായി ആരോപണം ചെയ്യുന്നത് അത്ര യുക്തമല്ലെന്നാണ് എനിക്കു തോന്നുന്നത്.

വെൺമണി നംപൂരിപ്പാട്

ദുരർത്ഥപ്രതീതിയെ പരിഹരിക്കേണ്ടത് വാക്താവിന്റെ ചുമതലയല്ലെ.

മറിയപ്പള്ളി വലിയതമ്പുരാൻ

നിങ്ങളൊക്കയും ഇന്നു രാവിലെ മറിയപ്പള്ളിയിൽ എത്തുമെന്നാണു കേട്ടിരുന്നത്.

രാമവർമ്മ കോയിത്തമ്പുരാൻ

അങ്ങനെ ആയിരുന്നു ആദ്യത്തെ നിശ്ചയം. അവിടെ എത്തിയപ്പോഠം നേരം കുറച്ചു വൈകിയതുകൊണ്ടും വിശേഷിച്ചു ഞങ്ങളുടെ സ്ഥിതിക്ക് ഠരം സ്ഥലത്ത് വന്നിട്ട് മൂസ്സിന്റെ ലൌകികത്തെ സ്വീകരിക്കാതെ പോകുന്നത് യുക്തമല്ലാത്തതുകൊണ്ടും ഇന്ന് ഇവിടെ താമസിക്കാമെന്നും നാളെ അങ്ങോട്ടു വരാമെന്നും രണ്ടാമതു നിശ്ചയിച്ചതാണ്.

മൂസ്സ്

നിങ്ങളെ ഒക്കെയും ആദരിച്ചാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. എന്നാൽ

ഉപചാരഃ കർത്തവ്യോ യാവദനുൽപന്നസൌഹൃദാഃ പുരുഷാഃ
ഉൽപന്നസൌഹൃദാനാമുപചാരഃ കൈതവം ഭവതി 72

എന്നുള്ള പ്രാമാണികവചനം അതിനെ നിരോധിക്കുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

മൂസ്സിൻെറ ഇപ്പോഴത്തെ ലൌകികം നല്ല പാകമാണ്. ഇതിലധികമായാൽ രണ്ടു കൂട്ടർക്കും ശ്രമമായിത്തീരും.

രാമവർമ്മ കോയിത്തമ്പുരാൻ

സ്വാച്ഛന്ദ്യമാണല്ലൊ എല്ലാവർക്കും സുഖഹേതു. അതിലൌകികം അതിനു പ്രതിബന്ധകമാണ്.

മറിയപ്പള്ളി വലിയതമ്പുരാൻ

എനിക്ക് ആപ്പീസ്സിൽ പോയി ചിലതെല്ലാമന്വഷിക്കേണ്ടതുണ്ട്. ഇവിടെ വന്ന നിങ്ങളെ ഒന്നു കണ്ടുപോകാമെന്നു വിചാരിച്ചാണ് ഇങ്ങോട്ടു കയറിയത്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അവിടുന്ന് ഇതിൻെറ മുഖ്യഭാരവാഹിയാണല്ലൊ. ഞങ്ങളുടെ കൂട്ടത്തിൽ കളിച്ചു നിന്നാലാകയില്ല.

മറിയപ്പള്ളി വലിയതമ്പുരാൻ

എനിക്കു മാത്രമായിട്ട് ഇതിൽ ഒരു ഭാരവാഹിത്വവുമില്ല.

പൊതുവിലിതു ജനങ്ങൾക്കൊക്കെയും ക്ഷേമമേകു
ന്നതിനൊരു വഴിയാണെന്നോർത്തുകൊണ്ടാത്തമോദം
ചതുരതപെരുകീടും നിങ്ങളും ഭംഗിയാകാൻ
മതിതെളിവൊടു യത്നിക്കേണ്ടതും വേണ്ടതല്ലെ.

എല്ലാവരും മടിയന്മാരായിരുന്നാൽ കാര്യമൊന്നും നടക്കുകയില്ലല്ലൊ എന്ന് വിചാരിച്ച് ഞാൻ ഇങ്ങനെ വേഷംകെട്ടി പുറപ്പെട്ടു എന്നേ ഉള്ളു. എന്നാൽ ഞാൻ പോകട്ടെ.

രാമവർമ്മ കോയിത്തമ്പുരാൻ

ഞങ്ങളും ഒരം സ്ഥലമൊക്കെ ഒന്നു ചുററിനടന്നു കണ്ടിട്ട് അങ്ങോട്ടു വരാം.

മറിയപ്പള്ളി വലിയതമ്പുരാൻ

അതിനു വണ്ടിയോ മററൊ വേണ്ടെ.

രാമവർമ്മ കോയിത്തമ്പുരാൻ

വേണം.

മറിയപ്പള്ളി വലിയതമ്പുരാൻ

എന്നാൽ ഞാൻ ആപ്പീസിൽ പോയി അവിടെനിന്ന് വണ്ടി അയയ്ക്കാം.

എന്ന് പോയി.

മൂസ്സ്

വെയിലു കുറേക്കൂടെ ആറീട്ടല്ലേ വെളിയിൽ സഞ്ചരിക്കുന്നതിനു നല്ലത്.

രവിവർമ്മ കോയിത്തമ്പുരാൻ

സ്വേച്ഛാസഞ്ചാര കൌതുകം വെയിലിൻെറ ശക്തിയെ നിരാകരിച്ചുകൊള്ളും.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

വണ്ടി വരുന്നതുവരെ താമസിക്കണമല്ലൊ എന്നാണ് എനിക്ക് വിചാരം.

അനന്തരം ഒരു ശേവക്കാരൻ വണ്ടിയുംകൊണ്ടു പ്രവേശിച്ച്

സമാജശാല തൃക്കൺപാർക്കുന്നതിനു ഇപ്പോഠം എഴുന്നെള്ളുമെന്നു കരുതി പത്രാധിപരു സമയം കാത്തുനിൽക്കുന്നു. വണ്ടിയും അയച്ചിട്ടുണ്ട്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

എന്നാൽ ഇനി എങ്കിലും നമ്മഠക്ക് പുറപ്പെടരുതോ.

രാമവർമ്മ കോയിത്തമ്പുരാൻ

ഓ ഹൊ തെയ്യാർ.

മൂസ്സ്

സന്ധ്യയോടുകൂടി തിരിയെ വരുമല്ലൊ.

രവിവർമ്മ കോയിത്തമ്പുരാൻ

ഞങ്ങഠക്ക് കുമാരനല്ലൂർ തൊഴുകണമെന്നുകൂടി ഉണ്ട്. നാളെ കാണാം.

മൂസ്സ്

എന്നാൽ ഞാനും അകത്തുപോയി പുരാണവായന കഴിക്കട്ടെ.

എന്ന് പോയി.

തമ്പുരാക്കന്മാരും വെണ്മണി നംപൂരിപ്പാടും വണ്ടിയിൽ കയറുന്നു. വണ്ടിക്കാരൻ വണ്ടി നടത്തുന്നു.

രാമവർമ്മ കോയിത്തമ്പുരാൻ നോക്കീട്ട്

നന്നായുള്ള വഴിക്കു തൻപ്രജകളെ നിത്യം നടത്തേണ്ടതാ
ണിന്നാവശ്യകമായ കൃത്യമവനീപാലന്നു മാലെന്നിയേ
എന്നോർത്തിട്ടിഹ മൂലവഞ്ചിനൃപരൻ വെട്ടിച്ചു പുഷ്കാദരം
ധന്യശ്രീകലരുന്നറോട്ടു പലതും ചേണാർന്നുകാണുന്നിതാ

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

വണ്ടി റോട്ടിലെത്തി എന്നുള്ളത് പറയാതെ തന്നെ അറിയാം. എന്തെന്നാൽ നമുക്കിപ്പോഠം,

ഇരുപുറവുമിണങ്ങിത്തിങ്ങിനില്ക്കുന്നൊരോരൊ
തരുനിര തണൽ നന്നായിട്ടു നംകുന്നമൂലം
അരിയൊരു വെയിൽകൊണ്ടിട്ടുള്ള താപങ്ങഠം നീങ്ങി
പ്പെരിയൊരു പരിതോഷംവന്നുദിക്കുന്നു മേന്മേൽ

രവിവർമ്മ കോയിത്തമ്പുരാൻ

അളവററമോദഭാരം
വളരാതെയിരിക്കുമോ നമുക്കിപ്പോഠം
വലിയൊരു പദവിയിലല്ലേ
നലമൊടു നാം വാണിടുന്നതിന്നേരം

വെണ്മണി നംപൂരിപ്പാടു

പാരം പ്രീതികലർന്നിടും പ്രിയസഖന്മാരൊത്തു സന്നദ്ധരായ്
നേരംപോക്കുകളും പറഞ്ഞു പുതുതായോരോന്നു കണ്ടങ്ങനെ
സ്വൈരം നല്ല സബാരിചെയ്യുമളവിൽ ചേരുന്നൊരാനന്ദമി
പ്പാരിങ്കൽ പരമൊന്നിലും വരികയില്ലെന്നാണിതെന്നാശയം

രാമവർമ്മ കോയിത്തമ്പുരാൻ

ഇത്ര രസവത്തായി വേറെ ഒന്നുമില്ല.

രവിവർമ്മ കോയിത്തമ്പുരാൻ

ചൂണ്ടിക്കാണിച്ചുകൊണ്ട്

ഇതാണ് ചങ്ങനാശേരിക്കും മററും പോകുന്ന റോട്ട്.

വെണ്മണി നംപൂരിപ്പാട്

ഠരം കുന്നിൽകൂടി കേറിപ്പോകുന്ന റോട്ട് എവിടെ ചെല്ലുന്നതിനുള്ളതാണ്. കുറേ ദൂരെ ഒരു മാളികയും കാണുന്നുണ്ട്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അവികലകാന്തികലർന്നൊരു
സുവിമലശരദിന്ദുമണ്ഡലംപോലെ
അവിടെ വിളങ്ങും മാളിക
ഡിവിഷൻകച്ചേരിയെന്നറിഞ്ഞാലും

ഈ സ്ഥലം ഒക്കയും എനിക്കു പരിചയമുണ്ട്. കഴിഞ്ഞ കൊല്ലം ഞാനിവിടെ വന്നു രണ്ടുമൂന്നു ദിവസം താമസിച്ചില്ലെ.

വെൺമണി നംപൂരിപ്പാട്

ഠരം സ്ഥലം ഏതാണ്.

രവിവർമ്മ കോയിത്തമ്പുരാൻ

ഇതു കന്നുകഴി അപ്പോത്തിക്കരി ചികിൽസ ചെയ്തു താമസിക്കുന്ന ഇംഗ്ലീഷ് വൈദ്യശാലയാണ്.

വെൺമണി നംപൂരിപ്പാട്

സാക്ഷാൽ ധർമ്മാശുപത്രിയൊ.

രവിവർമ്മ കോയിത്തമ്പുരാൻ

അല്ല. അത് ഇവിടെനിന്നു കുറച്ചു വടക്കു കിഴക്കായിട്ടാണ്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഇയാൾക്ക് വൈദ്യത്തിലൊക്കെയും നല്ല പരിചയമുണ്ടോ.

രവിവർമ്മ കോയിത്തമ്പുരാൻ

ഉവ്വ്.

ചൊൽപൊങ്ങിടും പടുതയുണ്ടു പഠിപ്പുമുണ്ട്
കൈൾപ്പോടു വൈദ്യമതുചെയ്തു പഴക്കമുണ്ട്
നൽബുദ്ധിഗൌരവവുമുണ്ടു സഭേ വിശേഷാൽ
കൈപ്പുണ്യമൊന്നധികമുണ്ടു ചികിത്സയിങ്കൽ

അതാണല്ലൊ ചികിൽസക്കാർക്കു മുഖ്യമായി വേണ്ടത്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

പാരാതേ വിത്തമേകിപ്പരമിഹ പനിനീരാദിയാലാത്തഗന്ധ
ന്മാരായിട്ടുള്ളനേകം പുരുഷരതനുതാപാർത്തരായ്
വാഴ്കയാലെ
ഓരോരോ വൈദ്യശാലാനിലയമിവിടഹോ വാരനാരീജനാനാ
മാരേമൽ ഭംഗിതേടും മണിഗൃഹമതുപോൽതന്നെ
ശോഭിച്ചിടുന്നു 80

രവിവർമ്മ കോയിത്തമ്പുരാൻ

ഇതു പുത്തൻകച്ചേരിയാണ്.

രാമവർമ്മ കോയിത്തമ്പുരാൻ

പറയാതെതന്നെ അറിയാം.

ആർത്തന്മാരായൊരോ കക്ഷികളവിടവിടെച്ചേന്നു
നിൽക്കുന്നകൊണ്ടും
പേർത്തും വക്കീൽപണിക്കാരുടെ പലവക വാദങ്ങൾ
കേൾക്കുന്നകൊണ്ടും
ചീർത്തിട്ടോരോ ഗദാപാണികളിടയിടയിൽ സഞ്ചരിക്കുന്ന
കൊണ്ടും
പാർത്താൽ കച്ചേരിയാണെന്നതുമൊരുവനുരയ്ക്കാ
തുറയ്ക്കാവതല്ലൊ

രവിവർമ്മ കോയിത്തമ്പുരാൻ

നമ്മൾക്ക് അങ്ങാടി കാണണ്ടെ.

രാമവർമ്മ കോയിത്തമ്പുരാൻ

വേണം.

വണ്ടിക്കാരനോട്

വണ്ടി അങ്ങോട്ടു കൊണ്ടുപോകണം.

വണ്ടിക്കരൊൻ

അടിയൻ. എന്ന് വണ്ടി നടത്തുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഇതാ അങ്ങാടി കണ്ടുതുടങ്ങി.

മുററും പീടികയുണ്ടു രണ്ടുപുറവും ഭംഗ്യാ വിളങ്ങുന്നതിൻ
മുററത്തിൽ പലരും ഗതാഗതമിതാ ചെയ്യുന്നു പെയ്യുംമുദാ
ചുററുംചേർത്തു നിരത്തിവെച്ചിടുമോരോ പുത്തൻ
പദാർത്ഥങ്ങളും
മററും കണ്ണിണയങ്ങുമിങ്ങുമിവിടാകർഷിച്ചിടുന്നഞ്ജസാ 82

രാമവർമ്മ കോയിത്തമ്പുരാൻ

ഈ കടകളിലുള്ള ഓരോ വിശേഷ പദാർത്ഥങ്ങളെ കണ്ടു കൊണ്ട് അങ്ങുമിങ്ങും നടക്കുന്ന ജനങ്ങൾക്ക് ഒരിക്കലും വിനോദപ്രതിബന്ധമുണ്ടാകയില്ല.

രവിവർമ്മ കോയിത്തമ്പുരാൻ

ഈ കടകളിൽ

കളവൊരു ലവലേശംപോലുമില്ലാത്ത സാധു
ക്കളുടെ മനസിചേരും ഗൂഢവൃത്തങ്ങൾപോലെ
തെളിവിനൊടൊരു വൻവന്നിങ്ങടുക്കുന്നനേരം
വെളിയിലുടനിറങ്ങും ഗുപ്തമായുള്ളതെല്ലാം 83

വെൺമണി നംപൂരിപ്പാട്

ഞെരുക്കംകൂടാതേ പലപല പദാർത്ഥങ്ങളിവിടെ
പ്പുരക്കെക്കിട്ടുന്നുണ്ടിതുപൊഴുതിലെന്നാകിലുമഹോ
സ്ഫുരിക്കുന്നോരോരൊ കടകളിലിതാ പട്ടണിയതാ
യിരിക്കുന്നുണ്ടെന്തെന്തിതിനു ബത ബന്ധം നരപതേ 84

രാമവർമ്മ കോയിത്തമ്പുരാൻ

ഇങ്ങനെയുള്ള അത്ഭുതങ്ങൾ പലതും ഇവിടെ കാണാം.

വണ്ടിക്കാരൻ

ഇവിടെ അങ്ങാടിയുടെ കിഴക്കെ അററമായി. ഇനി ഈ റോട്ടിൽകൂടിത്തന്നെ മനോരമ ആപ്പീസ്സിലേക്ക് എഴുന്നള്ളുകയല്ലെ.

രാമവർമ്മ കോയിത്തമ്പുരാൻ

തിരികെ ചെന്ന് കച്ചേരിയുടെ വടക്കുവശത്തുള്ള റോട്ടിൽ കൂടി ആകട്ടെ.

വണ്ടിക്കാരൻ വണ്ടി തിരിച്ചു നടത്തുന്നു

വെൺമണി നംപൂരിപ്പാട്

ഇതാ ഇവിടെ തെക്കുവശത്ത് ഒരു വലിയ ബംക്ളാവു കാണുന്നുണ്ട്.

രവിവർമ്മ കോയിത്തമ്പുരാൻ

അത് മുസാവരി ബംക്ളാവാണ്.

രാമവർമ്മ കോയിത്തമ്പുരാൻ

സാവധാനത്തിൽ നോക്കീട്ട്

മുററത്തു നിൽക്കുന്ന കാററാടിമരങ്ങളുടെ ഝംകാരശബ്ദം കൊണ്ടും ഭംഗിയായി തളിർത്തുപൂത്തുനിൽക്കുന്ന പലമാതിരി പൂച്ചെടികളുടെ മനോഹര കുസുമങ്ങൾകൊണ്ടും പിച്ചകം പനിനീർച്ചമ്പകം മുതലായ സുഗന്ധപുഷ്പങ്ങളുടെ സൌരഭ്യം കൊണ്ടും എല്ലാ സമയവും നല്ലവണ്ണം കായ്ക്കുന്ന തൈമാവുകളുടെ ഫലങ്ങൾകൊണ്ടും ഉയർച്ചകൊണ്ട് തടവുകൂടാതെ സഞ്ചരിക്കുന്ന മന്ദമാരുതൻ കൊണ്ടും ഈ സ്ഥലം പഞ്ചേന്ദ്രിയങ്ങൾക്കും ഒരുപോലെ പരമാനന്ദപ്രദമായിരിക്കുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ  മുററത്തു നോക്കിക്കൊണ്ട്

ഇതാ ഇവിടെ.

ഈടാർന്നീടുന്ന വെള്ളത്തരിമണലു വിരിച്ചുള്ള മുററത്തു ചുററും
വാടാവല്ലിപ്പുതുപ്പൂ നിര വരിവരിയായിട്ടു നിൽക്കുന്ന കണ്ടാൽ
കേടാകാതുള്ള പുത്തൻപവിഴമണികൾ നൻമുത്തുമൊന്നിച്ചു
ചേർത്തി—
ട്ടൂഢാമോദം ചമച്ചീടിന സുരുചിരമാം കുട്ടിമംപോലെ
തോന്നും 85

രവിവർമ്മ കോയിത്തമ്പുരാൻ

ഒട്ടുമാകുലതപൂണ്ടിടാതെയി
ഞ്ഞൊട്ടുമാവുകൾ വിളങ്ങിടുന്നിതാ

വെൺമണി നംപൂരിപ്പാട്

മുട്ടുമാറഴകൊടൂഴിയിൽ ഫലം
പുഷ്ടമായി വിലസുന്നിവററയിൽ

രാമവർമ്മ കോയിത്തമ്പുരാൻ

ഇവിടെ വേറെ ചില ബംക്ളാവുകൾ കൂടി കാണാനുണ്ട്.

വെൺമണി നംപൂരിപ്പാട്

ഇതൊക്കെയും സായ്പൻമാരു താമസിക്കുന്ന ബംക്ളാവുകളല്ലെ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അതെ.

വെൺമണി നംപൂരിപ്പാട്

ഈ വെള്ളക്കാരുടെ ബംക്ളാവുകൾ പ്രായേണ പൊക്കമുള്ള കുന്നുകളിലായിരിക്കും.

രാമവർമ്മ കോയിത്തമ്പുരാൻ

എല്ലാവർക്കും ഉന്നതസ്ഥിതിയിലാണല്ലൊ ആഗ്രഹം. ബുദ്ധിമാൻമാരും ഉത്സാഹികളുമായ യൂറോപ്യൻമാർ അതിനെ ശെരിയായി ഫലിപ്പിക്കുന്നുണ്ട്. മടിയൻമാരും മന്ദബുദ്ധികളുമായ നമ്മുടെ കൂട്ടക്കാർക്കാണ് നാൾക്കുനാൾ താഴ്ച വരുന്നത്.

വെൺമണി നംപൂരിപ്പാട്

ഈ പുത്തൻകച്ചേരിയുടെ കിഴക്കുവശം കുറേ സ്ഥലം കുടികളും ചെടികളുംകൂടി ഇല്ലാതെ വെൺമട്ടമായി കിടക്കുന്നതെന്താണ്.

രവിവർമ്മ കോയിത്തമ്പുരാൻ

ഇവിടെവെച്ച് ഇപ്പോഴത്തെ ദിവാൻജി പേഷ്കാരായിരുന്നപ്പോഠം എർപ്പെടുത്തിയതായി ആണ്ടുതോറും മീനമാസം എട്ട്, ഒമ്പത്, പത്ത് ഈ തീയതികളിൽ കാളക്കച്ചവടവും ജനങ്ങഠം കൊണ്ടുവരുന്ന ഓരോ വിശേഷപദാർത്ഥങ്ങഠംക്ക് ക്ളാസുതിരിച്ച് സർക്കാരിൽനിന്ന് ഇനാം കൊടുക്കയും ചെയ്യുന്നതായി കെട്ടുകാഴ്ച എന്നു പേരായ ഒരു വലിയ ആഘോഷം നടത്തിപ്പോരുന്നുണ്ട്. ആ വകെക്ക് ഉപയോഗപ്പെടുത്തുന്ന സ്ഥലമാണിത്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഠം കച്ചേരിയുടെ വടക്കുപടിഞ്ഞാട്ടു മാറി കാണുന്നതല്ലേ നൂറെറട്ടു ശിവാലയങ്ങളിൽ ഒന്നായി ഗണിക്കപ്പെടുന്ന തിരുനക്കര ക്ഷേത്രം.

രവിവർമ്മ കോയിത്തമ്പുരാൻ

അതെ.

വെൺമണി നംപൂരിപ്പാട്

ഇവിടെ ഉള്ള ശാലാമയമായ ഒരു വൃഷഭത്തിന് ചില ഉൽപാതകാലങ്ങളിൽ പരു വന്നു പൊട്ടുമെന്നു കേട്ടിട്ടുണ്ട്. ഇപ്പോഴും അങ്ങനെ ഉണ്ടോ.

രാമവർമ്മ കോയിത്തമ്പുരാൻ

ചിലപ്പോഠം ഉണ്ട്.

രവിവർമ്മ കോയിത്തമ്പുരാൻ

വാമാങ്കത്തുങ്കൽ വാഴും മലകളുടെ നൽപോർ
മലർക്കുന്നു മന്ദം
പ്രേമാവേശം കലർന്നിട്ടഴകൊടു തഴുകിക്കൊണ്ടു ചൊൽ
ക്കൊണ്ട മോദാൽ
കാമംപാർശ്വേ കളിക്കും ഗജവദനഗുഹൻമാരൊടൊന്നിച്ചു
വാഴും
സ്വാമിൻ ശ്രീസോമലേഖാഭരണ കരുണയാ ഞങ്ങളേ
കാത്തുകൊഠംക

എല്ലാവരും തൊഴുകുന്നു

രാമവർമ്മ കോയിത്തമ്പുരാൻ

ഈ കവിസമാജം ശുഭമായി നടക്കുന്നതിനുവേണ്ടി ഇതിൻെറ നിർവാഹകനായ മറിയപ്പള്ളിലേ അവിടുന്ന് ഇപ്പോഠം ഇവിടെ വിശേഷാൽ ചില വഴിപാടുകഠം നടത്തിപ്പോരുന്നുണ്ട്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഇവിടെ എങ്ങാണ്ടോ കമ്പി ആപ്പീസ് ഉണ്ടല്ലൊ.

രവിവർമ്മ കോയിത്തമ്പുരാൻ

അതിവിടെനിന്നു കുറച്ചുകൂടി വടക്കു നീങ്ങിയാണ്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

നമുക്ക് അവിടെകൂടി പോയെങ്കിലോ.

രവിവർമ്മ കോയിത്തമ്പുരാൻ

നാലുമണി കഴിഞ്ഞു പോയതുകൊണ്ട് ഇനി ചെന്നാലും അതിന്റെ സമ്പ്രദായം ഒന്നും കാണാൻ കഴികയില്ല.

വെൺമണി നംപൂരിപ്പാട്

ഇത് അത്യത്ഭുതമായ ഒരു സൂത്രമാണ്. ഇതിനെ ആദ്യം കണ്ടുപിടിച്ച മഹാപുരുഷന്റെ ബുദ്ധിനൈപുണ്യം അനിർവാച്യം തന്നെ.

പാരാവാരം കടന്നിട്ടധികമകലെയുള്ളന്തരീക്ഷത്തിലുണ്ടാ
മോരോവൃത്താന്തമെല്ലാമരഞൊടിയിടകൊണ്ടിങ്ങു
നന്നായി ഗ്രഹിപ്പാൻ
വേറേ മറ്റെന്തുമാർഗം ശിവശിവശിവനേ വമ്പെഴും
കമ്പിതന്നിൽ
ചേരുംവേഗം നിനയ്ക്കുന്നളവിലിഹ മനോവേഗവും
തോററുപോകും

രാമവർമ്മ കോയിത്തമ്പുരാൻ

കമ്പിയാപ്പീസും മിഷ്യൻ വക വലിയ ഇംഗ്ലീഷ് പള്ളിക്കൂടവും മററും നാളെ വന്നു കാണാം.

രവിവർമ്മ കോയിത്തമ്പുരാൻ

നമ്മടം വളരെനേരമായല്ലൊ വണ്ടിയിലിരിക്കുന്നു. ഇനി കുറച്ചു ഇറങ്ങി നടന്നുവെങ്കിലോ.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

എന്നാൽ ഇവിടെ അടുക്കൽ ചില നല്ല കുന്നുകളുണ്ട്. ഈ സമയം അതിൽ സഞ്ചരിക്കുന്നത് വളരെ രസമുള്ളതാണ്.

രാമവർമ്മ കോയിത്തമ്പുരാൻ

എന്നാൽ വണ്ടി അങ്ങോട്ടു നടത്തട്ടെ.

വണ്ടിക്കാരൻ വണ്ടി നടത്തുന്നു

വെണ്മണി നംപൂരിപ്പാട്

ഇതാ ഇവിടെ ഒരു കുന്നു കാണുന്നുണ്ട്.

നീലേന്ദ്രാചലകോമളദ്യുതികലർന്നീടുന്നിളം ശാഡ്വലം
മേലേ ചേർത്തു വിരിച്ചപോലെ വിലസും ചൊൽക്കൊണ്ടു
നൽകുന്നിതാ

രവിവർമ്മ കോയിത്തമ്പുരാൻ

ചാലേ ചാരുതപൂണ്ട നീലവസനത്താലേ മറച്ചുള്ളൊര
ച്ചേലേറുന്ന ധരിത്രിതൻ കുചഭരംപോലെ വിളങ്ങുന്നഹോ

രാമവർമ്മ കോയിത്തമ്പുരാൻ

വണ്ടി കുന്നിൻെറ ചുവട്ടിലായി. ഇനി ഇറങ്ങാം.

എല്ലാവരും വണ്ടിയിൽനിന്നിറങ്ങി
കുന്നിൽ കേറുന്നു

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഇവിടെ ഇടകലർന്നു നിൽക്കുന്ന ചെത്തി ഞാറ കദളി മുതലായ ചെടികളുടെ നിബിഡമായ ദലനികരംകൊണ്ടും നാനാവർണ്ണങ്ങളായ പൂങ്കുലകൾകൊണ്ടും കർണ്ണമധുരങ്ങളായ ശബ്ദങ്ങളോടു കൂടി അതുകളിൽ കളിയാടുന്ന പലവക പക്ഷികളുടെ ചേഷ്ടാവിശേഷങ്ങൾ കൊണ്ടും ഈ സ്ഥലം കാഴ്ചക്കാർക്കു വളരെ കൌതുകത്തെ ജനിപ്പിക്കുന്നു.

രാമവർമ്മ കോയിത്തമ്പുരാൻ

സ്പർശസുഖത്തെ നടിച്ചിട്ട്

ംരംയുള്ള പൂച്ചെടികൾതൻ പുതുതേൻകണങ്ങൾ
പെയ്യിച്ചുകൊണ്ടണയുമീ മൃദുവാതപോതം
മെയ്യിൽ തലോടി നലമോടു നമുക്കിദാനീം
പൊയ്യല്ല നല്ല സുഖമിങ്ങു വളർത്തിടുന്നു 91

കുഞ്ഞിക്കുട്ടൻ തമ്പുരാൻ കിഴക്കോട്ടു നോക്കീട്ട്

ഓ, നോമിനി ഇവിടെ നിന്നാൽ പന്തിയാവില്ല.

കിഴക്കായിട്ടു കാണുന്നു
മഴക്കാറതികേമമായ്
ഒഴിക്കാവല്ലയെന്നാകിൽ
കുഴക്കായിവരും ദൃഢം 92

രവിവർമ്മ കോയിത്തമ്പുരാൻ നോക്കീട്ട്

അവിടുന്നു ഭ്രമിച്ചുപോയതാണ്.

മേട്ടിൽ തിങ്ങിനിരന്നുനീളെ വിലസുന്നോരോരൊ വൃക്ഷങ്ങടെ തൻ
നീലച്ഛായ കലർന്നിടുന്നിലകളാലാകെ കറുത്തങ്ങനെ
നീലക്കാറണിയിട്ടപോലെയകലത്തായിട്ടു കാണുന്നതാ
ച്ചേലൊക്കുന്നോരു പീരിമേടു മലയാണെന്നോർക്കണേ നോക്കണേ 93

അസ്തമിച്ചതിന്റെ ശേഷം ഈ സ്ഥലത്ത് വന്നു പടിഞ്ഞാട്ടു നോക്കുന്നവർക്കും

ബന്ധൂകപ്പുതു മലരൊത്ത കാന്തിപൂരം
ചിന്തീടും സുരുചിരപൂർണ്ണചന്ദ്രബിംബം
സന്ധ്യയാമഴകിനൊടീവിധം പടിഞ്ഞാ
റെന്തെന്തേ ദിനമനു വന്നുദിച്ചീടുന്നു.

എന്ന് ഇങ്ങനെ വേറെ ഒരു ശങ്ക ജനിക്കാറുണ്ട്.

വെണ്മണി നംപൂരിപ്പാട്

ഇത് എന്താണെന്നു മനസ്സിലായില്ല.

രവിവർമ്മ കോയിത്തമ്പുരാൻ

ആലപ്പുഴ ഒരു ലൈററുഹൌസുണ്ടെന്നു കേട്ടിരിക്കാം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

കപ്പൽക്കാരുടെ ഉപയോഗത്തിനു വേണ്ടി അത്യുന്നതമായി കെട്ടി ഉണ്ടാക്കീട്ടുള്ള ഒരു ദീപസ്തംഭം അല്ലേ.

രവിവർമ്മ കോയിത്തമ്പുരാൻ

അതേ

വെണ്മണി നംപൂരിപ്പാട്

ആ ദീപം ഇവിടെ നിന്നാൽ കാണാമോ. അമ്പോ എന്നാൽ സ്തംഭത്തിന് എത്രമാത്രം ഉയരമുണ്ടായിരിക്കണം.

രാമവർമ്മ കോയിത്തമ്പുരാൻ

ആ സ്തംഭത്തിന്റെ ഔന്നത്യവും അകത്തുകൂടി മുകളിൽ കയറുന്നതിനുള്ള മാർഗവും അവിടെ വിളക്കു വയ്ക്കുന്ന സംപ്രദായവും മററും പ്രേക്ഷകന്മാർക്ക് വളരെ വിസ്മയം തോന്നിക്കും.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ പടിഞ്ഞാട്ടു നോക്കീട്ട്

വെയിലാറിത്തുടങ്ങി.

കൊച്ചുന്നാളിൽ തുടങ്ങീട്ടധികപരുഷമാം തൻകരം
കൊണ്ടു ലോകർ
ക്കച്ഛമിന്നം താപമേകിച്ചരമഗതിയടുത്തോരു നേരത്തിദാനീം
തച്ശാന്തിക്കായ് ദിനേശൻ സുഖമൊടനുഭവിച്ചീടുവാൻ
തക്കവണ്ണം
സ്വച്ഛന്ദം തൻവസുശ്രേണിയെ ജനതതിയിൽ ചേർത്തിടു
ന്നാത്തമോദം

ഇനി മനോരമ ആപ്പീസ്സിലും മററും പോകണ്ടെ.

രാമവർമ്മ കോയിത്തമ്പുരാൻ

വേണം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഏന്നാൽ വണ്ടിയിൽ കയറാം.

എല്ലാവരും വണ്ടിയിൽ കയറുന്നു

വണ്ടിക്കാരൻ വണ്ടി നടത്തുന്നു

വെണ്മണി നംപൂരിപ്പാട്

ഒരം കോട്ടയം സാമാന്യം നല്ല പട്ടണമായിട്ടുണ്ട്.

രാമവർമ്മ കോയിത്തമ്പുരാൻ

മുമ്പ് ഈ സ്ഥലം വളരെ കഷ്ടസ്ഥിതിയിലായിരുന്നു. കേവലം കുററിക്കാടുകളും കുന്നുകളും മാത്രമേ ഉണ്ടായിരുന്നൊള്ളു. പിന്നെ ഇപ്പോഴത്തെ ദിവാൻജിയുടെ ഉത്സാഹം നിമിത്തമാണ് ഇത്രത്തോളം പരിഷ്കാരം സിദ്ധിച്ചത്.

സീമാതീതവിലാസമാർന്നു പുതുതായുള്ളോരു കച്ചേരിയും
സാമാനങ്ങളശേഷവും സുലഭമായ് തിങ്ങീടുമങ്ങാടിയും
ഒരം മാർഗങ്ങളുമൊക്കെയും സുഭഗമായിമ്മട്ടു നിർമ്മിച്ചതീ
ശ്രീമാനാകിയ രാമരായരു ദിവാനാണെന്നറിഞ്ഞീടണം

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

രാജ്യപരിഷ്കാരം മന്ത്രിമാർക്ക് മുഖ്യകർത്തവ്യമാണല്ലൊ.

രവിവർമ്മ കോയിത്തമ്പുരാൻ

ഈ വടക്കുവശത്തു കാണുന്ന സ്ഥലമാണ് ധർമ്മാശുപത്രി. അഗതികളായി വന്നു താമസിക്കുന്ന രോഗികൾക്ക് ഭക്ഷണച്ചിലവിനുകൂടി ഇവിടെ വകവെച്ചിട്ടുണ്ട്. സർക്കാരിലേക്ക് ഈ വകെക്ക് വളരെ ചിലവാണ്.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഈവക ഏർപ്പാടുകൾ ഇവിടെ അല്ലാതെ മറെറാരു രാജ്യങ്ങളിലുമില്ല.

വെണ്മണി നംപൂരിപ്പാട്

ഇതുകൊണ്ടുതന്നെ അല്ലേ ധർമ്മരാജ്യമെന്നു പറയുന്നത്.

നിർമ്മായകീർത്തി കലരുന്നൊരു വഞ്ചിരാമ
വർമ്മാവനീന്ദ്രനനുവാസരമീവിധത്തിൽ
ധർമ്മാദികൊണ്ടു വളരുന്നൊരു പുണ്യപൂര
മമ്മാ കഥിപ്പതിനനന്തനുമാവതല്ല.

രാമവർമ്മ കോയിത്തമ്പുരാൻ

അങ്ങനെ തന്നെയാണ്.

വണ്ടിക്കാരൻ

ഇവിടെ മനോരമ ആപ്പീസായി.

രാമവർമ്മ കോയിത്തമ്പുരാൻ

എന്നാൽ ഇറങ്ങാം.

എല്ലാവരും ഇറങ്ങുന്നു

രവിവർമ്മ കോയിത്തമ്പുരാൻ

ഇതാ പത്രാധിപര് ഇങ്ങോട്ടുതന്നെ വരുന്നു.

അനന്തരം പത്രാധിപരു പ്രവേശിക്കുന്നു.

പത്രാധിപർ

അടുത്തുചെന്ന് ആചാരം ചെയ്തിട്ട്

അടിയനു രാവിലെതന്നെ അവിടെ വിടകൊണ്ട് മുഖം കാണിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. സമാജം സംബന്ധിച്ചു പല ജോലികളുമുണ്ടായിരുന്നതുകൊണ്ട് അതിനു സംഗതിയായില്ല.

രാമവർമ്മ കോയിത്തമ്പുരാൻ

വന്നുകാണുക എന്നുള്ളത് കേവലം ഒരു ഉപചാരമെന്നേ ഉള്ളു. അതിനായിട്ടു വിചാരിച്ചപ്പോൾ തന്നെ ചെയ്ത ഫലം സിദ്ധിച്ചിരിക്കുന്നു.

പത്രാധിപർ

കുഞ്ഞിക്കുട്ടൻ തമ്പുരാനോട്

കൊച്ചുണ്ണിത്തമ്പുരാൻ എഴുന്നള്ളുകില്ലായിരിക്കാം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അവിടെക്കു വരുന്നതിനു നന്നെ ഉത്സാഹമുണ്ടായിരുന്നു- എങ്കിലും നിവൃത്തിയില്ലാത്തതായ ഒരു പ്രതിബന്ധം വന്നു കൂടി.

പത്രാധിപർ

നംപൂരിപ്പാട് രാവിലെ വർത്തമാനമൊക്കെയും കല്പിച്ചു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

നംപൂരി രാവിലെ വയക്കരനിന്നും പിരിഞ്ഞതാണ്. പിന്നെ ഇതുവരെ കാണാൻ കഴിഞ്ഞില്ല.

പത്രാധിപർ

അവിടുത്തേക്ക് ഇന്ന് ക്ഷണനേരംപോലും വിശ്രമമുണ്ടായിട്ടില്ല. തിരുനക്കര ഊട്ടുപുരയിലും മററും കൂടി ചെന്ന് അന്വേഷിച്ചു പോരാമെന്ന് പറഞ്ഞ് ഇപ്പോഠതന്നെയാണ് ഇവിടെനിന്ന് എഴുന്നള്ളിയത്.

രവിവർമ്മ കോയിത്തമ്പുരാൻ

മറിയപ്പള്ളിലെ അവിടുന്നു ഇവിടെ ഉണ്ടോ.

പത്രാധിപർ

അവിടെ വിശേഷാൽ തമ്പുരാക്കന്മാരും മററും വന്നിട്ടുള്ളതുകൊണ്ട് പകലേതന്നെ അങ്ങോട്ട് എത്തണമെന്നു കല്പിച്ച് കുറേ മുമ്പുതന്നെ എഴുന്നള്ളി.

വെണ്മണി നംപൂരിപ്പാട്

നമുക്ക് ആപ്പീസിൻെറ അകത്ത് ഒക്കെയും കേറി നോക്കാം.

പത്രാധിപർ

മൂന്നുനാലു ദിവസമായി ആപ്പീസിലെ വേലകഠ ഒക്കെയും നിറുത്തിവച്ചിരിക്കയാണ്. ഇപ്പോഠ അകത്ത് എഴുന്നള്ളിയാലും പുതിയ യന്ത്രത്തിൽ അച്ചിടുന്ന മാതിരിയും മററും കാണാനാകയില്ല. സമാജശാലയിൽ എഴുന്നള്ളി തൃക്കൺപാർക്കുകയല്ലെ.

രാമവർമ്മ കോയിത്തമ്പുരാൻ

അങ്ങനെതന്നെ.

പത്രാധിപർ

ഇങ്ങനെ എഴുന്നള്ളാം.

എല്ലാവരും ചുററിനടക്കുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ ശാലയെ കണ്ടിട്ട്

ഉൻമേഷത്തൊടലങ്കരിച്ചഴകെഴും നൽപട്ടു മേക്കട്ടിയാൽ
മേൻമേൽ സൌരഭമോർന്നിടും പലതരം പൂമാലചേർത്തി–
ങ്ങനെ
നമ്മെക്കൌതുകമോടുകൂടിയെതിരേൽപാനായൊരും–
പെട്ടഹോ
ചെമ്മേ വാസകസജ്ജികാസദൃശിയായ് നിൽക്കു–
ന്നിതാ ശാലയും

എല്ലാവരും അകത്ത് കടക്കുന്നു

രവിവർമ്മ കോയിത്തമ്പുരാൻ നോക്കീട്ട്

വിസ്താരമേറെയിവിടുള്ളതുകൊണ്ടു പാർത്താ
ലിസ്ഥാനമാർക്കുമൊരു കോടതിയെന്നു തോന്നും

വെൺമണി നംപൂരിപ്പാട്

കെല്പോടിതിന്നൊരു വിശേഷവുമുണ്ടു കുററം
കല്പിക്കയില്ലിവിടൊരുത്തനുമൊന്നുകൊണ്ടും

രാമവർമ്മ കോയിത്തമ്പുരാൻ

സമാജശാലയുടെ അലങ്കാരവും മററും വളരെ ഭംഗിയായി
രിക്കുന്നു.

പത്രാധിപർ

ഇതൊന്നുംകൊണ്ട് ശാല അലംകൃതയായി എന്ന് അടിയൻ വിചാരിക്കുന്നില്ല. നാളെ നിങ്ങൾ എല്ലാവരും ഇവിടെ എഴുന്നള്ളിയിരിക്കാൻ സംഗതിയായെങ്കിൽ മാത്രമേ ഇതിന് അലങ്കാരം സിദ്ധിക്കയുള്ളൂ.

വെൺമണി നംപൂരിപ്പാട് പടിഞ്ഞാട്ടു നോക്കീട്ട്

നേരം സന്ധ്യയായിത്തുടങ്ങി.

മാനംകൈവിട്ടുപോകാനിടവരുമെവനും വാരുണീ–
സേവകൊണ്ടേ
നൂനംകൂടാതെ ലോകർക്കിതുപൊഴുതുപദേശത്തിനേ
ചെയ്തുകൊണ്ട്
നാനാലോകപ്രദീപപ്രഭതേടവിടുമിപ്പത്മിനീ
പ്രാണനാഥൻ
താനും മാനംവെടിഞ്ഞച്ചരമശിഖരിയിൽ ചെന്നിതാ
ചേർന്നിടുന്നു

രാമവർമ്മ കോയിത്തമ്പുരാൻ

ഞങ്ങൾക്ക് കുമാരനല്ലൂർക്ക് പോകണമെല്ലോ. ഇനി താമസിച്ചാലാകയില്ല.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

എന്നാൽ അങ്ങനെ ആകട്ടെ. നാളെ കാണാം.

എന്ന് എല്ലാവരും പോയി.

നാലാമങ്കം സംപൂർണ്ണം

അനന്തരം എരുമത്തൂരു വാസുദേവൻ നംപൂരി
പ്രവേശിക്കുന്നു.

വാസുദേവൻ നംപൂരി

ചേലാർന്ന സൽക്കവികാന്തൻ കളവാങ്മധൂളി
ലീലാരസത്തൊടു നുകർന്നു നുകർന്നിദാനീം
വേലാതിഗപ്രമദമാർന്ന നമുക്കു രണ്ടു
നാളായി നേരമറിയാതെ കഴിഞ്ഞിടുന്നു

ഇന്നു സമാജം പിരിയുന്നതു വിചാരിച്ചിട്ട് മനസ്സിനു വളരെ വ്യാകുലത തോന്നുന്നു. നേരത്തെ ശാലയിൽ പോക തന്നെ.

എന്ന് ചുററിനടന്നുകൊണ്ട്

ഇതാരാണ് ഒരു വിദ്വാൻ ഇങ്ങോട്ടു പരിഭ്രമിച്ചു വരുന്നു.
നോക്കീട്ട്

ഐ്. ഇതു രാമൻപിള്ളയല്ലെ.

അനന്തരം രാമൻപിള്ള പ്രവേശിക്കുന്നു.

രണ്ടാളും തമ്മിൽ കണ്ടതായി നടിച്ചിട്ട്

രാമൻപിള്ള

എങ്ങോട്ടാണ് ഇത്ര നേരത്തെ എഴുന്നള്ളുന്നത്. സമാജശാലയിലേക്കാണോ.

വാസുദേവൻ നംപൂരി

അതെ.

രാമൻപിള്ള

എന്നാൽ അടിയനും കൂടി വിടകൊള്ളാം. അടിയന് ഇന്നലയും മിനിയാന്നും അവിടെ ഒന്നു പോയി നോക്കുന്നതിനു കൂടി തരം കിട്ടിയില്ല.

വാസുദേവൻ നംപൂരി

അത്രമാത്രമുള്ള ജോലി എന്തൊന്നായിരുന്നു.

രാമൻപിള്ള

അതിൻെറ കാര്യം എന്തു പറയുന്നു. ''പരായത്തഃ പ്രീതേഃ കഥമിവ രസം വേത്തിപുരുഷഃ ' എന്നു പറഞ്ഞതുപോലെ അന്യൻെറ ആശ്രയത്തിൽ ഇരിക്കുന്ന എനിക്കു എൻെറ ഇഷ്ടം പോലെ വല്ലതും സാധിച്ച് രസിക്കാൻ കഴിയുമോ.

വാസുദേവൻ നംപൂരി

താൻ പറയും പ്രവൃത്തികരം ശരിയായി നോക്കണമെന്നല്ലാതെ ബുദ്ധിമുട്ടണമെന്നു സ്വാമിക്ക് മനഃപൂർവമായ വിചാരമുണ്ടോ.

രാമൻപിള്ള

അതില്ല. എങ്കിലും ഇന്നലത്തെയും മിനിയാന്നത്തെയും നിർബന്ധമത്രമാത്രമുണ്ടായിരുന്നു.

വാസുദേവൻ നംപൂരി

ഛെഃ ഛെഃ ഒരു നാളും അങ്ങനെ പറയരുത്. ആശ്രയിക്കുന്നവരെക്കുറിച്ച് ഇദ്ദേഹത്തിനെ പോലെ അത്ര നിഷ്കളങ്കവാത്സല്യമുണ്ടായിട്ടു ആരുംതന്നെയില്ല. എന്നാൽ സ്വഭാവേന ഗംഭീരനാകകൊണ്ടു അതിനെ വെളിയിൽ പ്രകാശിപ്പിക്കയില്ലന്നേയുള്ളു.

രാമൻപിള്ള

അതു ശരിതന്നെയാണ്. എനിക്കു സമാജത്തിൽ പോകുന്നതിനു തരംകിട്ടായ്കകൊണ്ടുള്ള കുണ്ഠിതംനിമിത്തം ഞാൻ ഇങ്ങനെ പറഞ്ഞുപോയതാണ്. സ്വാമിയുടെ ഗുണാതിശയത്തെക്കുറിച്ചു ഒരാരക്കും സംശയമില്ലാത്തതല്ലേ.

തീരാതുള്ളോരു സമ്പ്രീതിയുമകതളിരിൽ ഭീതിയും മററൊരാളിൽ
ചേരാ ലോകർക്കീവണ്ണം ചിതമുടയ മതിപ്രൌഢിയില്ലേവ—
മാർക്കും
നേരാകാതുള്ള മാർഗ്ഗങ്ങളിലൊരുപൊഴുതും താൻ നട—
ക്കുന്നതല്ലി
ന്നീരാജാ രാമരായർക്കുടയ ഗുണഗണം ചൊല്ലുവാനാവതല്ല. 102

എന്നാൽ സ്വാമി എന്നെ വെറുതെ മെനക്കെടുത്തുകയല്ലായിരുന്നു. ഈ വന്നിട്ടുള്ള കവികരക്കു ഒക്കെയും സ്വാമിയുടെ സ്ഥലത്തുവച്ച് നാളെ അതികേമമായി ഒരു വിരുന്നു നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് അതിനു വേണ്ട സാമാനങ്ങരം വരു

ത്തുന്നതിനും അപൂർവ്വപദാർത്ഥങ്ങൾ ശേഖരിക്കുന്നതിനും മററുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

വാസുദേവൻ നംപൂരി

തൻെറ ജോലികൾക്കു യാതൊരു വീഴ്ചയും കൂടാതെ ഈ വക ലൌകികങ്ങളിൽ കൂടി പ്രവൃത്തിക്കുന്നതായ ഇദ്ദേഹത്തിൻെറ സ്വഭാവം വളരെ ശ്ലാഘനീയം തന്നെ. ഇങ്ങനെയുള്ള വലിയ ആളുകൾ അഭിമാനിക്കുന്നതുകൊണ്ടു വേണം ഇവർക്കു മേൽക്കുമേൽ ഉത്സാഹം വർദ്ധിക്കുന്നതിന്, ഇന്നലയും മിനിയാന്നും മറിയപ്പള്ളി രാജാവിൻെറ അന്വേഷണത്തിന്മേൽ ഈ കവികൾക്കൊക്കെയും വലിയ സദ്യ ഉണ്ടായിരുന്നു. അതിനെക്കുറിച്ച് അവർ അങ്ങനെ അഭിനന്ദിക്കുന്നതും കേട്ടു.

സ്വച്ഛന്ദം ബഹുവൃത്തവും പല രസം കൂട്ടാനൊരോരോവിധം
മെച്ചംചേർന്ന പദാർത്ഥവും മധുരമായ്ച്ചോരും ഗുണോല്ലാസവും
സ്വച്ഛംവ്യഞ്ജനജാലവും രുചിയൊടേ മേളിക്കുമി സ്സദ്യയും
നൽച്ചന്തം കലരുന്ന കാവ്യമതുപോലാമോദമേകുന്നഹോ. 103

എന്ന്

രാമൻപിള്ള

ആട്ടെ. മിനിയാന്നത്തെയും ഇന്നലത്തെയും സമാജത്തിൻെറ വർത്തമാനം എന്തെല്ലാമാണ്. അതു കേൾക്കട്ടെ.

വാസുദേവൻ നംപൂരി

രണ്ടുദിവസത്തെ സദസ്സും വളരെ കേമമായിരുന്നു.

രാമൻപിള്ള

വിസ്തരിച്ചു പറകതന്നെ.

വാസുദേവൻ നംപൂരി

പറയാം. മിനിയാന്നു രാവിലെ പതിനൊന്നു മണിക്കു ഞാൻ സമാജശാലയിൽ ചെന്നുചെർന്നപ്പഴേക്കും,

ഉന്നിദ്രപ്രൌഢി കൈക്കൊണ്ടുപചിതപരമാഡംബരത്തോടെയോരോ
ധന്യശ്രീപൂണ്ടു പൃത്ഥ്വീപരിവൃഢരുമൊരാ വിപ്രരും സപ്രഹർഷം
മാന്യന്മാരായ മററും പലരുമവിടൊരോരോ ജീവനക്കാരുമെല്ലാം
നന്നായ്തിക്കി തിരക്കീട്ടുദിതരുചി സമാജത്തിൽ വന്നൊത്തിണങ്ങി 104

അനന്തരം സഭാധികൃതനായ നീലകണ്ഠൻ നംപൂരിപ്പാട് യഥായോഗ്യം അവരെ സൽക്കരിച്ച് ഓരോ ആസനങ്ങളിൽ ഇരുത്തി. പിന്നെ വലിയകോയിത്തമ്പുരാൻ അയച്ചതായി തത്സമയം സിക്രട്ടറിക്കു കിട്ടിയിട്ടുള്ള ഒരു കമ്പിവർത്തമാനത്തെ അയാൾ വായിച്ചു.

കവിസമാജം സിക്രട്ടറിക്കു

വലിയകോയിത്തമ്പുരാൻ.

''ഇത്ര വളരെ കവികളേയും സ്നേഹിതന്മാരെയും ഒരുമിച്ചു കാണുന്നതിനുള്ള ഒരു സന്ദർഭം വിട്ടുപോകുന്നതിങ്കൽ ഇനിക്കു വാസ്തവമായ മനസ്താപമുണ്ട്. യോഗത്തെക്കുറിച്ചു ഒരു വിധത്തിലുമുള്ള താൽപര്യക്കുറവല്ല ഞാൻ ഹാജരില്ലാതിരിക്കുന്നതിന്റെ കാരണം എന്നുള്ളതു വിവരിച്ചു മനസ്സിലാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതിനു എല്ലാത്തരത്തിലുമുള്ള വിജയം ഉണ്ടായി കാണ്മാൻ ഞാൻ മനഃപൂർവമായി ആഗ്രഹിക്കുന്നു. നിവൃത്തിയുണ്ടായിരുന്നു എങ്കിൽ അവിടെ എത്തി അഗ്രാസനാധിപത്യം വഹിക്കുന്നതു എനിക്കു എന്തുമാത്രം ആനന്ദപ്രദമായിരുന്നേനെ''. എന്ന്. പിന്നീടു കിളിമാനൂർ രാമവർമ്മ കോയിത്തമ്പുരാൻ തുടങ്ങിയ ഓരോ കവികൾ ഈ സമാജത്തിൽ വന്നുചേരുന്നതിനു സൌകര്യമില്ലാതെ ആയതിനെക്കുറിച്ചു അവർ അയച്ചിട്ടുള്ള ലേഖനങ്ങളേയും യഥാക്രമമായി വായിച്ചു. അതിന്റെശേഷം സാമാജികന്മാരുടെ അപേക്ഷപ്രകാരം രാജരാജവർമ്മ എം. എ. കോയിത്തമ്പുരാൻ അഗ്രാസനാധിപത്യത്തെ വഹിച്ച് ഈ സമാജം കൂടിയതിന്റെ ഉദ്ദേശ്യത്തേയും ഇതുകൊണ്ടു ഭാഷെക്കും ജനങ്ങൾക്കും ഉണ്ടാകുന്ന പരിഷ്കാരത്തേയും മററും കുറിച്ചു മിതമായും സയുക്തികമായും ഒരു പ്രസംഗം ചെയ്തു. സഭാവാസികൾ ഒക്കയും ആ പ്രസംഗത്തെ അഭിനന്ദിച്ചു.

രാമൻപിള്ള

അതൊക്കയും വിസ്തരിച്ചു കേൾക്കട്ടെ.

വാസുദേവൻനംപൂരി

അതൊക്കയും പത്രത്തിൽ അച്ചടിക്കുന്നതാകകൊണ്ട് ഞാൻ ഇപ്പോൾ ആ ശ്രമമെടുത്തിട്ടാവശ്യമുണ്ടോ.

രാമൻപിള്ള

എന്നാൽ പത്രത്തിൽ കണ്ടു മനസ്സിലാക്കിക്കൊള്ളാം.

പിന്നെ,

വാസുദേവൻനംപൂരി

പിന്നെ സമാജത്തിനു യുക്തമായ ഒരു പേരു കല്പിക്കേണ്ടതിനെക്കുറിച്ചു ആലോചിച്ചതിൽ പുന്നശ്ശേരി നീലകണ്ഠശർമ്മാവ് "കേരളഭാഷാപോഷിണി" എന്ന പേരിനെ അഭിപ്രായപ്പെടുകയും എല്ലാവരും സമ്മതിക്കയും ചെയ്തു.

രാമൻപിള്ള

കവിസമാജമെന്നുള്ള പേരിനെ ഉപേക്ഷിച്ച് ഈ പേരിനെ ഗ്രഹിക്കാനുള്ള കാരണമെന്താണ്.

വാസുദേവൻനംപൂരി

സഭക്കാരുടെ മുഖ്യോദ്ദേശ്യം ഭാഷയെ പരിഷ്കരിച്ച് അതിനു വേണ്ട പുഷ്ടി വരുത്തണമെന്നല്ലേ കവിസമാജമെന്നുമാത്രം നിശ്ചയിക്കുന്നപക്ഷം കവിതാവാസനയില്ലാത്ത പണ്ഡിതന്മാർക്ക് ഒക്കെയും ഇതിൽ വൈമുഖ്യം ജനിച്ചേക്കാം. അപ്പോൾ അവരെക്കൊണ്ടു സാധിക്കാനുള്ള അനേക ഭാഗങ്ങൾക്കു ന്യൂനത വരും എന്നു ശങ്കിച്ചിട്ടാണ് ഇങ്ങനെ പേരു നിശ്ചയിച്ചത്.

രാമൻപിള്ള

ശരി തന്നെ. പിന്നെ,

വാസുദേവൻ നംപൂരി

പിന്നെക്കുറച്ചുനേരം<br>
കുന്നിക്കും കുതകമോടു സഭ്യൻമാർ<br>
തന്നിച്ഛപോലെ പലതും<br>
നന്ദിച്ചു സദസ്സതിൽ പ്രസംഗിച്ചു

അതിന്റെ ശേഷം ഘടികാവിംശതി പരീക്ഷ ആരംഭിച്ചു-

രാമൻപിള്ള

അതിന് എത്ര പേരു ചേർന്നിരുന്നു.

വാസുദേവൻ നംപൂരി

പത്തുപന്ത്രണ്ടു പേരു ചേർന്നിട്ടുണ്ടായിരുന്നു. പക്ഷേ പാഞ്ചാലീസ്വയംബരം പ്രബന്ധത്തിൽ രാജാക്കൻമാരു വില്ലു കുലെക്കാൻ പോകുന്നടത്ത് 'അസ്പൃഷ്ട്വാ കേപി ചാപം ബത നിവവൃതിരെ" എന്നില്ലെ. അതുപോലെ ചിലരു കടലാസും പേനയും കൂട്ടിത്തൊടുവിക്കാതെ തന്നയും പിന്നെ ചിലരു ഒന്നും

രണ്ടും ശ്ലോകം എഴുതീട്ടും വേറെ ചിലരു പാതി വരെ എഴുതീട്ടും ഇങ്ങനെ പല വിധമായിട്ട് അധികം ആളുകളും പിൻവാങ്ങി. പരവൂർ കേശവപിള്ള, കുഞ്ഞിക്കുട്ടൻ രാജാവ് മുതലായ നാലഞ്ചു കവികൾ മുഴുവൻ എഴുതി തീർത്തു.

രാമൻപിള്ള

കുഞ്ഞിക്കുട്ടൻ തമ്പുരാനെക്കായിൽ മുമ്പു കേശവപിള്ള എഴുതി തീർത്തു എന്നാണല്ലോ കേട്ടത്.

വാസുദേവൻ നംപൂരി

ഘടികാവിംശതി പരീക്ഷയിൽ അങ്ങനെതന്നെയായിരുന്നു. ഒരു മണിക്കൂറുകൊണ്ടു ഇരുപതു ശ്ലോകമുണ്ടാക്കുന്നതു തന്റെ കവിതാവേഗത്തിന് മതിയാവുകയില്ലെന്നു വച്ച് നിരുത്സാഹനായിരുന്നതുകൊണ്ടാണ് കുഞ്ഞിക്കുട്ടൻ രാജാവിനു താമസം വന്നത് എന്നേ ഞാൻ വിചാരിക്കുന്നൊള്ളു. എന്നാൽ കേശവപിള്ളയും കവിതയിൽ നല്ല വേഗവും സാമർത്ഥ്യവും ഒള്ള ആളു തന്നെ.

രാമൻപിള്ള

പിന്നെ.

വാസുദേവൻ നംപൂരി

പിന്നെ അന്നത്തെ സമാജം കഴിഞ്ഞു എല്ലാവരും പിരിഞ്ഞു.

രാമൻപിള്ള

ചങ്ങനാശേരി രവിവർമ്മ കോയിത്തമ്പുരാൻ സമാജത്തിൽ എഴുന്നള്ളാതിരുന്നത് എന്താണ്.

വാസുദേവൻ നംപൂരി

അവിടുത്തേക്കു സുഖമില്ലാത്തതിനാൽ സമാജത്തിൽ വരുന്നതിനു നിവൃത്തിയില്ലാതിരിക്കുന്നു എന്ന് മനസ്താപത്തോടെ പത്രാധിപരുടെപേർക്ക് എഴുതി അയച്ചിട്ടുണ്ടെന്നു അവിടെ പ്രസ്താവിക്കുന്നതു കേട്ടു.

രാമൻപിള്ള

ഇന്നലത്തെ സമാജത്തിൽ എന്തെല്ലാമായിരുന്നു വിശേഷം.

വാസുദേവൻ നംപൂരി

ഇന്നലെ ആദിയിൽ നാടകപരീക്ഷയായിരുന്നു. ഗംഗാവതരണം കഥ നൂറു ശ്ലോകത്തിൽ കുറയാതെ അഞ്ചങ്കത്തിൽ ഒരു

നാടകമാണ് നിശ്ചയിച്ചിരുന്നത്. കുഞ്ഞിക്കുട്ടൻ രാജാവു, എം. ചക്രപാണിവാര്യരു, കൃഷ്ണശൌണ്ഡികൻ മുതലായ നാലഞ്ചു കവികറം ചേരുകയും മുഴുവൻ എഴുതി തീർക്കയും ചെയ്തു. കട്ടക്കയത്തിൽ ചെറിയാൻമാപ്പിള ഈ കഥ പരിചയമില്ലായ്കകൊണ്ട് ക്രിസ്തുമതസംബന്ധമായ ഒരു കഥ വേണമെന്നു അപേക്ഷിച്ച് അങ്ങനെ ഒരു കഥ ആരംഭിച്ചു രണ്ടങ്കത്തോളമായപ്പോറം നോവലായിപ്പോയി.

രാമൻപിള്ള

എന്ത്. നാടകം നോവലായിപ്പോയൊ. അസംബന്ധം പറയുന്നൊ.

വാസുദേവൻ നംപൂരി

ചിരിച്ചുംകൊണ്ട്

അങ്ങനെയല്ല ഞാൻ പറഞ്ഞതിൻെറ അർത്ഥം. അയാറക്കു വയററിൽ വേദനയായി എന്നാണ്.

രാമൻപിള്ള

നാടകം ആരാണ് മുമ്പെ തീർത്തത്.

വാസുദേവൻ നംപൂരി

അതു ചോദിപ്പാനുണ്ടോ.

ശിതമതികറം ശിരസ്സിൽ ചൂടിടും കോടിലിംഗ
ക്ഷിതിപരിവൃഢനാകും കുഞ്ഞുകുട്ടാവനീന്ദ്രൻ
ദ്രുതകവനമതിന്നായിട്ടൊരുമ്പെട്ടു വന്നാ
ലതിപടുതയൊടാരുണ്ടിന്നു നേരിട്ടുനില്പാൻ

അവിടുന്നു അഞ്ചിൽ ചില്വാനം മണിക്കൂറുകൊണ്ട് നാടകം മുഴുവനാക്കീട്ട് അന്നത്തെ അഗ്രാസനാധിപത്യവും വഹിച്ചു.

രാമൻപിള്ള

ഓരോ ദിവസവും ഓരോരുത്തരാണൊ അഗ്രാസനാധിപതികറം.

വാസുദേവൻ നംപൂരി

അതെ.

രാമൻപിള്ള

പിന്നെ എന്തെല്ലാമായിരുന്നു.

വാസുദേവൻ നംപൂരി

പിന്നെ പ്രസംഗങ്ങൾ ആരംഭിച്ചു.

അക്കാലം രാജരാജക്ഷ്തിതിപതി മകുടീരത്നമിബ്ഭാഷ
തന്റെ
തൽക്കാലാവസ്ഥ കാണിച്ചെഴുതിയൊരു മഹാഭംഗി
ചേരും പ്രസംഗം
ഉൾക്കൊളും പ്രീതി കൈക്കൊണ്ടഴകിനൊടു സദസ്സുകൾ
വായിച്ചനേര-
ത്തുൽകൂലാമോദവാരാകരനടുവിലുടൻ മുങ്ങി സാമാജി-
കൻമാർ 107

രാമൻപിള്ള

പിന്നെ.

വാസുദേവൻ നംപൂരി

പിന്നെ വില്ലുവട്ടത്ത ആശാൻ പരവൂർ കേശവപിള്ള മുതലായി പലരും പ്രസംഗങ്ങൾ എഴുതിവായിച്ചു. റവറൻറഡ് ജെയിക്കൊബ് തോംസൻ എം. എ. സായ്പ അവർകൾ ഈ സദസ്സിനെക്കുറിച്ചു വളരെ അഭിനന്ദിച്ച് ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു.

രാമൻപിള്ള

അഭിനന്ദിച്ചാണന്നുളളത് എങ്ങനെ നിശ്ചയിച്ചു. അവിടുത്തേക്ക ഇംഗ്ലീഷ് അറിയാമൊ.

വാസുദേവൻ നംപൂരി

ഇംഗ്ലീഷ് അറിയാൻ വഹിയാത്തവർക്കു മനസ്സിലാകത്തക്കവണ്ണം പത്രാധിപർ ഉടനെ അതിനെ തർജ്ജമ ചെയ്കയും സദസ്യന്മാരു കൊണ്ടാടുകയും ചെയ്തതുകൊണ്ടാണ് ഞാൻ ഇങ്ങനെ നിശ്ചയിച്ചത്.

രാമൻപിള്ള

ഇങ്ങനെയുള്ള വലിയ പഠിത്തക്കാർ ഒരം സദസ്സിൽ വരാൻ സംഗതിയായതു പത്രാധിപരുടെ ഭാഗ്യം തന്നെ.

വാസുദേവൻ നംപൂരി നെരംനോക്കീട്ട്

ഓ. നമ്മൾ ഇങ്ങനെ സംസാരിച്ചുകൊണ്ടു നിന്ന നേരം പോയതു അറിഞ്ഞില്ല. ചാതുര്യപരീക്ഷക്കു നിശ്ചയിച്ചിരുന്നസമയം അതിക്രമിച്ചിരിക്കുന്നു. ഇനി എങ്കിലും വേഗത്തിൽ അങ്ങോട്ടു പോകതന്നെ.

എന്ന് രണ്ടാളും ചുററിനടക്കുന്നു.

വാസുദേവൻ നംപൂരി

ഇതാ ചാതുര്യപരീക്ഷ കഴിഞ്ഞ് കവികളും മററുള്ള സാമാജികന്മാരും സമാജശാലയുടെ വെളിയിലുള്ള പന്തലിൽ ഇരിക്കുന്നു.

രാമൻപിള്ള

അവിടുത്തേക്കു ഇവരെ ഒക്കെയും കണ്ടു പരിചയമുണ്ടല്ലൊ. എന്നോടു ഓരോ ആളുകളേയും പ്രത്യേകം പറഞ്ഞു മനസ്സിലാക്കണം.

വാസുദേവൻ നംപൂരി ചൂണ്ടിക്കാണിച്ചുകൊണ്ട്

ഇവിടുന്നു വലിയ കോയിത്തമ്പുരാൻെറ ഭാഗിനേയനും പ്രഥമാന്തേവാസിയും ആയ രാജരാജവർമ്മ എം. എ. കോയിത്തമ്പുരാനാണ്.

രാമൻപിള്ള ബഹുമാനത്തോടുകൂടി നോക്കീട്ട്

ബുദ്ധിക്കുള്ള വിവേകവും വിനയവും പ്രായത്തിനൊക്കാത്തതായ്
സിദ്ധിച്ചുള്ള പഠിപ്പുമുൽബണരസംചോരുന്ന സാഹിത്യവും
അത്യന്തം പുകഴാപൂണ്ട സൽഗുണമതും വായ്ക്കുന്നതോർക്കും വിധൌ
സത്യം തൻഗുരുനാഥനോടു സമനായ്വന്നീടുമിപ്പുണ്യവാൻ 108

വാസുദേവൻ നംപൂരി

ഇവിടുന്നു ചങ്ങനാശേരി മൂത്തകോയിത്തമ്പുരാൻെറ പ്രഥമപുത്രനായ മാവേലിക്കരെ ഉദയവർമ്മതമ്പുരാനാണ്.

രാമൻപിള്ള

മാവേ. ഉദയവർമ്മതമ്പുരാൻ ബി. എ. എന്നു പത്രത്തിൽ പേരു കാണുന്നത് ഇവിടുത്തെ അല്ലെ. ഇവിടുത്തെ കവിത വളരെ സൗരഭ്യമുള്ളതാണ്.

വാസുദേവൻ നംപൂരി

അതെ,

ഞ്ജിച്ചിടാതെയൊഴുകുംകവിതാമധൂളി
രഞ്ജിക്കുമിദ്ധരണിപാലശിഖാമണിക്ക്
മഞ്ജുപ്രസന്നമധുരോക്തികൾകൊണ്ടു ലോക
രഞ്ജിപ്പിനിങ്ങധികമായ പടുത്വമുണ്ട് 109

രാമൻപിള്ള

ഇവിടുന്നൊ.

വാസുദേവൻ നംപൂരി

ഇപ്പാരിലേറെ മതിവൈഭവമുള്ളവർക്കു
കെല്പാർന്നൊരാഭരണമാം രവിവർമ്മഭൂപൻ
തത്ഭാഗിനേയനിവിടുന്നഴകോടു യെമ്മേ
ക്കിപ്പോഠം പഠിച്ചുമരുവുന്നുപടുത്വമോടേ 110

ഇവിടുന്നും മാവേലിക്കരെ മണ്ണൂർ മഠത്തിലെ തമ്പുരാനാണ്.

സന്മാനനീയഗുണമാർന്നൊരു രാജരാജ
വർമ്മാവനീരമണനാമിവിടുന്നിദാനീം
സൌമ്യത്വമോടധികമായവിനീതികൊണ്ടു
സന്മോദമാർക്കുമകതാരിൽ വളർത്തിടുന്നു. 111

ഇവരൊക്കെയും ചെറുപ്പത്തിൽ തന്നെ ബി. എ. ജയിച്ചിട്ടുള്ളവരാണ്.

രാമൻപിള്ള

ഇവിടുന്നു മറിയപ്പള്ളിൽ വലിയതമ്പുരാനല്ലേ. ഇവിടുത്തെ എനിക്കു കണ്ടു പരിചയമുണ്ട്. ഇവിടുത്തെ സമീപത്തിൽ ഇരിക്കുന്നത് ആരാണ്.

വാസുദേവൻ നംപൂരി

ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാനാണ്. ഇവിടുത്തേക്കു ബുദ്ധിക്ക് നല്ല സാരവും സാരസ്യവും കവിതയിൽ ചാതുര്യവുമുണ്ട്.

രാമൻപിള്ള

ഇവിടുന്നാരാണ്.

വാസുദേവൻ നംപൂരി

ഇവിടുത്തെ അറികയില്ലെ. ഇവിടുന്നാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻരാജാവ്.

രാമൻപിള്ള

എന്നാൽ ഇനിക്കു കേട്ടു നല്ല പരിചയമുണ്ട്.

സാക്ഷാൽ ശ്രീലക്ഷണാസംഗമതഴകിയലും ദക്ഷയാഗാഖ്യകാവ്യം
ദ്രാക്ഷാമാധുര്യസാരം തടവി വടിവെഴും ചന്ദ്രികാനാടികാദ്യം
ആക്ഷേപം ചെററുമെന്യേ കൃതിയിവ പലതുംതീർത്തു കീർത്തിപ്പെടുന്നീ
ബഭ്രുക്ഷിന്മുക്താകലാപത്തിനെയിവിടറിയാതാരു പാരിങ്കലുള്ളു 112

ഇവിടുന്നുണ്ടാക്കീട്ടുള്ള പുസ്തകങ്ങരം മിക്കതും ഞാൻ വായിച്ചിട്ടുണ്ട്.

വാസുദേവൻ നംപൂരി

ഇവിടുന്നു കോട്ടയത്തു തമ്പുരാനാണ്.

രാമൻപിള്ള

ഇവിടുത്തെ ഒററ ശ്ലോകങ്ങളല്ലാതെ കഥാസ്വരൂപമായ കവിത ഒന്നും കണ്ടിട്ടില്ല.

സൂക്ഷിച്ചു നോക്കീട്ട്

ഈ ഇരിക്കുന്ന വിദ്വാനാരാണ്.

വാസുദേവൻ നംപൂരി

അദ്ദേഹമാണ് സാക്ഷൽ വെൺമണി മഹൻ നംപൂരിപ്പാട്.

രാമൻപിള്ള

ആ് ഹാ. ഞാൻ അറിയാതെ ഇങ്ങനെ ആക്ഷേപമായി പറഞ്ഞുപോയതാണ്. ഇദ്ദേഹം ഇപ്പോഴുള്ള ഭാഷാ കവികളിൽ വച്ച് വിശേഷാൽ ബഹുമാന്യനാണ്.

താനേനന്നായ്ത്തെളിഞ്ഞിട്ടഴകിനൊടൊഴുകും വാസനാ—
ഗൌരവത്താൽ
താനേ തേനോലുമോമൽകവിതകരം പലതും തീർത്തു നൽ
കീർത്തിയോടേ
സ്ഥാനേ നാനാ ബുധൻമാരതികുതുകമൊടേ വാഴ്ത്തിടും
സൽക്കവീന്ദ്ര
സ്ഥാനേ മാനംലഭിപ്പാൻ ചതുരതയിതുപോലോർക്കിൽ
മററാർക്കുമില്ല 113

ഇദ്ദേഹം വയക്കര മൂസ്സതാണ്. ഇദ്ദേഹത്തിനു വൈദ്യത്തിൽ ഉള്ളതുപോലെ സാഹിത്യത്തിലും നല്ല സാമർത്ഥ്യമുണ്ട്.

വാസുദേവൻ നംപൂരി

ശരി തന്നെ.

സുധയൊഴുകിടുമോമൽ ശ്ലോകരം ചേരുന്നകൊണ്ടും
ബുധകുലമതിനേററം മോദമേകുന്നകൊണ്ടും
അധികസുഭഗമായിട്ടോഷധീനാഥശബ്ദം
വിധുരതകലരാതേ ചേർന്നിടുന്നിപ്പുമാനിൽ 114

രാമൻപിള്ള

ഇതാ ഒരു മാലക്കാരൻ ഈ മാന്യൻമാരുടെ ഇടയിൽ കടന്നിരിക്കുന്നു. ഇതാരാണ്.

വാസുദേവൻ നംപൂരി

അദ്ദേഹം പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവാണ്.

രാമൻപിള്ള

ചിന്താമണി പത്രാധിപരോ. ശിവ ശിവ.

വാസുദേവൻ നംപൂരി

അതെ.

രാമൻപിള്ള

ഇദ്ദേഹത്തിന്റെ വേഷമെന്താണ് ഇത്ര മോശമായിരിക്കുന്നത്.

വാസുദേവൻ നംപൂരി

വേഷം എങ്ങനെയിരുന്നാലെന്താണ്. അതിലാണൊ യോഗ്യത.

കോടിസൂര്യസമഹേമഭൂഷണം
കോടിനേര്യതിവയൊക്കയും വൃഥാ
മോടിയല്ല സഭതന്നിൽ നല്ലവാ
ഗ്ധാടിയാണു ബഹുമാനദായിനി 115

ഇദ്ദേഹം ഇന്നലയും മിനിയാന്നും സദസ്സിൽ പ്രസംഗിക്കാൻ ആരംഭിച്ച സമയം ആ സഭാവാസികളൊക്കയും ഒന്നുപോലെ ഇങ്ങനെ പ്രശംസിച്ചു.

രണ്ടായിരം രസകണ്ഠതലത്തിലുള്ള
തണ്ടാർദളാക്ഷനുടെ തല്പമതാം ഫണിക്കും
ഉണ്ടാകയില്ലിതുകണക്കു സദസ്യരെല്ലാം
കൊണ്ടാടുമാറൊരു നിരർഗളവാഗ്വിലാസം 116

രാമൻപിള്ള

ഇദ്ദേഹം സംസ്കൃതത്തിൽ നല്ല പഠിപ്പുള്ള ആളാണെന്നു കേട്ടിട്ടുണ്ട്.

വാസുദേവൻ നംപൂരി

കോഴിക്കോട്ടു മാനവിക്രമ ഏട്ടൻ തമ്പുരാന്റെ പ്രതിനിധിയായിട്ടാണ് ഇദ്ദേഹം വന്നിരിക്കുന്നത്. ഇന്നത്തെ അഗ്രാസനാധിപതിയും ഇദ്ദേഹമാണ്.

രാമൻപിള്ള

ഇത് നമ്മുടെ വില്ല്വാട്ടത്ത് ആശാനല്ലേ.

കെല്പേറീടിന നല്ല നല്ല ഫലിതം ചൊല്ലിസ്സഭാവാസികം
ക്കെപ്പേർക്കും രസമേകുവാനധികമായുള്ളോരു
വൈദഗ്ധ്യവും
നൽപ്പാൽ ചേർന്നൊഴുകുന്ന ചാരുകവിതാചാതുര്യവും
ചേർന്നിടു
ന്നി പ്രാചീനകവീന്ദ്രനുള്ള വിരുതിങ്ങേതാനുമോതാ—
വതോ 117

സാവധാനത്തിൽ നോക്കീട്ട്

ഉദ്യൽകളായ കമനീയ സുമംകണക്കു
വിദ്യോതമാനരുചിപൂണ്ടൊരു നല്ലുടുപ്പും
ഹൃദ്യത്വമാർന്നൊരു കിരീടമതും ധരിക്കു
മിദ്ദേഹമാരു പരിചോടു പറഞ്ഞുകൊൾക. 118

വാസുദേവൻ നംപൂരി

മലയാളത്തിന്റെ മാർ ദീവന്നാസ്യോസു മെത്രാപ്പോലിത്താ അവർകളാണ്.

രാമൻപിള്ള

പല മാന്യൻമാരും ഈ സദസ്സിൽ എത്തിട്ടുണ്ടെന്നു തോന്നുന്നു.

വാസുദേവൻ നംപൂരി

ഇന്നലെ നാടകപരീക്ഷയിൽ ചേർന്നിരുന്ന കൃഷ്ണൻ വൈദ്യൻ ഇയാളാണ്.

രാമൻപിള്ള

ഇയാളെ കണ്ടാൽ ഒരു ശൌണ്ഡികനാണെന്നു തോന്നുകില്ല.

വാസുദേവൻ നംപൂരി നോക്കീട്ട്

സഭ കൂടാറായി എന്നു തോന്നുന്നു. ഇതാ നീലകണ്ഠൻ നംപൂരിപ്പാടും പത്രാധിപരും ഇങ്ങോട്ടു വരുന്നുണ്ട്. നമുക്കും അവിടെ ചെന്നുനിൽക്കാം.

എന്നു സാമാജികൻമാരുടെ കൂട്ടത്തിൽ ചെന്നു നിൽക്കുന്നു.

അനന്തരം നംപൂരിപ്പാടും പത്രാധിപരും പ്രവേശിച്ച് സാമാജികന്മാരുടെ മുമ്പിൽ ചെന്നിട്ട്

പത്രാധിപർ

സമാജം കൂടുന്നതിനുള്ള സമയമായി.

നീലകണ്ഠൻ നംപൂരി

ഇനി ശാലയിലേക്കു വരുന്നതിനു എന്താ താമസം.

സാമാജികന്മാർ

ഇതാ ഞങ്ങൾ വരുന്നു.

എന്നു ശാലയിൽ പ്രവേശിക്കുന്നു.

നീലകണ്ഠൻ നംപൂരി

പുന്നശ്ശേരി നമ്പിയെ അഗ്രാസനത്തിലും ശേഷം എല്ലാവരെയും യഥോചിതം ആസനങ്ങളിലും ഇരുത്തുന്നു.

അഗ്രാസനാധിപതി

ൟ കേരളഭാഷക്കു ഇപ്പോൾ ഉള്ള ന്യൂനതയെപ്പററി ഇന്നലെ രാജരാജവർമ്മ കോയിത്തമ്പുരാൻ പ്രസംഗിച്ചിട്ടുണ്ടല്ലൊ. ഇനി അതിനെ പരിഹരിക്കുന്നതിനുള്ള മാർഗമെന്തെന്നാണ് നാം ആലോചിക്കേണ്ടത്. ഈ വിഷയത്തിൽ സാമാജികന്മാർ അവരവരുടെ അഭിപ്രായത്തെ വിശദമായി പ്രസ്താവിക്കണം.

ഉദയവർമ്മ കൊച്ചുതമ്പുരാൻ

ഒന്നാമതായി വേണ്ടത ഈ ഭാഷയിൽ കവിതയ്ക്കു ഉപയോഗിച്ചുപോരുന്ന ശബ്ദങ്ങളുടെ അർത്ഥത്തെ വിവരിക്കുന്നതായ ഒരു നിഘണ്ഡുവാണ്. പാരാതെ, തിണ്ണുന്ന, അമ്പൊട് ഇത്യാദി പദങ്ങൾ ശബ്ദദരിദ്രന്മാരായ ചില സംസ്കൃത കവികൾ ചവൈ, തുഹി, എന്നു ഉപയോഗിച്ചുവരുന്നതുപോലെ പാദപൂരണത്തിനും പ്രാസത്തിനുമായിട്ടുള്ളവ എന്നല്ലാതെ അർത്ഥമുള്ള വകയാണെന്നു ഇദാനീന്തന ഭാഷാകവികൾ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതിന്റെ കാരണം ഇങ്ങനെ ഒരു ഗ്രന്ഥമില്ലായ്കയാണ്.

രാജരാജവർമ്മ കോയിത്തമ്പുരാൻ

ശബ്ദാർത്ഥങ്ങളുടെ വ്യവസ്ഥക്കു അധിഷ്ഠാനഭൂതമായിരിക്കുന്ന ഒരു വ്യാകരണമാണ് നമ്മുടെ ഭാഷക്കു അവശ്യക

രണീയമായിരിക്കുന്നതു എന്നാണ് എന്റെ അഭിപ്രായം. ഇപ്പോഠം ഒന്നുരണ്ടു മലയാളവ്യാകരണങ്ങഠം ഉണ്ടെങ്കിലും അവയിൽ നാം ഉച്ചരിച്ചുപോരുന്ന ശബ്ദങ്ങഠം ഒന്നുപാതിപോലും അടങ്ങീട്ടുണ്ടെന്നു തോന്നുന്നില്ല.

രാമവർമ്മ കോയിത്തമ്പുരാൻ

എല്ലാ ജനങ്ങഠംക്കും രുചിയെ കോടുക്കുന്നതും കവികഠംക്കു വിശേഷാൽ ആദരിക്കേണ്ടതും ആയ രസസ്വരൂപത്തെ വിവരിക്കുന്ന ചില ഗ്രന്ഥങ്ങഠം കൂടി ഈ അവസരത്തിൽ പുറപ്പെടുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു.

രവിവർമ്മ കൊച്ചുതമ്പുരാൻ

കവിതാപരിഷ്കാരത്തിനു ഇങ്ങനെയുള്ള ഗ്രന്ഥങ്ങഠം വളരെ ഉപയോഗമുള്ളവതന്നെ. എന്നാൽ ഭാഷയുടെ പുഷ്ടിക്കു ഇതുമാത്രംകൊണ്ടു മതിയാകയില്ല. സൈൻസ് ശാസ്ത്രം തുടങ്ങിയുള്ള വിഷയങ്ങഠം ഇംഗ്ലീഷിലും സംസ്കൃതത്തിലും ഉള്ളതുപോലെ നമ്മുടെ ഭാഷയിൽ കൂടി പ്രവർത്തിക്കുന്നതുകൊണ്ടു മാത്രമെ അതിനു പുഷ്ടി മതിയാകയുള്ളു.

അഗ്രാസനാധിപതി

ഠരം അഭിപ്രായങ്ങഠം എല്ലാം പ്രത്യേകം അഭിനന്ദനീയങ്ങളും സഭക്കു സ്വീകാരയോഗ്യങ്ങളും ആയിരിക്കുന്നു. എന്നാൽ വിഷയഗൌരവം നിമിത്തം ഝടിതിയിൽ സാധിക്കുന്നതു അശക്യമാകകൊണ്ടു ഇനി അടുത്ത ഏതെങ്കിലും ഒരു സ്ഥലത്ത് സമാജം കൂടുകയും സാമാജികന്മാർ അവരവരുടെ അഭിരുചിപോലെ മേൽപറഞ്ഞ പുസ്തകങ്ങളെ ഉണ്ടാക്കി അവിടെ ഹാജരാക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

ഇനിയത്തെ സമാജത്തെ തൃശ്ശിവപേരൂർ പൂരത്തിനിടയ്ക്കു ആ സ്ഥലത്തുവച്ചു ഞാൻ നിർവഹിച്ചുകൊള്ളാം.

എല്ലാവരും സമ്മതിക്കുന്നു.

വയക്കര മൂസ്സ്

ഠരം സമാജത്തിൽ കവിതാവേഗപരീക്ഷക്കാണ് പ്രാധാന്യം കല്പിച്ചിട്ടുള്ളത്. ഇത് കവിതയെ പരിഷ്കരിക്കണമെന്നുള്ള സമാജത്തിന്റെ അഭിപ്രായത്തിനു പ്രതികൂലമെന്നാണ് ഞാൻ വിചാരിക്കുന്നത്. സാവധാനമായി ബുദ്ധിവ

യ്ക്കാതെ കേവലം സ്വപ്നപ്രായമായ മനസ്സിന്റെ ഗതി കൊണ്ടു മാത്രം ഉണ്ടാകുന്ന കവിത രസശൂന്യയായിരിക്കുമെന്നു ള്ളത് നിസ്സംശയമാണല്ലൊ.

അഗ്രാസനാധിപതി

ഇതു സാരവത്തായ ഒരു അഭിപ്രായമാണ്.

പത്രാധിപർ

കവിതാവേഗത്തിൽ കൌതുകമുള്ളവരായ കവികളെ ഉത്സാഹിപ്പിച്ചു ക്രമേണ ചാതുര്യത്തിനു പ്രാധാന്യം കല്പി ക്കണമെന്നാണു സഭയുടെ ഉദ്ദേശം.

അഗ്രാസനാധിപതി

എന്നാൽ ശരിതന്നെ.

പത്രാധിപർ

ഇനിമേൽ ഉണ്ടാകുന്ന പുസ്തകങ്ങളെ സമാജത്തിൽ ഹാജ രാക്കുകയും സഭക്കാർ പരിശോധിച്ചതിന്റെ ശേഷം അവരുടെ പ്രശംസാപത്രത്തോടുകൂടി സമാജം വകയായി അച്ചടിപ്പി ക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു.

അഗ്രാസനാധിപതി

ഇങ്ങനെ ചെയ്യേണ്ടത് ആവശ്യം തന്നെ.

പത്രാധിപർ

എന്നാൽ പുരാണകഥകളേ എടുത്തു പിഷ്ടപേഷണ ന്യാ യേന കെട്ടി ചേർക്കുന്ന കവിതകൾക്കു സമാജത്തിൽ സ്വീകാര യോഗ്യത കല്പിക്കാൻ പാടുള്ളതല്ല. അതുകൊണ്ടു ജനങ്ങൾക്കു വിശേഷാൽ ഒരു ഉപകാരവും സിദ്ധിക്കയില്ല.

ഉദയവർമ്മ കൊച്ചുതമ്പുരാൻ

ഈ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഒരുമാതിരി സാമാനങ്ങൾ കൊണ്ടു ഒരു കൂട്ടാൻതന്നെ നാലു പാചകന്മാർ പാകംചെയ്യുമ്പോൾ പ്രത്യേകം സ്വാദു ഭേദപ്പെടുന്നതു നമുക്കു അനുഭവസിദ്ധമാണല്ലൊ. ഇതുപോലെ ശ്രീവാല്മീകി ഭവ ഭൂതി മുരാരിപ്രഭൃതികളായ ഓരോ കവികൾ ഉണ്ടാക്കീട്ടുള്ള രാമായണ കഥ ഒന്നിൽനിന്നുതന്നെ ജനങ്ങൾക്കു ഓരോ മാതിരി ആനന്ദാനുഭൂതി ഉണ്ടാകുന്നുണ്ട്. ഈ സ്ഥിതിക്കു പുരാണ കഥയെ എടുത്തു ഉണ്ടാക്കുന്ന കവിതക്കു ലോകോപകാരകത്വം

സിദ്ധിക്കയില്ലെന്നു സ്ഥാപിച്ചത് എങ്ങനെ എന്നു എനിക്കു മനസ്സിലാകുന്നില്ല.

അഗ്രാസനാധിപതി

നിങ്ങൾ രണ്ടുപേരും പറയുന്നതു രണ്ടുവിധത്തിലാണെങ്കിലും അഭിപ്രായം ഒന്നെന്നെ ഞാൻ വിചാരിക്കുന്നുള്ളു. കവിത ലോകോപകാരമായി തീരണമെന്നാണല്ലൊ രണ്ടാളുടെയും ഉദ്ദേശം. എന്നാൽ ഇതിനെക്കുറിച്ച് പുസ്തകങ്ങൾ പരിശോധിക്കുന്നതിനായി ഇനി നാം നിശ്ചയിക്കുന്ന സഭക്കാർ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ.

അനന്തരം കോട്ടയം ദിവാൻ പേഷ്ക്കാരുടെ എഴുത്തുംകൊണ്ടു ശേവക്കാർ പ്രവേശിച്ചു എഴുത്തു വയക്കര മൂസ്സിൻെറ കയ്യിൽ കൊടുക്കുന്നു. മൂസ്സ് എഴുത്തു വായിക്കുന്നു.

എല്ലാവരും സന്തോഷിക്കുന്നു.

അഗ്രാസനാധിപതി

ഈ സമാജത്തെക്കുറിച്ചു എല്ലാ കവികളും മംഗളശ്ലോകം ചൊല്ലണം.

കവികൾ മംഗളശ്ലോകം ചൊല്ലുന്നു.

നീലകണ്ഠൻ നംപൂരിപ്പാട്

സത്തെന്നായി സമാജം സുജനഹൃദയമാം ഭൃംഗമാസക്തിയോടിങ്ങെത്തുന്നോരോ കവി നാം വചനമധു നുകർന്നൊത്രയും തൃപ്തമായി
ഉത്തുംഗാമോദപാഥോധിയിലിതു ദിവസം ലോകമാമഗ്നമായി
സത്യം ഞാൻ ചെയ്ത യത്നം സമുചിതഫലമോടത്ര സംപൂർണ്ണമായി 119

വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഭാഷാപരിഷ്കാരപ്രവർത്തനത്തിനുവേണ്ടി ഞങ്ങൾ ചെയ്തിട്ടുള്ള ഈ ഉത്സാഹം മാന്യന്മാരായ നിങ്ങളുടെ ഒക്കെയും അനുഗ്രഹം നിമിത്തം സഫലമായിത്തീർന്നതിനാൽ അമന്ദാനന്ദത്തോടെ നിങ്ങൾക്കു പ്രത്യേകം വന്ദനം പറഞ്ഞുകൊള്ളുന്നു.

സാമാജികന്മാർ

അവിടുത്തെ ഉത്സാഹംനിമിത്തം ഈ സഭ എത്രയും ഭംഗിയായും പരിഷ്കാരമുള്ളതായും നടന്നു. ഇനിയും ഭാഷാപരിഷ്കാരപ്രവർത്തനത്തിനുവേണ്ടി അവിടുന്നു ജാഗരൂകനായിരിക്കുമെന്നു വിശ്വസിച്ച് ഞങ്ങൾ സന്തോഷിക്കുന്നു.

നീലകണ്ഠൻ നംപൂരിപ്പാട്

ഇനിയും നിങ്ങൾക്കു എന്തു സന്തോഷത്തെ ചെയ്യേണമെന്നു അറിയുന്നതിനു ഞാൻ കാത്തിരിക്കുന്നു.

അഗ്രാസനാധിപതി

ഇനി ഞങ്ങൾക്കു ഇങ്ങനെ ഒരു ആഗ്രഹം മാത്രമെ ഒള്ളു.

നാകപ്രഭുപ്രതിമനായുലകിങ്കലെല്ലാ
മാകെപ്പരം പുകൾനിറഞ്ഞൊരു മൂലഭൂപൻ
ആകല്പകാലമഴകോടവനീതലത്തി
ന്നാകല്പമായി മരുവീടണമാത്തമോദം 120

പത്രാധിപർ

ചൊല്പേറുന്നൊരു കവികൾ
ക്കെപ്പേർക്കും നാൾക്കുനാളിലതിമാത്രം
ഇബ്ഭാഷാപോഷിണിയിൽ
കെല്പൊടു പരമാദരം ഭവിക്കേണം 121

സാമാജികന്മാർ എല്ലാവരും എഴുന്നേററിട്ട്

ഇതിലധികമായി ഞങ്ങൾക്കു ഒരു അഭീഷ്ടവും സിദ്ധിക്കേണ്ടതില്ല. എന്നാലും ഇത് ഇരിക്കട്ടെ.

ഭരതവാക്യം

ദൂരെക്കൈവിട്ടസൂയാദികമമിതരസംപൂണ്ടു വിദ്വജ്ജനൌഘം
ഭൂരിസ്നേഹേന മേളിച്ചുലകിലവികലം ജ്ഞാനമിങ്ങേകിടട്ടെ
പാരം മാധുര്യമേറുംകവിതകളധികം മേലിൽ വർദ്ധിച്ചിടട്ടെ
ഗൌരീകാൽത്താരതിൽ നിങ്ങടെ ഹൃദയമതും ചേർന്നു മോദി–
ച്ചിടട്ടെ

എന്നു എല്ലാവരും പോയി.

അഞ്ചാം അങ്കം സംപൂർണ്ണം.